# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂൺ 24, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--362]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 2393 മുതൽ 2519 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 2520 മുതൽ 2601 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 2602 മുതൽ 2686 വരെ |
| തുറമുഖം - സഹകരണ വകുപ്പ് മന്ത്രി | : 2687 മുതൽ 2754 വരെ |

**<u>കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭൂമി പാട്ടത്തിന് നൽകുന്നതിന് നടപടി</u>**

2393 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭൂമിയിൽ നിന്നും അറുപത് സെന്റ് സ്ഥലം കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന് മൾട്ടി പ്ലക്സ് തീയേറ്റർ നിർമ്മിക്കുന്നതിന് പാട്ടത്തിന് നൽകാനുള്ള അപേക്ഷ റവന്യൂ വകുപ്പ് മുഖേന ധനകാര്യ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

**<u>നവലിബറൽ സാമ്പത്തിക നയങ്ങൾ</u>**

2394 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക, സാമ്പത്തിക അന്തരങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടാണ് സമ്പദ്ഘടന വളരുക എന്നത് നവലിബറൽ സാമ്പത്തിക നയങ്ങളുടെ പ്രധാന പരിമിതിയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇന്ത്യയിൽ സാമ്പത്തിക അസമത്വം വർദ്ധിക്കുകയാണെന്ന് 2023-ൽ പുറത്തുവന്ന രണ്ട് അന്താരാഷ്ട്ര പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടോ; ക്ഷേമ രാഷ്ട്രനയങ്ങൾ നടപ്പിലാക്കിക്കൊണ്ട് ഈ പരിമിതി മറികടക്കുന്ന മികച്ച മാതൃക കേരളം മുന്നോട്ട് വച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ സംസ്ഥാനത്തിന്റെ നേട്ടം നിലനിർത്തുന്നതിനായി അനുയോജ്യമായ മേഖലകളിൽ മൂലധന നിക്ഷേപം നടത്തുന്നതിനും അതിൽ നിന്ന് ലഭിക്കുന്ന ലാഭം സാമൂഹികക്ഷേമ മേഖലകളിൽ ചെലവഴിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ലോകത്തിന്റെ മുന്നിൽ ഒരു മാതൃകയായി ഉയർത്തിക്കാട്ടാവുന്ന സുസ്ഥിര വികസനത്തിലധിഷ്ഠിതമായ സമൂഹമായി സംസ്ഥാനത്തെ പരിവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ധനകാര്യ പരിശോധന വിഭാഗം നടത്തിയ പരിശോധനകൾ

2395 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ധനകാര്യ പരിശോധന വിഭാഗം വിവിധ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്രമക്കേടുകളിൽ ധനകാര്യ വകുപ്പ് സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

## സാമ്പത്തിക പ്രതിസന്ധിയെ തുടർന്നുള്ള കുടിശിക

2396 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് സർക്കാരിന്റെ ദൈനംദിന ചെലവുകൾ ഉൾപ്പെടെയുള്ള ചെലവുകൾക്കായി അനുവദിക്കേണ്ട തുക കുടിശിക ആയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മരാമത്തു പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് നൽകാനുള്ള തുകയിൽ കുടിശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## റവന്യൂ വരുമാനം ഉയർത്താൻ നടപടി

2397 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വരുമാനം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## കേരളത്തിന്റെ നികുതി-നികുതി ഇതര വരുമാനങ്ങൾ

2398 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2023 വരെയുള്ള കാലയളവിൽ കേരളത്തിന്റെ നികുതി-നികുതി ഇതര വരുമാനങ്ങൾ വർഷം തിരിച്ച് അറിയിയ്ക്കുമോ?

**<u>അങ്കമാലി കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന് ഭരണാനുമതി</u>**

2399 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കോർട്ട് കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച് ബഹു.ഹൈക്കോടതിയുടെ മാർഗ്ഗ നിർദ്ദേശപ്രകാരം പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ വിശദമായ പ്ലാനും എസ്റ്റിമേറ്റും ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി 2020-ൽ സമർപ്പിച്ച ഫയലിൽ ചില മാറ്റങ്ങൾ വരുത്തുന്നതിന് രണ്ട് പ്രാവശ്യം ധനകാര്യ വകുപ്പ് നൽകിയ നിർദ്ദേശങ്ങൾ പാലിച്ച് വീണ്ടും പ്രസ്തുത ഫയൽ 2442243 നമ്പറായി ധനകാര്യ എക്സ്പെൻഡിച്ചർ (ഡി) വകുപ്പിൽ അംഗീകാരത്തിനായി ലഭ്യമാക്കിയത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) 4059-60-051-69 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 2024-25 വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും നിലവിൽ എത്ര തുക ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ;

(സി) അങ്കമാലിയിൽ വർഷങ്ങളായി വാടക കെട്ടിടത്തിൽ പരിമിതമായ സൗകര്യത്തിൽ പ്രവർത്തിക്കുന്ന കോടതിയുടെ ശോചനീയാവസ്ഥ കണക്കിലെടുത്തും ഭീമമായ തുക വാടക നൽകുന്നതും പരിഗണിച്ച് അങ്കമാലി കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന് ഭരണാനുമതി നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>കിഫ്ബിയിലെ നീക്കിയിരിപ്പ് തുക</u>**

2400 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിക്ക് ഏതെല്ലാം ബാങ്കുകളിലും ധനകാര്യ സ്ഥാപനങ്ങളിലുമാണ് അക്കൗണ്ടുകൾ ഉള്ളത്; ഓരോന്നിലും 31.05.2024 തീയതി വരെയുള്ള നീക്കിയിരിപ്പ് തുക എത്രയാണെന്നും ആകെ നീക്കിയിരിപ്പ് എത്രയാണെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം ഏതെല്ലാം ഇനങ്ങളിൽ എത്ര തുക വീതമാണ് കിഫ്ബി കൊടുക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കിഫ്ബി എടുത്ത വിവിധ വായ്പകളുടെ തിരിച്ചടവ് തുടങ്ങേണ്ടതും അടച്ചു തീർക്കേണ്ടതുമായ തീയതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ഡി) പ്രവാസി ചിട്ടി വഴി കിഫ്ബിയ്ക്ക് നാളിതുവരെ ലഭിച്ച നിക്ഷേപമെത്രയെന്നും ചിട്ടി തുക കൈപ്പറ്റിയ എത്ര പേർ എത്ര തുക വീതം നിക്ഷേപിച്ചിട്ടുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ?

**<u>പരവൂർ കോട്ടപ്പുറം ഗവണ്മെന്റ് എൽ.പി.എസ്. ന് പുതിയ കെട്ടിടം</u>**

2401 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലെ പരവൂർ കോട്ടപ്പുറം ഗവണ്മെന്റ് എൽ.പി.എസ്. ന് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ നിർവ്വഹണചുമതലയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കിഫ്ബി നിലവിൽ നൽകിയിട്ടുള്ള ഭരണാനുമതി തുക എത്രയാണെന്നും ആയത് പ്രകാരം ആദ്യകരാറുകാരൻ പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ആദ്യ കരാറുകാരനെ നീക്കം ചെയ്ത് പുതിയ കരാർ നിലവിൽ വന്നിട്ടുണ്ടോ; കരാർ തുക സംബന്ധിച്ച് ധനകാര്യ വിഭാഗത്തിന്റെ നടപടി ക്രമങ്ങൾ പൂർത്തിയാകാൻ വൈകുന്നത് മൂലം പുതിയ കരാറുകാരന് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സ്ഥിതി വിശേഷമുണ്ടോ; വിശദമാക്കാമോ;

(സി) പരവൂർ കോട്ടപ്പുറം ഗവ: എൽ.പി.എസ്.ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള കരാർ തുക സംബന്ധിച്ച് ധനകാര്യ വിഭാഗത്തിന്റെ അനുമതി അടിയന്തരമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കൊല്ലം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2402 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അവയുടെ നിലവിലെ സ്ഥിതി സഹിതം വിശദമാക്കാമോ?

## ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനർനിർമ്മാണം

2403 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന അനുവദിക്കപ്പെട്ടിട്ടുള്ള 63.99 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കുന്ന പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ സ്ഥലം ഏറ്റെടുപ്പും പുനർനിർമ്മാണവും എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായുള്ള സ്ഥലം ഏറ്റെടുപ്പ് നടപടികളും മറ്റും താൽക്കാലികമായി നിർത്തിവയ്ക്കുന്നതിനുള്ള കിഫ്ബി സി.ഇ.ഒ.-യുടെ 12.10.2023 തീയതിലെ എ.പി.ആർ.-1/5676/2022/കെ.ഐ.ഐ.എഫ്.ബി. നമ്പർ കത്തിലെ നിർദ്ദേശം പുനഃപരിശോധിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## അരൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികൾ

2404 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) കിഫ്ബി വഴി അനുവദിച്ച ഏതെങ്കിലും പ്രവർത്തികൾ റദ്ദ് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

## കിഫ്ബി പദ്ധതികളുടെ സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച്

2405 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ വിവിധ പദ്ധതികളുടെ ഭാഗമായ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ആവശ്യമായ സർവ്വേയർമാർ ഇല്ലാത്ത അവസ്ഥയിൽ, കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നീണ്ടുപോകുന്നത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് കിഫ്ബിയുടെ ജില്ലാ ഓഫീസിൽ നിന്നും സർവ്വേയർമാരെ നിയോഗിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ 19(1) നോട്ടിഫിക്കേഷൻ എന്നാണ് പുറപ്പെടുവിക്കുവാൻ സാധിക്കുക എന്ന് അറിയിക്കാമോ?

## കിഫ്ബി മസാല ബോണ്ട്

2406 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കിഫ്ബി ഉദ്യോഗസ്ഥരെ ചോദ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്ക് എത്ര തവണ സമൻസ് അയച്ചിട്ടുണ്ട്; ഇതിന്റെ ഭാഗമായി ഏതെങ്കിലും കേസ് എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കിഫ്ബിക്കെതിരെ കേന്ദ്ര അന്വേഷണ ഏജൻസി നടത്തുന്ന നീക്കത്തിനെതിരെ എന്ത് നടപടിയാണ് കിഫ്ബിയും സംസ്ഥാന സർക്കാരും സ്വീകരിച്ചിട്ടുള്ളത് ;

(സി) കിഫ്ബിയുടെ മസാല ബോണ്ട് സംബന്ധിച്ച് പരിശോധന നടത്താൻ നിയമപരമായി അധികാരമുള്ളത് ഏത് ഏജൻസിക്കാണ്; ഇക്കാര്യത്തിൽ റിസർവ്വ് ബാങ്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കാഞ്ഞിരപ്പള്ളി-മണിമല-കുളത്തൂർമൂഴി കർഷക സൗഹൃദ ലിങ്ക് റോഡ്

2407 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന പൂർത്തിയാക്കുന്നതിന് ഭരണാനുമതി ലഭിച്ച കാഞ്ഞിരപ്പള്ളി-മണിമല-കുളത്തൂർമൂഴി കർഷക സൗഹൃദ ലിങ്ക് റോഡ് പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ ധനാനുമതി നൽകുന്ന നടപടി പൂർത്തിയായോ; ഇല്ലെങ്കിൽ എന്നത്തേക്ക് അനുമതി നൽകാനാകുമെന്ന് അറിയിക്കാമോ;

(സി) ധനാനുമതി നൽകി പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിനായുള്ള നടപടികൾ ത്വരിതപ്പെടുത്താമോ?

## നീലേശ്വരം-എടത്തോട് റോഡ് നിർമ്മാണ പ്രവൃത്തി

2408 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച നീലേശ്വരം-എടത്തോട് റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനെ ടെർമിനേറ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തിയിലെ നിർവ്വഹണ പോരായ്മയിൽ കരാറുകാരനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ഡി) പ്രവൃത്തി പുനരാരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

2409 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

## ഭാരതപ്പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന കമ്പ ചളിക്കടവ് പാലം നിർമ്മാണം

2410 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭ്യമായതും ഭാരതപ്പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്നതുമായ കമ്പ ചളിക്കടവ് പാലം നിർമ്മാണം പ്രവൃത്തിയുടെ നിലവിലെ സ്ഥതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്തുള്ള റെയിൽവേ ക്രോസ്സിനപ്പുറം താമസിക്കുന്ന വലിയ വിഭാഗം ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ റെയിൽവേ ഓവർ ബ്രിഡ്ജ് കൂടി പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉടുമ്പൻചോല മണ്ഡലത്തിൽ കിഫ്ബി ഫണ്ട് മുഖേന അനുവദിച്ച വികസന പ്രവർത്തനങ്ങൾ

2411 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തി അനുവദിച്ച വികസന പ്രവൃത്തികൾ ഏതെല്ലാമെന്നും നിലവിൽ പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിയും സംബന്ധിച്ച വിശദാംശം നൽകാമോ?

## മണ്ണാർക്കാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2412 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികളും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) കിഫ്ബി അംഗീകാരം നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പല പദ്ധതികളുടെയും പ്രവർത്തനം പൂർത്തികരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്കും എസ്.പി.വി.കൾക്കും നിർദേശം നൽകുമോ?

## തവനൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2413 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; ഇനിയും ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികളുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2414 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചതും പൂർത്തിയാകാത്തതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിവരം അറിയിക്കുമോ;

(സി) ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം അറിയിക്കുമോ?

## മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവൃത്തി

2415 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ടുള്ള മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്.പി.വി.യിൽ നിന്നും പുതുക്കിയ പ്രോജക്റ്റ് റിപ്പോർട്ട് ലഭിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ പുതുക്കിയ പ്രോജക്റ്റ് റിപ്പോർട്ട് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

## കിഫ്ബി

2416 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി രൂപീകരിച്ചതുമുതൽ നാളിതുവരെ ആകെ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) മസാല ബോണ്ട് മുഖേന ഉയർന്ന നിരക്കിൽ ധനസമാഹരണം നടത്തിയതിലൂടെ സംസ്ഥാനത്തിന് എന്തെങ്കിലും സാമ്പത്തിക ലാഭം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മസാല ബോണ്ട് വഴി ശേഖരിച്ച പണം എന്തിനുവേണ്ടിയാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) കിഫ്ബിയുടെ പ്രവാസി ചിട്ടി ലാഭകരമാണോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഏതൊക്കെ തരത്തിലുള്ള ഫൈനാൻസിങ് രീതികളാണ് കിഫ്ബി അവലംബിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) കേരളത്തിൽ കിഫ്ബി കൂടാതെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ/ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## വർക്കല മണ്ഡലത്തിലെ റെയിൽവേ മേൽപ്പാല നിർമ്മാണം

2417 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് വർക്കല മണ്ഡലത്തിൽ എത്ര റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കിഫ്ബി പദ്ധതികളുടെ സ്ഥിതി വിവരം

2418 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കിഫ്ബി മുഖേന പൂർത്തിയാക്കാൻ ബഡ്ജറ്റിൽ പ്രഖ്യാപനമുണ്ടായത് എത്ര പ്രവൃത്തികൾക്കാണെന്ന് അറിയിക്കാമോ; അതിൽ ഭരണാനുമതി, ധനാനുമതി എന്നിവ അനുവദിച്ചതിന്റെ തുക സഹിതം വിശദമായ പട്ടിക ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഗണത്തിൽ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; എവിടെയൊക്കെയുള്ള പദ്ധതികൾക്ക്

ഭരണാനുമതിയും ധനാനുമതിയും അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമുള്ള സ്ഥലം ഏറ്റെടുക്കേണ്ടിവന്നത് എവിടെയൊക്കെയെന്നും അതിനായി ചെലവായ തുകയെത്രയെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി സമ്പൂർണ്ണമായി നടപ്പാക്കാൻ നടപടികൾ ത്വരിതപ്പെടുത്താമോ?

## മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.സ്കൂൾ കെട്ടിട നിർമ്മാണം

2419 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വകയിരുത്തി നടപ്പിലാക്കുന്ന പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ സാമ്പത്തികാനുമതി ആണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തികാനുമതി ഇതിനകം നൽകിയിട്ടില്ലായെങ്കിൽ ആയത് എപ്പോൾ നൽകാൻ സാധിക്കും എന്ന് അറിയിക്കുമോ?

## കിഫ്ബി വഴി അനുവദിച്ച പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി

2420 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച കിഫ്ബി പദ്ധതികൾ

2421 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്ന പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) വൈപ്പിൻ കരയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖേന അനുവദിച്ച തുക സമയബന്ധിതമായി വിനിയോഗിക്കുന്നതിൽ കാലതാമസം നേരിടുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി നിർവ്വഹണ ഏജൻസികളുടെ അവലോകന യോഗം വിളിച്ച് ചേർക്കാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത യോഗം എന്നത്തേക്ക് വിളിച്ച് ചേർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

## നെന്മാറ മണ്ഡലത്തിലെ കൊടുവായൂർ ബൈപ്പാസിന്റെ നിർമ്മാണം

2422 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊടുവായൂർ ബൈപ്പാസിന്റെ പ്രവർത്തനം നാളിതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശം നൽകുമോ;

(സി) കൊടുവായൂർ ബൈപ്പാസിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ?

## <u>മണ്ഡലത്തിലെ കരിങ്ങാട് - കൈവേലി റോഡ് നിർമ്മാണം</u>

2423 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബി പ്രഖ്യാപിച്ച മൂന്നാം കരിങ്ങാട് - കൈവേലി റോഡ് പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ വൈകുന്നതിന്റെ സാങ്കേതിക തടസ്സം വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന് ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

## <u>കോങ്ങാട് -മണ്ണാർക്കാട്- ടിപ്പുസുൽത്താൻ റോഡ് നവീകരണ പ്രവൃത്തി</u>

2424 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് അനുവദിച്ച് കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന കോങ്ങാട് മണ്ഡലത്തിലെ കോങ്ങാട് -മണ്ണാർക്കാട്- ടിപ്പുസുൽത്താൻ റോഡ് നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## <u>കഞ്ചിക്കോട് ജി.വി.എച്ച്.എസ്. സ്കൂൾ കെട്ടിട നിർമ്മാണം</u>

2425 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്.എസ്.സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ സാമ്പത്തികാനുമതി ആണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സാമ്പത്തികാനുമതി ഇതിനകം നൽകിയിട്ടില്ലായെങ്കിൽ ആയത് എപ്പോൾ നൽകാൻ സാധിക്കും എന്ന് അറിയിക്കാമോ?

## നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതി

2426 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ഊട്ടറപാലത്തിന്റെയും റെയിൽവേ മേൽപാലത്തിന്റെയും പ്രവൃത്തി നാളിതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി തുടങ്ങാനുള്ള കാലതാമസം വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ച് എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

## വടക്കാഞ്ചേരി ഗവണ്മെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം

2427 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് കിറ്റ്കോയെ നിർവ്വഹണ ഏജൻസിയാക്കി നടപ്പിലാക്കുന്ന വടക്കാഞ്ചേരി മണ്ഡലത്തിലെ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ?

## ആസ്തി വികസന പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തുക

2428 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ 2017-18 മുതൽ നാളിതുവരെ ആസ്തി വികസന പദ്ധതി പ്രകാരം നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തുക കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കോതമംഗലം താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണം

2429 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കോതമംഗലം താലൂക്ക് ആശുപത്രിയിലെ ക്യാഷ്വാലിറ്റി ആൻഡ് ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണപൂർത്തീകരണത്തിനുള്ള പ്രത്യേക അനുമതിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് പ്രസ്തുത യൂണിറ്റിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകുമോ; വിശദമാക്കുമോ?

**ചെമ്പൂച്ചിറ ജി.എച്ച്.എസ്.എസ്. കെട്ടിടനിർമ്മാണം**

2430 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-2019 സാമ്പത്തിക വർഷത്തെ മണ്ഡലം ആസ്തിവികസന ഫണ്ടിലുൾപ്പെടുത്തി അനുമതി ലഭിച്ച ചെമ്പൂച്ചിറ ജി.എച്ച്.എസ്.എസ്. കെട്ടിടനിർമ്മാണത്തിനായി പുതുക്കിയ അനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അടിയന്തരനടപടി സ്വീകരിക്കുമോ?

**ആസ്തി വികസന പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് തുക**

2431 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2018-19, 2019-20, 2020-21, 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എം. എൽ. എ. ആസ്തി വികസന പദ്ധതി പ്രകാരം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

**അരൂർ മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ**

2432 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിൽ എത്ര രൂപ ടെണ്ടർ സേവിംഗ്സ് ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ടെണ്ടർ സേവിംഗ്സിൽ എത്ര രൂപ നടപ്പു സാമ്പത്തിക വർഷം വിനിയോഗിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**സർക്കാർ സ്കൂളുകളിൽ ബസുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി**

2433 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര ബസുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന വിവരം നിയോജകമണ്ഡലം തിരിച്ചുള്ള പട്ടിക സഹിതം നൽകാമോ;

(ബി) ഇതിൽ എത്ര ബസുകൾ അനുവദിച്ചിട്ടുണ്ടെന്നും ബസുകൾ വാങ്ങുന്നതിന് ചെലവായ തുക എത്രയെന്നുമുള്ള വിവരം പട്ടികയായി നൽകാമോ;

(സി) ആകെ ചെലവായ തുകയിൽ നാളിതുവരെ എത്ര തുക അനുവദിച്ചുവെന്നും ഇനി എത്ര തുക അനുവദിക്കാനുണ്ടെന്നും, ഏതൊക്കെ കമ്പനികൾക്ക് എത്ര രൂപ വീതമാണ് കുടിശ്ശിക നൽകാനുള്ളതെന്നുമുള്ള വിശദാംശം നൽകാമോ;

(ഡി) ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ വഴി ഭരണാനുമതി ലഭിച്ചിട്ടും കുടിശ്ശിക ഉള്ളതിനാൽ ബസുകൾ യഥാസമയം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക ഉടനെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**കോട്ടക്കൽ മണ്ഡലത്തിലെ കോതാരക്കുളത്ത് ഓപ്പൺ ജിംനേഷ്യം**

2434 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ പൊന്മള ഗ്രാമപഞ്ചായത്തിലെ കോതാരക്കുളത്ത് 2023 -24ലെ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഓപ്പൺ ജിംനേഷ്യം (പ്രോജക്ട് ഐ.ഡി. 19382) എന്ന പ്രവൃത്തിക്ക് പ്രത്യേകാനുമതി ആവശ്യപ്പെട്ട് നൽകിയ പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് പ്രത്യേകാനുമതി ലഭ്യമാക്കി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി**

2435 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന നിധി ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളും മറ്റ് പ്രവർത്തനങ്ങളും ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങൾ എല്ലാ മാസവും പരിശോധന നടത്തി പ്രതിമാസ റിപ്പോർട്ട് ധനകാര്യ (നോഡൽ-ബി) വകുപ്പിൽ സമർപ്പിക്കണമെന്ന നിർദ്ദേശം കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ധനകാര്യ (നോഡൽ-ബി) വകുപ്പിൽ നിന്നും പ്രസ്തുത റിപ്പോർട്ടുകൾ ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങളോട് ആവശ്യപ്പെടാറുണ്ടോ; ഇല്ലെങ്കിൽ വിശദമാക്കാമോ;

(സി) ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സെക്ഷൻ ഓഫീസർക്ക് പകരം അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ജില്ലാ ധനകാര്യ പരിശോധനാ ഉദ്യോഗസ്ഥനായി നിയമിക്കുന്ന വിഷയം പരിഗണിക്കുമോ?

**ആസ്തി വികസന പദ്ധതി പ്രകാരം ശിപാർശ ചെയ്ത ആലത്തൂർ മണ്ഡലത്തിലെ പ്രവൃത്തികൾ**

2436 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഏതെല്ലാം

പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകിയെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ഇനി ഭരണാനുമതി നൽകാനുണ്ടെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(സി) ഭരണാനുമതി നൽകിയ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾക്ക് ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ്

2437 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക ഉപയോഗപ്പെടുത്തുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) ഉടുമ്പൻചോല മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ടെണ്ടർ ചെയ്ത ഇനത്തിൽ എത്ര തുക സേവിംഗ്സ് ലഭിച്ചിട്ടുണ്ടെന്ന് സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കാമോ;

(സി) നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം എം.എൽ.എ.മാർക്ക് ടെണ്ടർ സേവിംഗ്സ് പ്രയോജനപ്പെടുത്താൻ കഴിയാറില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുന്നത് പരിശോധിക്കുമോ?

## എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് ഗ്രന്ഥശാലകൾക്ക് കെട്ടിട നിർമ്മാണം

2438 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലൈബ്രറി കൗൺസിലിൽ രജിസ്റ്റർ ചെയ്ത് അംഗീകാരം നേടിയ ഗ്രന്ഥശാലകൾക്ക് എം.എൽ.എ യുടെ സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ടും, എം.എൽ.എ യുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടും വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലുള്ള ഉത്തരവുകൾ ഏതൊക്കെയെന്നും അവയുടെ പകർപ്പുകളും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫണ്ടുകൾ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ രജിസ്ട്രേഷൻ ഉള്ള ഗ്രന്ഥശാലകളുടെ ഭൂമി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടുത്തണമെന്ന് ധനകാര്യ വകുപ്പിന്റെ ഉത്തരവിൽ ഉണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതി

2439 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിലെ ടെണ്ടർ സേവിംഗ്സ് തുക വിനിയോഗിച്ച് മണലൂർ മണ്ഡലത്തിലെ പാവറട്ടി പഞ്ചായത്തിലെ 3-ാം വാർഡിൽ ഉൾപ്പെട്ട കാശ്മീർ റോഡ് മുതൽ

പാലുവായ് റോഡ് വരെയുള്ള റോഡിന് സമാന്തരമായുള്ള കല്ലംതോട് റോഡ് നവീകരിക്കുന്നതിന് ഭരണാനുമതിയ്ക്കായി എം.എൽ.എ. നൽകിയിട്ടുള്ള ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

## ആസ്തി വികസന ഫണ്ട് മാനദണ്ഡങ്ങളിൽ പരിഷ്കരണം

2440 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) സർക്കാർ നിയന്ത്രിത സ്വയംഭരണ സ്ഥാപനങ്ങൾക്കു കൂടി ആസ്തി വികസന ഫണ്ട് ചെലവഴിച്ച് അക്കാദമിക് ബ്ലോക്കുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതു സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് വകുപ്പ് മന്ത്രി നല്കിയ നിർദ്ദേശത്തിന്മേൽ ഒരു വർഷത്തിലധികമായിട്ടും തീരുമാനമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തര ഇടപെടൽ നടത്തി പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## എം.എൽ.എ. പ്രത്യേക വികസന നിധി (എസ്.ഡി. എഫ്. )

2441 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി ( എസ്.ഡി. എഫ്. ) യിൽ 2016 ജൂൺ 1 മുതൽ നാളിതുവരെ എത്ര തുകയാണ് മലപ്പുറം ജില്ലാ കളക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് നിലമ്പൂർ മണ്ഡലത്തിന്റെ പേരിൽ ഗഡുക്കളായി അനുവദിച്ചിട്ടുള്ളതെന്ന വിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ നിർവ്വഹണം പൂർത്തീകരിച്ച വകയിൽ എം.എൽ.എ. (എസ്.ഡി. എഫ്. ) പ്രത്യേക വികസന നിധിയിൽ നിന്നും എത്ര തുകയാണ് 2016 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെ ബില്ലുകൾ മാറുന്നതിനായി പിൻവലിച്ചിട്ടുള്ളതെന്നും ഏത്ര തുക ഓരോ വർഷവും ഇനിയും ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ ശേഷിക്കുന്നുണ്ടെന്നുമുള്ള വിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) 2016 ജൂൺ 1 മുതൽ നാളിതുവരെ നിലമ്പൂർ മണ്ഡലത്തിൽ എം.എൽ.എ. (എസ്.ഡി. എഫ്. ) പ്രത്യേക വികസന നിധിയിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ഏതെല്ലാം

പ്രവൃത്തികളാണ് ഇനിയും നിർവ്വഹിക്കാനുള്ളതെന്നും; എത്ര പ്രവൃത്തികൾ നിർവ്വഹണം പൂർത്തിയാക്കിയ ശേഷം ബില്ലുകൾ മാറുന്നതിനായി ശേഷിക്കുന്നുണ്ടെന്നുമുള്ള വിവരം സാമ്പത്തിക വർഷം തിരിച്ച് അറിയിക്കാമോ;

(ഡി) 2016 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെ വരെയുള്ള കാലയളവിൽ നിലമ്പൂർ മണ്ഡലത്തിലേക്ക് എം.എൽ.എ. (എസ്.ഡി. എഫ്. ) പ്രത്യേക വികസന നിധിയിൽ ഓരോ വർഷവും അനുവദിക്കാറുള്ള പരിധിയായ 1 കോടി രൂപയുടെ പ്രവൃത്തികൾ വീതം നിർവ്വഹിച്ചിട്ടുണ്ടോയെന്ന് വർഷം തിരിച്ച് അറിയിക്കാമോ; ഇക്കാലയളവുകളിൽ നിർവ്വഹിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

## വർക്കല മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ ടെൻഡർ സേവിംഗ്സ് തുക

2442 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ ടെൻഡർ സേവിംഗ്സ് ഇനത്തിൽ എത്ര തുക ബാക്കിയുണ്ടെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ?

## ആസ്തി വികസന പദ്ധതി മുഖേനയുള്ള നിർമ്മാണ പ്രവൃത്തികളിലെ ഡെപ്പോസിറ്റ് തുക

2443 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതിയിലെ കെട്ടിടം, റോഡ് നിർമ്മാണ പ്രവൃത്തികൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുമ്പോൾ എസ്റ്റിമേറ്റ് തുക ഡെപ്പോസിറ്റ് ആയി ലഭിച്ചാൽ മാത്രമേ ടെൻഡർ നടപടികളിലേക്ക് കടക്കാറുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആസ്തി വികസന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളിൽ ഇങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് ഡെപ്പോസിറ്റ് ആയി എസ്റ്റിമേറ്റ് തുക ലഭിക്കുവാൻ എടുക്കുന്ന കാലതാമസം മൂലം പ്രവൃത്തികൾ നീണ്ടു പോവുകയും പല അവസരങ്ങളിലും എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതും കൂടുതൽ തുക അനുവദിക്കേണ്ടതുമായ സാഹചര്യങ്ങൾ ഉണ്ടാവുകയും ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എം.എൽ.എ ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾക്ക് തദ്ദേശ സ്വയം ഭരണം ഒഴികെയുള്ള വകുപ്പുകൾ നിർവ്വഹണ ഏജൻസിയായി വരുമ്പോൾ തുക ഡെപ്പോസിറ്റ് ചെയ്യണമെന്ന വ്യവസ്ഥ ഒഴിവാക്കാനും ഭരണാനുമതി നൽകിയ പ്രവൃത്തികൾ കാലതാമസം കൂടാതെ ടെൻഡർ ചെയ്ത് നടപ്പാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

## കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

2444 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക വികസന ഫണ്ട് (എസ്. ഡി. എഫ്.), ആസ്തിവികസനഫണ്ട് (എ.ഡി.എസ്. ) എന്നീ പദ്ധതികൾ പ്രകാരം വർക്കുകൾ നിർവ്വഹിച്ച കരാറുകാർക്ക്

നൽകാനുള്ള കുടിശ്ശിക തുകയുടെ ജില്ല, വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഹരിപ്പാട് മണ്ഡലത്തിലെ വർക്കുകളുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ കുടിശ്ശികയാണ് കരാറുകാർക്ക് ലഭിക്കാനുള്ളത്.;

(ബി) ഏത് കാലയളവ് വരെയുള്ള ബില്ലുകളാണ് നിലവിൽ പാസ്സാക്കി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) പ്രാദേശിക വികസന ഫണ്ട് (എസ്. ഡി. എഫ്.), ആസ്തിവികസനഫണ്ട് (എ.ഡി.എസ്. )പദ്ധതി പ്രകാരമുള്ള വർക്കുകളുടെ തുക ലഭിക്കുന്നതിൽ വലിയ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത വർക്കുകൾ ഏറ്റെടുക്കുന്നതിൽ നിന്ന് കരാറുകാർ പിന്മാറുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഹരിപ്പാട് മണ്ഡലത്തിലെ ഏതെല്ലാം വർക്കുകളാണ് ഇപ്രകാരം ടെണ്ടറും, ക്വട്ടേഷനും ക്ഷണിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്തതെന്നും ഈ പ്രതിസന്ധി മറികടക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

## സ്കൂൾ ബസുകൾ വാങ്ങുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ

2445 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതി വിനിയോഗിച്ച് ജെം -ൽ സ്കൂൾ ബസുകൾ വാങ്ങുമ്പോൾ നിർവ്വഹണോദ്യോഗസ്ഥർ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ;

(ബി) സ്കൂൾ ബസ്സുകളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് സമയബന്ധിതമായി അവ സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിനായി വാഹനം വാങ്ങലും രജിസ്ട്രേഷനും ഒറ്റ നടപടിയായി പൂർത്തീകരിക്കാൻ കഴിയുന്ന നിലയിൽ ക്രമീകരണം വരുത്തുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ ?

## ഗാന്ധി സേവാകേന്ദ്രം

2446 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രത്യേക വികസന നിധി പ്രകാരം തുക അനുവദിച്ച ഗാന്ധി സേവാകേന്ദ്രം പദ്ധതി സംബന്ധിച്ച ഫയൽ നമ്പർ.2400187 ന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഫയൽ ഏത് വകുപ്പിന്റെ പരിഗണനയിലാണ് ഉള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഫയലിന്മേൽ ധനകാര്യ വകുപ്പിൽ നിന്നും വനിതാ ശിശു വികസന വകുപ്പിലേക്ക് എത്ര ഓർമ്മക്കുറിപ്പുകൾ നൽകിയിട്ടുണ്ട്; അവസാനമായി ഓർമ്മക്കുറിപ്പ് അയച്ച തീയതി അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും; അതിന് നിലവിലെ തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

## എം.എൽ.എ. ആസ്തിവികസന പദ്ധതി

2447 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2016 മുതൽ 2021 മാർച്ച് വരെ പീരുമേട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണ്; ആയതിന് ചെലവായ തുകയുടെ പൂർണ്ണ വിവരം ലഭ്യമാക്കാമോ;

(ബി) എം.എൽ.എ. ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി പീരുമേട് മണ്ഡലത്തിൽ 2021 മേയ് മാസം മുതൽ 2024 മാർച്ച് വരെ പൂർത്തിയാക്കിയ പ്രവൃത്തികളുടെ പൂർണ്ണവിവരം ലഭ്യമാക്കാമോ;

(സി) എം.എൽ.എ. ശിപാർശ ചെയ്യുന്ന പ്രവൃത്തികളുടെ ഭരണാനുമതി ലഭിക്കുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ പൂർത്തിയാക്കിയ കരാറുകാരുടെ ബില്ലുകൾ ഏതുമാസം വരെയാണ് മാറി നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യുവാൻ നിലവിൽ സംവിധാനം ഉണ്ടോയെന്ന് വിശദമാക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിൽ എം.എൽ.എ ഫണ്ട്, ആസ്തി വികസന ഫണ്ട്എന്നിവയിൽ നിന്നുള്ള പ്രൊപ്പോസൽ

2448 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ നിന്നും എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവയിൽ നിന്നും പ്രത്യേക അനുമതിക്കായി എത്ര പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടന്ന് വ്യക്തമാക്കാമോ; പ്രൊപ്പോസലുകൾ ഏതൊക്കെയാണെന്നും അവയിൽ ഏതിനൊക്കെ പ്രത്യേക അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും വാഹനം വാങ്ങി വിതരണം ചെയ്യുന്നതിന് നടപടി

2449 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കൽ, തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തുകളിലെ ബഡ്സ് സ്പെഷ്യൽ സ്കൂളുകൾക്ക് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും വാഹനം വാങ്ങി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ഹെഡ് ഓഫ് അക്കൗണ്ടുകൾ ക്രോസ്സ് മാപ്പിംഗ് ചെയ്യുന്നതിന് ധനകാര്യ ബഡ്ജറ്റ് വിംഗ്-സി വകുപ്പ് പുറപ്പെടുവിച്ച 19.03.2024-ലെ ജി.ഒ.(ആർ.ടി.) 2643/24/ഫിൻ. ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉത്തരവ് ലഭിച്ചിട്ടും ബന്ധപ്പെട്ട ഭരണ വകുപ്പിന് തുക കൈമാറുവാൻ സാധിക്കാത്തതിന്റെ കാരണം പരിശോധിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേക്കായി സർക്കാർ നൽകിയ ഉത്തരവിൽ പരാമർശിക്കുന്ന പ്രകാരം പള്ളിക്കൽ, തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് വാഹനം വാങ്ങിയ ഇനത്തിലുള്ള തുക കമ്പനികൾക്ക് നൽകുവാൻ എങ്ങനെ സാധിക്കുമെന്ന് വിശദമാക്കാമോ; അതോടോപ്പം പ്രസ്തുത ഉത്തരവ് നടപ്പാക്കുന്ന രീതി സംബന്ധിച്ച നടപടി ക്രമം ഭരണവകുപ്പിനെ അറിയിക്കാമോ?

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കുടിശ്ശിക

2450 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് നൽകേണ്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കുടിശ്ശിക ഏതെല്ലാം ഇനത്തിൽ എത്രയാണ് ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര സഹായം ഇനി എത്ര തുകയാണ് ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

## കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ

2451 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അർഹമായ എന്തെല്ലാം സഹായങ്ങൾ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചിട്ടുണ്ട്; എന്തെല്ലാം സഹായങ്ങൾ തടഞ്ഞു വച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള അധിക സഹായം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം വിശദമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്തിന് അർഹമായ കേന്ദ്ര സഹായം എന്തെല്ലാമാണ്; ഓരോന്നും ഏതെല്ലാം വ്യവസ്ഥകളിന്മേലാണ് സംസ്ഥാനത്തിന് ലഭ്യമാവുക; അധിക സഹായമായി എന്തെല്ലാമാണ് സംസ്ഥാനം ആവശ്യപ്പെടുന്നത്; വ്യക്തമാക്കുമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ ഗ്രാന്റ്

2452 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച പ്രകടനം കാഴ്ചവെച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ ഗ്രാന്റ് അനുവദിക്കുമ്പോൾ സംസ്ഥാനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഗ്രാന്റ് പൂർണ്ണമായും നേടിയെടുക്കുന്നതിൽ ഈ സർക്കാരിന്റെ കാലയളവിൽ ധനകാര്യ വകുപ്പിന് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട ഗ്രാന്റുകളും സഹായങ്ങളും നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

## കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉണ്ടായ മാറ്റങ്ങൾ

2453 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉണ്ടായ മാറ്റങ്ങൾ സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത വരുത്തിയിട്ടുണ്ടോ; കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള സഹായത്തിൽ കുറവ് വന്ന സാഹചര്യത്തിൽ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ബദൽ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## മുക്കം സാമൂഹികാരോഗ്യകേന്ദ്ര കെട്ടിടനിർമ്മാണം

2454 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ക്ഷാമബത്ത കുടിശിക

2455 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും എത്ര ഗഡു ക്ഷാമബത്ത കുടിശിക നിലവിലുണ്ട്; കുടിശിക കൊടുത്ത് തീർക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) 2024 ഏപ്രിൽ മാസം മുതൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിച്ച 2% ക്ഷാമബത്തയിൽ കുടിശിക അനുവദിക്കാതിരുന്നത് എന്ത് കൊണ്ടാണ്; പ്രസ്തുത കുടിശിക നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ജുഡീഷ്യൽ ഉദ്യോഗസ്ഥർ എന്നിവർക്ക് കുടിശിക ഇല്ലാതെ ക്ഷാമബത്ത നൽകുന്നത് ജീവനക്കാരെ രണ്ടായി തരം തിരിക്കുവാൻ ലക്ഷ്യമിട്ടാണോ?

## സർക്കാർ ജീവനക്കാർക്ക് പുതിയ ആന്വിറ്റി സ്കീം

2456 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് പുതിയതായി നടപ്പിലാക്കുന്ന ആന്വിറ്റി സ്കീമിലെ ആക്ച്വറി ആരാണെന്ന വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കീം സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത സ്കീം നടപ്പിലാക്കാൻ രൂപീകരിച്ച വിദഗ്ധ സമിതിയിൽ ആരെയൊക്കെയാണ് നിയമിച്ചിരിക്കുന്നത് വിശദമാക്കാമോ?

**<u>ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് നിശ്ചിത തുക ഈടാക്കി ജീവാനന്ദം പദ്ധതി</u>**

2457 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ഗുരുതരാവസ്ഥയിലായ സാഹചര്യത്തിൽ സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും നിശ്ചിത തുക പിടിച്ചെടുക്കുന്ന സംവിധാനമാണ് ജീവാനന്ദം പദ്ധതി എന്ന ആക്ഷേപം ശരിയാണോ; ജീവാനന്ദം പദ്ധതി നടപ്പിലായാൽ എല്ലാ മാസവും എത്ര തുക ഖജനാവിൽ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയുടെ തിരിച്ചടവ് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(ബി) എട്ടു വർഷത്തെ ഡി.എ. കുടിശ്ശിക ഉൾപ്പെടെ നൽകാതെ പതിനഞ്ച് മാസത്തെ ശമ്പളത്തിനു തുല്യമായ തുക നിലവിൽ പിടിച്ചെടുത്തു എന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ;

(സി) പങ്കാളിത്ത പെൻഷൻ വിഹിതമായും മെഡിസെപ് ഇനത്തിലും നിലവിൽ മാസശമ്പളത്തിൽ നിന്ന് എത്ര തുക ഈടാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ജീവനക്കാരിൽ നല്ല പങ്കും പലവിധ സാമ്പത്തിക ബാധ്യതകളാൽ മാസാവസാനം മിച്ചമൊന്നുമില്ലാത്തവരാണെന്നിരിക്കെ നിശ്ചിത തുക നിർബന്ധമായും ഈടാക്കാൻ തീരുമാനിച്ചാൽ കൂടുതൽ ജീവനക്കാരും പ്രതിസന്ധിയിലാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതിയിൽ ചേരുന്നതിനുള്ള തുക സർക്കാർ നിശ്ചയിക്കുമോയെന്നും ജീവനക്കാരുടെ താൽപ്പര്യത്തിനും സാമ്പത്തികാവസ്ഥയ്ക്കും അനുസരിച്ച് നൽകിയാൽ മതിയോ എന്നും വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പാക്കാനുള്ള ഉത്തരവിനു മുൻപായി സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യുന്നതിനു തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

**<u>സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും തടഞ്ഞുവെക്കപ്പെട്ട ആനുകൂല്യങ്ങൾ</u>**

2458 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2024 മേയ് മാസം വരെ, സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കാലാകാലങ്ങളായി ലഭിച്ചുവന്ന അർഹമായ എന്തെല്ലാം ആനുകൂല്യങ്ങൾ തടഞ്ഞു വയ്ക്കപ്പെട്ടു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക, ക്ഷാമബത്ത കുടിശ്ശിക, സമീപ കാലത്ത് അനുവദിച്ച 2% ഡി.എയുടെ കുടിശ്ശിക, പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡു എന്നിങ്ങനെ എത്ര തുക അനുവദിക്കേണ്ടതുണ്ട്; ഈ തുക എന്നത്തേക്ക് അനുവദിച്ചു നൽകുവാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(സി) കൊറോണ രോഗ വ്യപനത്തിന്റെ ഭാഗമായി വന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പേരിൽ അർഹമായ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചുകൊണ്ട് സംസ്ഥാന സർക്കാർ ജീവനക്കാരെ അവഗണിക്കുന്നു എന്ന ആക്ഷേപം ശരിയാണോ; എങ്കിൽ പ്രസ്തുത അവഗണന അവസാനിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) സംസ്ഥാന സർക്കാരിന്റെ ധനമാനേജ്മെന്റിന്റെ പിടിപ്പുകേട് സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും, ക്ഷേമ പെൻഷൻകാരുടെയും ചുമലിൽ കെട്ടി വയ്ക്കുന്നു എന്ന ആക്ഷേപം ശരിയാണോയെന്നു വ്യക്തമാക്കാമോ?

## മെഡിസെപ്പ് ഇൻഷ്വറൻസ് കമ്പനിയുമായുള്ള കരാർ

2459 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരും മെഡിസെപ്പ് ഇൻഷ്വറൻസ് കമ്പനിയുമായുള്ള കരാർ എന്നവസാനിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി പരിഷ്കരിച്ച് പുതിയ കരാർ നടപടികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ?

## ധനകാര്യ പരിശോധന റിപ്പോർട്ടുകൾ

2460 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടുകളിന്മേൽ പലപ്പോഴും ബന്ധപ്പെട്ട ഭരണ വകുപ്പുകൾ സമയബന്ധിതമായി തുടർ നടപടികൾ എടുക്കിന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പരിശോധന റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളിന്മേൽ നടപടി എടുക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധനവകുപ്പ് പുറത്തിറക്കിയ സർക്കുലർ പ്രകാരം ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## തദ്ദേശസ്വയംഭരണ വകുപ്പ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ

2461 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുസർവീസ് രൂപീകരണത്തെ തുടർന്ന് സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അംഗീകരിച്ച് വെരിഫിക്കേഷൻ റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് നൽകിയ കെ.എസ്.എ.780/ പെൻ.3/2024 തീയതി 20/03/2024 ലെ കത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തെ തുടർന്ന് ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ജീവനക്കാരും നഗരപാലികാ സ്ഥാപനങ്ങളിലെ ജീവനക്കാരും തദ്ദേശസ്വയംഭരണ പൊതു സർവ്വീസിന്റെ ഭാഗമായിട്ടുണ്ടെങ്കിലും ഇവരുടെ പെൻഷൻ റൂൾസ് ഏകീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഉത്തരവ് എത്രയും വേഗം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിന് മുമ്പ് നഗരസഭ, പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് ജീവനക്കാരുടെ പെൻഷൻ അതോറിറ്റി യഥാക്രമം നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരും മറ്റ് ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ പെൻഷൻ അതോറിറ്റി ഗ്രാമ വികസന കമ്മീഷണറും ആണെന്നിരിക്കെ ആയത് ഒരു വകുപ്പായി ഏകീകരിച്ചപ്പോൾ പെൻഷൻ അതോറിറ്റി ആരാണെന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കേരള മുനിസിപ്പാലിറ്റി ഡി.സി.ആർ .ജി.റൂൾസ് 1996 പ്രകാരം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നാണോ സർക്കാരിന്റെ ജനറൽ റവന്യൂവിൽ നിന്നാണോ അനുവദിക്കേണ്ടത് എന്നത് സംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കാമോ?

## മെഡിസെപ്പ് പദ്ധതി

2462 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ ഏതൊക്കെ ആശുപത്രികളെയാണ് മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) ഹോമിയോ, ആയുർവ്വേദ ആശുപത്രികളെ കൂടി മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ പുന:പരിശോധന

2463 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുവാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിൻമേൽ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതി

2464 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി സംസ്ഥാന സർക്കാരിന് പിൻവലിക്കാം എന്ന പുനഃപരിശോധന സമിതിയുടെ ശിപാർശ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പുനഃപരിശോധന സമിതിയുടെ റിപ്പോർട്ട് പരിശോധിക്കുന്നതിനായി 2023 നവംബറിൽ ധനകാര്യ വകുപ്പ് മന്ത്രി, നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ അംഗങ്ങളായി നിയമിക്കപ്പെട്ട സമിതി നാളിതുവരെ എത്ര ഔദ്യോഗിക യോഗങ്ങൾ ഏതെല്ലാം തീയതികളിൽ ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പുനഃപരിശോധന സമിതിയുടെ റിപ്പോർട്ട് പരിശോധിക്കുന്ന ഫയൽ വകുപ്പ് സെക്രട്ടറി ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുണ്ടോയെന്നും നിലവിൽ ഫയൽ ആരുടെ പക്കലാണ് ഉള്ളതെന്നും അറിയിക്കാമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതി

2465 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയുടെയും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയുടെയും പരിധിയിൽ വരുന്ന ജീവനക്കാരുടെയും അധ്യാപകരുടെയും എണ്ണം യഥാക്രമം എത്ര വീതമാണെന്ന് പ്രത്യേകം വ്യക്തമാക്കാമോ;

(ബി) പങ്കാളിത്ത പെൻഷന്റെ പരിധിയിൽ വരുന്ന ജീവനക്കാർ വിരമിക്കുമ്പോൾ അടിസ്ഥാന ശമ്പളത്തിന്റെ നിശ്ചിത ശതമാനം തുക പെൻഷനായി ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ക്ഷാമബത്ത കുടിശ്ശിക

2466 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിശ്ശിക ഉള്ള ക്ഷാമബത്ത സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും എന്നത്തേക്ക് നൽകാൻ സാധിക്കും എന്ന് അറിയിക്കാമോ;

(ബി) 2024 ഏപ്രിൽ മാസം അനുവദിച്ച രണ്ട് ശതമാനം ക്ഷാമബത്തയുടെ കുടിശ്ശിക നൽകിയിരുന്നോ; ഇല്ലെങ്കിൽ പ്രസ്തുത കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## ധനകാര്യ വകുപ്പിലെ അസിസ്റ്റന്റ് തസ്തിക

2467 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.01.2015 മുതൽ 31.05.2024 വരെ എത്ര അസ്സിസ്റ്റന്റുമാർ ധനകാര്യവകുപ്പിൽ പി.എസ്സ്.സി. മുഖേനയും തസ്തികമാറ്റം മുഖേനയും നിയമിതരായിട്ടുണ്ട്; ആയതിന്റെ കണക്ക് വർഷം അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ബി) 01.01.2015 മുതൽ 31.05.2024 തീയ്യതി വരെ, 28.12.2015 ലെ സ.ഉ.(കൈ) നം.326/2015/പൊ.ഭ.വ. ഉത്തരവ് പ്രകാരം ധനകാര്യ വകുപ്പിൽ നിയമിതരായതിൽ

എത്ര സൂപ്പർന്യൂമറി അസ്സിസ്റ്റന്റുമാരുടെ തസ്തിക ക്രമീകരണം നടത്തിയിട്ടുണ്ട് ആയതിന്റെ കണക്ക് ലഭ്യമാക്കാമോ;

(സി) 01.01.2015 മുതൽ 31.05.2024 വരെ ധനകാര്യ വകുപ്പിൽ ഉണ്ടായിട്ടുള്ള അസിസ്റ്റന്റ് ഒഴിവുകളുടെ 5 % സമാശ്വാസ തൊഴിൽദാന പദ്ധതിക്കായി പരിഗണിച്ചിട്ടുണ്ടോ; ഈ കാലയളവിൽ നീക്കിവെച്ച 5 ശതമാനത്തിൽ തസ്തിക ക്രമീകരണം നടത്തി ധനകാര്യ വകുപ്പിൽ നിയമിച്ചിട്ടുള്ള അസ്സിസ്റ്റന്റുമാരുടെ വിവരങ്ങൾ വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ഡി) 01.01.2018 മുതൽ 31.05.2024 വരെ, 17.08.2022 ലെ സ.ഉ. (കൈ)നം.176/2022/GAD ഉത്തരവിലെ നിർദ്ദേശ പ്രകാരം സൂപ്പർന്യൂമറി തസ്തികയിൽ നിയമിതരായ അസ്സിസ്റ്റന്റ്മാരുടെ തസ്തിക ക്രമീകരണം ചെയ്തിട്ടുണ്ടോ; ഇപ്രകാരം സൂപ്പർന്യൂമറി അസിസ്റ്റന്റ് തസ്തിക ക്രമീകരണത്തിനായി വരേണ്ട ഒഴിവുകളിൽ ഏതെങ്കിലും പി.എസ്സ്.സി. ക്ക് റിപ്പോർട്ട് ചെയ്തിതിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

## <u>ജീവാനന്ദം പദ്ധതി</u>

2468 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്ക് നൽകേണ്ട നിരവധി ആനുകൂല്യങ്ങൾ തടഞ്ഞു വച്ചതിനു പുറമെ അവരുടെ ശമ്പളവും കവർന്നെടുക്കുന്നതിനായി കൊണ്ടുവരുന്ന പുതിയ പദ്ധതിയാണ് ജീവാനന്ദം പദ്ധതി എന്ന ജീവനക്കാരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടുകൂടി പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർ സാമ്പത്തിക പ്രതിസന്ധിയിലാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി സർക്കാർ, വിഹിതം അടയ്ക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>ലൈഫ് മിഷന് വേണ്ടി അനുവദിച്ച തുകയും ചെലവഴിച്ച തുകയും</u>

2469 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം ലൈഫ് മിഷന് വേണ്ടി എത്ര തുകയാണ് വകയിരുത്തിയത്; അതിൽ എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; എത്ര തുക ധനവകുപ്പ് തിരിച്ചെടുത്തു; ചെലവഴിക്കാതെ നഷ്ടമാക്കിയ തുക എത്ര; കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ലൈഫ് മിഷനിലെ ജീവനക്കാരുടെ ശമ്പളം മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷം ലൈഫ് മിഷന് വേണ്ടി എത്ര തുകയാണ് വകയിരുത്തിയത്; അതിൽ എത്ര തുക അനുവദിച്ചു, എത്ര തുക ചെലവഴിച്ചു, വ്യക്തമാക്കുമോ?

## മാനന്തവാടി മണ്ഡലത്തിലെ പദ്ധതികൾ

2470 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെ ബജറ്റിൽ 20% തുക നീക്കി വച്ചിട്ടുള്ള മാനന്തവാടി മണ്ഡലത്തിലെ പദ്ധതികളുടെ പേരും അനുവദിച്ച തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നൽകാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും അതിന്റെ കാരണവും വ്യക്തമാക്കാമോ?

## വർക്കല മണ്ഡലത്തിൽ ബജറ്റിലുൾപ്പെടുത്തിയ പ്രവൃത്തികൾ

2471 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 -16 വർഷ കാലയളവിൽ വർക്കല മണ്ഡലത്തിൽ ബജറ്റ് നിർദ്ദേശ പ്രകാരം ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

2472 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ പ്രഖ്യാപിച്ചതും ഇരുപത് ശതമാനം ബജറ്റ് പ്രൊവിഷൻ ലഭിച്ചതുമായ ആലത്തൂർ മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(സി) അവയിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഭരണാനുമതി നൽകുവാൻ വൈകുന്നതിന്റെ കാരണവും വിശദമാക്കാമോ?

## തദ്ദേശ സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതമായി പ്രഖ്യാപിച്ച ജനറൽ പർപ്പസ് ഗ്രാൻറ്

2473 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം തദ്ദേശ സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതമായി പ്രഖ്യാപിച്ച ജനറൽ പർപ്പസ് ഗ്രാൻറ് പൂർണ്ണമായി 2024 മാർച്ച് 31-ന് മുമ്പായി അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കാൻ ബാക്കിയുള്ള തുക 2024-25 വർഷത്തിൽ അധികമായി അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

## ബഡ്ജറ്റിൽ പ്രതീക്ഷിച്ച അധിക വിഭവ സമാഹരണം

2474 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ പ്രതീക്ഷിച്ച അധിക വിഭവ സമാഹരണം, ലക്ഷ്യം കൈവരിക്കുകയുണ്ടായോ; അധിക വിഭവ സമാഹരണം ഉൾപ്പെടെ മൊത്തം റവന്യൂ വരുമാനം പ്രതീക്ഷിച്ചത് എത്രയായിരുന്നു;

(ബി) മുൻ വർഷത്തെ അപേക്ഷിച്ച് 2023-24 വർഷം റവന്യൂ വരുമാനത്തിൽ എത്ര ശതമാനത്തിന്റെ വർദ്ധനവ് പ്രതീക്ഷിച്ചിരുന്നു; പ്രതീക്ഷിച്ചതിന്റെ എത്ര ശതമാനം വർദ്ധനവ് ഉണ്ടായി;

(സി) പ്രസ്തുത വർഷം പ്രതീക്ഷിച്ച ജി.എസ്.റ്റി. വരുമാനം എത്രയായിരുന്നു; അതിന്റെ എത്ര ശതമാനം നേട്ടം ഉണ്ടായി; മുൻ വർഷം അത് എത്രയായിരുന്നു;

(ഡി) സംസ്ഥാനത്തിന്റെ പ്രമുഖമായിട്ടുള്ള വരുമാന സ്രോതസ്സുകൾ ഏതൊക്കെയാണ്; ഓരോ സ്രോതസ്സിലൂടെയും പ്രസ്തുത വർഷം പ്രതീക്ഷിച്ച വരുമാനവും ലഭിച്ച വരുമാനവും വിശദമാക്കാമോ?

## ബജറ്റിൽ പ്രഖ്യാപിച്ച മാവേലിക്കര മണ്ഡലത്തിലെ പദ്ധതികൾ

2475 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ഇരുപത് ശതമാനം തുക വകയിരുത്തിയതുമായ മാവേലിക്കര മണ്ഡലത്തിലെ പദ്ധതികൾ ഏതൊക്കെയാണെന്ന് 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും വിശദമാക്കുമോ?

## സാമൂഹ്യ ക്ഷേമ-ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്കായുള്ള മസ്റ്ററിംഗ്

2476 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹ്യ ക്ഷേമ-ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്കായുള്ള മസ്റ്ററിംഗ് നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടികളിലൂടെ എന്തൊക്കെ കാര്യങ്ങളാണ് പരിശോധിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ജനന-മരണം സംബന്ധിച്ച രേഖകൾ ലഭ്യമായിട്ടും മസ്റ്ററിംഗ് നടത്തുന്നത് അർഹരായവരെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും പുറത്താക്കാനാണ് എന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ?

## ക്ഷേമ പെൻഷന് വേണ്ടി ധനസമാഹരണം

2477 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറു മാസത്തോളം കുടിശ്ശികയായ ക്ഷേമ പെൻഷൻ കൊടുത്തു തീർക്കാനുള്ള ധനസമാഹരണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

## ക്ഷേമപെൻഷനായി സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങിയ തുക

2478 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിനായി സർക്കാരിന്റെയും സഹകരണ രജിസ്ട്രാറുടേയും ഇടപെടൽ വഴി ഏതെല്ലാം സഹകരണ സംഘങ്ങളിൽ നിന്നും പണം സ്വീകരിച്ചിട്ടുണ്ട്;

(ബി) തുക സ്വീകരിച്ചിട്ട് എത്ര വർഷമായെന്നും ഏതെങ്കിലും സഹകരണ സംഘത്തിന് തുക മടക്കി നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

## ജീവാനന്ദം പദ്ധതി സംബന്ധിച്ച ഉത്തരവ് പരിഷ്കരിക്കാൻ നടപടി

2479 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ ജീവനക്കാർക്കും ജീവാനന്ദം പദ്ധതി ബാധകമാണെന്ന് ഇതു സംബന്ധിച്ച ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്നവർക്ക് മാത്രമായി പദ്ധതി നിജപ്പെടുത്തി പുതിയ ഉത്തരവ് പുറപ്പെടുവിക്കുമോ; വിശദമാക്കുമോ?

## പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ട്

2480 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി 2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ ചെലവിന്മേലുള്ളതും 2023 ഡിസംബറിനുമുൻപ് സമർപ്പിക്കേണ്ടതുമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) സംയോജിത ചരക്ക് സേവന നികുതി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രസ്തുത റിപ്പോർട്ടിലെ നിർദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് സർക്കാർ തിരിച്ചയച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കമോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

**റവന്യൂ മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനവും റവന്യൂ കുടിശ്ശിക പിരിച്ചെടുക്കലും**

2481 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനായി വരുമാനം ആർജ്ജിക്കുന്ന പ്രധാനവകുപ്പുകളുടെ ഡേറ്റാബേസുകൾ അപൂർണ്ണമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഇവ പൂർണ്ണമായും സജ്ജമാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ധനകാര്യ വകുപ്പിന് കീഴിൽ റവന്യൂ മോണിറ്ററിംഗ് സെൽ പ്രവർത്തിയ്ക്കുന്നുണ്ടോ; എങ്കിൽ റവന്യൂ വരുമാന കുടിശ്ശിക പിരിക്കുന്നതിൽ ഏതെല്ലാം തരത്തിൽ ഇടപെടൽ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പിരിച്ചെടുക്കാൻ കഴിയുന്ന റവന്യൂ കുടിശ്ശിക എത്രയാണെന്നുള്ള കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ?

**കേന്ദ്രത്തിന്റെ സാമ്പത്തിക അവഗണന**

2482 **ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. വാഴൂർ സോമൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക കടന്നാക്രമണം ദീർഘകാലമായി സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ ക്ഷേമ-വികസന പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിക്കുന്ന തരത്തിൽ സാമ്പത്തിക ഞെരുക്കമുണ്ടായിട്ടും തനത് വരുമാനം ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചും ശരിയായ ധന മാനേജ്മെന്റ് വഴിയും ഈ പ്രതിസന്ധികളെ മറികടക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പുതിയ ജി.എസ്.ടി. സംവിധാനം അനുസരിച്ച് ജി.എസ്.ടി. വകുപ്പിനെ പുന:സംഘടിപ്പിച്ചതിന്റെ ഫലമായി 2020-21 മുതലുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ കാര്യമായ വളർച്ചയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേന്ദ്രം ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നതിൽ വരുത്തിയ വീഴ്ചയും റവന്യൂ കമ്മി ഗ്രാന്റിൽ വരുത്തിയ കുറവും സംസ്ഥാനത്തെ എത്രത്തോളം സാമ്പത്തികമായി ബാധിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

**എയ്ഡഡ് ജീവനക്കാരുടെ ശമ്പളത്തിന്റെ മുൻകാല പ്രാബല്യം**

2483 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം പാലിച്ച് നൽകിയ നിയമനങ്ങളിൽ നിയമനാംഗീകാരം ലഭിച്ച കാലഘട്ടത്തിലെ ശമ്പളം ഇപ്പോൾ ഏത് രീതിയിലാണ് നൽകിക്കൊണ്ടിരിക്കുന്നത്; വിശദാംശം നൽകുമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും അധ്യാപകർക്കോ മറ്റു ജീവനക്കാർക്കോ 2021 നു ശേഷം നൽകിയ നിയമനങ്ങളിൽ മുൻകാല പ്രാബല്യത്തോടെ അവർ ജോലി ചെയ്ത മുഴുവൻ കാലയളവിലേയും ശമ്പളവും ആനുകൂല്യങ്ങളും സ്കെയിലിൽ തന്നെ അംഗീകരിച്ച് ട്രഷറിയിൽ നിന്നും അവരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കോടതി ഉത്തരവ് പ്രകാരമാണോ ഇത്തരത്തിൽ ശമ്പളം വിതരണം ചെയ്തിട്ടുള്ളത്; എങ്കിൽ ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ഇറക്കിയ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

## <u>ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നിയമനങ്ങളിലെ ശമ്പള വിതരണം</u>

2484 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായി താൽക്കാലികമായി നിയമനം നൽകിയ കേസുകളിൽ നിയമനാംഗീകാരം നൽകുന്ന കാലഘട്ടത്തിലെ ശമ്പളം ഇപ്പോൾ വിതരണം ചെയ്യുന്നത് ശമ്പള സ്കെയിലിലാണോ അതോ ദിവസ വേതനത്തിലാണോ; വിശദാംശം നൽകുമോ; ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) 2021 എപ്രിൽ 1 ന് ശേഷം നൽകിയ നിയമനങ്ങളിൽ കോടതി ഉത്തരവുപ്രകാരം മുൻകാല പ്രാബല്യത്തിൽ ഏതെങ്കിലും ജീവനക്കാർക്ക് അവർ ജോലി ചെയ്ത മുഴുവൻ കാലഘട്ടത്തിലേയും ശമ്പളം ട്രഷറിയിൽ നിന്നും അവർക്ക് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എങ്കിൽ ബന്ധപ്പെട്ട കോടതി ഉത്തരവ്, ശമ്പളം നൽകാനായി ട്രഷറി വകുപ്പിൽ നിന്നും നൽകിയ സർക്കുലറുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ; ഇത്തരം ജീവനക്കാർക്ക് എന്ന് മുതൽ സ്ഥിരം സ്കെയിലിൽ ശമ്പളം നൽകുമെന്ന് വ്യക്തമാക്കുമോ?

## <u>കുണ്ടറ മണ്ഡലത്തിലെ ഇളവൂർപാലം നിർമ്മാണം</u>

2485 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ നെടുമൺകാവ് നദിക്ക് കുറുകെയുള്ള ഇളവൂർ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കരാർ തുകയിൽ നിന്നും അധികമായി ക്വാട്ട് ചെയ്തിട്ടുള്ള തുകയ്ക്ക് നിർമ്മാണം നടത്തുന്നതിനുള്ള അനുമതിയ്ക്കായി അയച്ചിട്ടുള്ള

ബി1/309/2023 നമ്പർ ഫയലിന്മേൽ ധനവകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മെയിന്റനൻസ് ഗ്രാന്റ്**

2486 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച മെയിന്റനൻസ് ഗ്രാന്റ് 2024 മാർച്ച് 31 നകം പൂർണ്ണമായും അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഗ്രാന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇനിയും അനുവദിക്കാൻ ബാക്കിയുണ്ടോ;

(സി) എങ്കിൽ എത്ര തുകയാണ് ഇനി നൽകാൻ ബാക്കിയുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത തുക 2024-25 വർഷത്തിൽ അധികമായി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ?

**പുതിയ പദവിയിലെ ശമ്പളം**

2487 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിച്ച ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർക്ക് പുതിയ പദവിയിൽ നിയമനം നൽകുമ്പോൾ അവർക്കനുവദനീയമായ പെൻഷൻ തുക കുറച്ച ശേഷമുള്ള തുകയാണോ ശമ്പളമായി നൽകുന്നതെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ;

(ബി) 2016-മുതൽ നാളിതുവരെ ഇത്തരത്തിൽ നിയമനം നൽകിയ ഏതെങ്കിലും ഐ.എ.എസ്/ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് അവർക്കനുവദനീയമായ പെൻഷൻ കുറക്കാതെ ശമ്പളം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആർക്കെല്ലാമാണ്; അവരുടെ നിയമനം സംബന്ധിച്ച ഉത്തരവിന്റെ പകർപ്പുകൾ സഹിതം വ്യക്തമാക്കുമോ?

**തൊണ്ണൂറ് സെന്റ് കോളനി സൗത്ത് റോഡ് നിർമ്മാണം**

2488 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കവളങ്ങാട് ഗ്രാമപഞ്ചായത്ത് ഒമ്പതാം വാർഡിലെ മഹിമാപടി അങ്കണവാടി തൊണ്ണൂറ് സെന്റ് കോളനിയുടെ സൗത്ത് റോഡിന്റെ നിർമ്മാണത്തിനായി ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിക്കായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**അഴീക്കോട് മണ്ഡലത്തിലെ ഗവൺമെന്റ് വനിതാ കോളേജ് സിന്തറ്റിക് ട്രാക്ക് ഗ്രൗണ്ട് നിർമ്മാണം**

2489 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-2023 ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള അഴീക്കോട് മണ്ഡലത്തിലെ ഗവൺമെന്റ് വനിതാ കോളേജിലെ സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെയുള്ള ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം അറിയിക്കാമോ?

## കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ സാമ്പത്തിക സഹായം

2490 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് വ്യാവസായിക മേഖലയിൽ സാമ്പത്തിക സഹായം നൽകുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 2021, 2022, 2023 വർഷ കാലയളവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഈ മേഖലയിൽ മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എത്ര വളർച്ച ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ

2491 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ൽ കോഴിക്കോട് ജില്ലയിൽ വച്ച് നടന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചുവെന്നുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തുക അനുവദിച്ച് നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഈ തുക ഏത് ഏജൻസിയ്ക്കാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി ധനകാര്യവകുപ്പിന്റെ അനുമതിയോടെ മറ്റേതെങ്കിലും വകുപ്പിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് വകുപ്പിൽ നിന്നാണെന്നും എത്ര തുകയാണ് അനുവദിച്ചതെന്നും വിശദമാക്കാമോ;

(ഡി) കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ സ്ഥിരം പുസ്തകശാലയിൽ നിന്നും വിൽക്കുന്ന പുസ്തകങ്ങളുടെ ലാഭവിഹിതം സർക്കാരിലേക്ക് ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ലാഭവിഹിതം ആർക്കാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ?

## കോതമംഗലം റവന്യൂ ടവറിന് ചുറ്റുമുള്ള റോഡ് നവീകരണം

2492 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം റവന്യൂ ടവറിന് ചുറ്റുമുള്ള റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷ അടിയന്തരമായി തീർപ്പുകൽപ്പിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതിന് അനുമതി നൽകുമോ; വിശദമാക്കുമോ?

## കോതമംഗലം മണ്ഡലത്തിലെ ഇരമല്ലൂർ ചിറയ്ക്ക് സമീപം പാർക്കിംഗ് ഏരിയ

2493 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിലെ ഇരമല്ലൂർ ചിറയ്ക്ക് സമീപം പാർക്കിംഗ് ഏരിയ നിർമ്മാണത്തിനായി ധനകാര്യവകുപ്പിന്റെ പ്രത്യേക അനുമതിക്കായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി അടിയന്തിരമായി പ്രത്യേക അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പാരിതോഷികങ്ങൾ നൽകുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

2494 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളുടെ ചെലവിൽ സമ്മാനങ്ങൾ, പാരിതോഷികങ്ങൾ എന്നിവ വ്യക്തികൾക്കോ, സംഘടനകൾക്കോ, സ്ഥാപനങ്ങൾക്കോ നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവോ/ മാർഗ്ഗനിർദ്ദേശങ്ങളോ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ/മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

## പെൻഷൻ പരിഷ്കരണം

2495 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പരിഷ്കരണം ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തോടൊപ്പം നടത്തുന്ന രീതി അവസാനിപ്പിച്ച് ഏതെങ്കിലും മാറ്റം വരുത്തുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ശമ്പള പരിഷ്കരണത്തോടൊപ്പം പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച് കേന്ദ്രം സംസ്ഥാനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണ് ;

(സി) പെൻഷൻ പരിഷ്കരണം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് രേഖാമൂലം നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

## ഹരിപ്പാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2496 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബിയിൽ നിന്നും സാങ്കേതിക അനുമതി നൽകുവാൻ ബാക്കിയുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തിരമായി സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2497 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തിയാകാത്തതുമായ കിഫ്ബി പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ?

## നാദാപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2498 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾക്ക് സാമ്പത്തികാനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) സാമ്പത്തികാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തിയായെന്നും വ്യക്തമാക്കാമോ?

## തിരുവല്ല നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2499 **ശ്രീ മാത്യൂ ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കിഫ്ബി പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ പൂർത്തികരിക്കുവാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

## നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി

2500 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി വകുപ്പിന്റെ പുന:സംഘടനയിലൂടെയും ഓഡിറ്റ് ഉൾപ്പെടെയുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിച്ചതിലൂടെയും സ്വർണ്ണമേഖല ഉൾപ്പെടെയുള്ള മേഖലകളിൽ

നികുതി പിരിവ് കൂട്ടതൽ കാര്യക്ഷമമാക്കുവാൻ കഴിഞ്ഞുവെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ചെക്ക് പോസ്റ്റുകൾ പൂർണ്ണമായും ഒഴിവാക്കിയ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് നടത്തി സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിന് ജി.എസ്.ടി. വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**2015-16 മുതൽ 2023-24 വരെ സംസ്ഥാനത്ത് ബാർ ഹോട്ടലുകളിൽ നിന്നും ലഭിച്ച ടി.ഒ.ടി. കളക്ഷൻ**

2501 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാർ ഹോട്ടലുകളിൽ നിന്നും ലഭിച്ച ടി.ഒ.ടി. കളക്ഷൻ 2015-16 മുതൽ 2023-24 വരെ വർഷം തിരിച്ച് ബാറുകളുടെ എണ്ണം ടി.ഒ.ടി. കളക്ഷൻ എന്ന ക്രമത്തിൽ ലഭ്യമാക്കാമോ; 2015-16 വർഷം സംസ്ഥാനത്ത് എത്ര ബാർ ഹോട്ടലുകൾ കോമ്പോസിഷൻ സ്കീമിൽ ടി.ഒ.ടി. നൽകിയിരുന്നു; 2016-17 മുതൽ 2023 - 24 വരെ പ്രസ്തുത സ്കീമിൽ ടി.ഒ.ടി. ഒടുക്കിയ ബാറുകളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2015-16 മുതൽ 2023-24 വരെ സംസ്ഥാന നികുതി വകുപ്പ് ബാറുകളിൽ നടത്തിയ പരിശോധനകളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ ?

**ടേൺ ഓവർ ടാക്സ്**

2502 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേൺഓവർ ടാക്സ് വെട്ടിക്കുന്ന ബാറുടമകൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം കൃത്യമായ റിട്ടേണുകൾ സമർപ്പിക്കാത്ത 328 ബാറുകൾ സംസ്ഥാനത്തുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പരിശോധനകളുടെ അഭാവമാണ് ടേൺഓവർ ടാക്സ് ഇനത്തിൽ വെട്ടിപ്പ് നടക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

**ടേൺ ഓവർ ടാക്സ്**

2503 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും ബാർ ഹോട്ടലുകൾ കോമ്പോസിഷൻ നിരക്കിൽ ടേൺ ഓവർ ടാക്സ് ഒടുക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ 2017-ന് ശേഷം നികുതി വകുപ്പ് നടത്തിയ പരിശോധനകൾ എത്രയെണ്ണമെന്ന് വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; പ്രസ്തുത പരിശോധനയിലൂടെ ലഭിച്ച വസ്തുതകൾ വച്ച് നികുതി നിർണ്ണയം പൂർത്തികരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ വർഷം, അഡീഷണൽ ഡിമാന്റ്, കളക്ഷൻ എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ ബാർ ഹോട്ടലുകളുടെ നികുതി നിർണ്ണയം 2017 മുതൽ 2023 വരെയുള്ള കാലയളവിൽ എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടായിരുന്നുവെന്നും അതിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും ഇനി എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടെന്നും അറിയിക്കുമോ;

(ഡി) നികുതി നിർണ്ണയം പൂർത്തീകരിച്ചതിൽ നിന്ന് ലഭിച്ച അഡീഷണൽ ഡിമാന്റിന്റെ കളക്ഷൻ എത്രയാണെന്നും പിരിഞ്ഞ് കിട്ടാനുള്ളത് എത്രയാണെന്നും അറിയിക്കാമോ;

(ഇ) 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തെ എല്ലാ ബാറുകളിലും പരിശോധന നടത്തുവാൻ സർക്കാർ തയ്യാറുകുമോ; എങ്കിൽ ബാറുകൾ നൽകുന്ന നികുതി റിട്ടേണിലേയും യഥാർഥ വിറ്റ് വരവിലെയും ലാഭ ശതമാനവും പരിശോധിച്ച് നികുതി നിർണ്ണയം നടത്തുവാൻ സർക്കാർ തയ്യാറാകുമോയെന്ന് അറിയിക്കാമോ?

**<u>പെട്രോൾ/ ഡീസൽ ആഭ്യന്തര വിൽപനയിൽ നിന്ന് ലഭിച്ച നികുതി</u>**

2504 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2022-23, 2023 - 24 വർഷങ്ങളിൽ പെട്രോൾ/ ഡീസൽ ആഭ്യന്തര വിൽപനയിൽ നിന്ന് ലഭിച്ച നികുതി വർഷം തിരിച്ച് ലഭ്യമാക്കാമോ ; പ്രസ്തുത നികുതിക്ക് വിധേയമായ പെട്രോൾ, ഡീസൽ ഇവയുടെ അളവ് എത്ര കിലോ ലിറ്റർ ആണെന്ന് വ്യക്തമാക്കുമോ?

**<u>സ്വർണ്ണ കള്ളക്കടത്തു മൂലമുണ്ടാകുന്ന നികുതി നഷ്ടം</u>**

2505 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടക്കുന്ന സ്വർണ്ണ കള്ളക്കടത്തിന്റെ ഇരുപത്തിയഞ്ച് ശതമാനം പോലും കണ്ടെത്തുവാൻ സാധിക്കാത്തതിനാൽ വലിയ തോതിലുള്ള നികുതി നഷ്ടം ഉണ്ടാകുന്നത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>ദേശീയപാത വികസനത്തിനായി നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതി ,റോയൽറ്റി എന്നിവ ഒഴിവാക്കൽ</u>**

2506 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത വികസനത്തിന്റെ പുരോഗതി വിലയിരുത്തുവാനും പ്രവൃത്തിയിൽ നേരിടുന്ന തടസ്സങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 23.1.24ന ചേർന്ന യോഗത്തിൽ ദേശീയപാത 744,

എറണാകുളം ബൈപ്പാസ് എന്നിവയുടെ നിർമ്മാണത്തിന് നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതി ,റോയൽറ്റി എന്നിവ സംസ്ഥാന സർക്കാർ ഒഴിവാക്കുന്നതിന് തത്വത്തിൽ അംഗീകരിച്ചതായി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ധനകാര്യവകുപ്പ് ഈ വിഷയത്തിൽ എടുത്ത തുടർനടപടികളുടെയും തീരുമാനങ്ങളുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഐെ &പി.ഡബ്ളിയു.ബി1/43/2024/ഫിൻ. നമ്പർ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ജി.എസ്.ടി. വകുപ്പിലെ പരിശീലന പരിപാടി

2507 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പിലെ പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് പഞ്ചനക്ഷത്ര ഹോട്ടലിൽ താമസ സൗകര്യം ഒരുക്കുന്നതിനു വേണ്ടി 2023 ഓഗസ്റ്റ് മാസത്തിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ ഇളവ് അനുവദിച്ചതിനുള്ള കാരണം എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) എൻഫോഴ്സ്മെൻ്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കായി മാത്രം സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ മറ്റ് വിഭാഗങ്ങളിലെ ജീവനക്കാരെ പങ്കെടുപ്പിച്ചത് ആരുടെ നിർദ്ദേശപ്രകാരമാണെന്ന് അറിയിക്കാമോ?

## ഹൈറിച്ച് ഓൺലൈൻ തട്ടിപ്പ്

2508 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈറിച്ച് ഓൺലൈൻ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ജി.എസ്.ടി നികുതി വെട്ടിപ്പിന് ബാധകമായ ടേണോവർ കണ്ടെത്തിയത് എത്ര കോടി രൂപയാണെന്നും ഇതിന്റെ നികുതി ബാധ്യത എത്രയാണെന്നും അറിയിക്കാമോ;

(ബി) ഇതിൽ എത്ര രൂപ പ്രസ്തുത സ്ഥാപനം സർക്കാരിലേക്ക് ജി.എസ്.ടി ഇനത്തിൽ ഒടുക്കിയിട്ടുണ്ട്; എന്ത് കാരണത്താലാണ് ബാക്കി തുക ഈടാക്കുന്നതിലേക്കായി പ്രസ്തുത കമ്പനിയുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കാതിരുന്നതെന്ന വിശദാംശം നൽകുമോ?

## ജി.എസ്.ടി ഇന്റലിജൻസ് വിഭാഗം കണ്ടെത്തിയ നികുതിവെട്ടിപ്പ്

2509 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി ഇന്റലിജൻസ് വിഭാഗം മുൻസർക്കാരിന്റെ കാലം മുതൽ നാളിത് വരെ എത്ര കോടിയുടെ നികുതിവെട്ടിപ്പ് കണ്ടെത്തിയെന്നുള്ളതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇതിൽ നിന്നും നികുതിയായി സർക്കാർ ഖജനാവിലേക്ക് മുതൽ കൂട്ടിയ തുക എത്രയെന്ന് വർഷം തിരിച്ചറിയിക്കാമോ; നാളിത് വരെ എത്ര കേസുകളിൽ അറസ്റ്റ് അടക്കമുള്ള നടപടികൾ എടുത്തുവെന്നുള്ള വിശദാംശം നൽകുമോ;

(ബി) ഇതിൽ എത്ര കേസിൽ പ്രോസിക്യൂഷൻ നടപടികൾ പൂർത്തീകരിച്ചുവെന്നും എത്ര കേസുകളിൽ അന്തിമ കുറ്റപത്രം സമർപ്പിച്ചുവെന്നും അറസ്റ്റ് ചെയ്ത കേസുകളിൽ എത്ര പേർ ജാമ്യത്തിലിറങ്ങിയെന്നുമുള്ള വിശദാംശം നൽകുമോ?

## ബിൽ ചോദിച്ചുവാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

2510 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിൽ ചോദിച്ചുവാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി സംസ്ഥാനത്ത് നികുതി വരുമാനം വർധിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ടുകൾ

2511 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ പ്രവർത്തനം പരിശോധിട്ടുണ്ടോ;

(ബി) ഐ.ജി.എസ്.ടി. ഇനത്തിൽ ഇരുപത്തയ്യായിരം കോടി രൂപ സംസ്ഥാനം നഷ്ടപ്പെടുത്തിയെന്ന് നിരീക്ഷിക്കുന്നതായി പറയപ്പെടുന്ന എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ അഞ്ചാമത്തെയും ആറാമത്തെയും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പ്രസ്തുത റിപ്പോർട്ടുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## നികുതി കുടിശ്ശിക വരുത്തിയ ബാർ ഹോട്ടലുകൾ

2512 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി കുടിശ്ശിക വരുത്തിയ എത്ര ബാർ ഹോട്ടലുകൾ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള പേര് വിവരം ലഭ്യമാക്കാമോ; പ്രസ്തുത ബാർ ഹോട്ടലുകൾക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത വിഷയത്തിൽ നികുതി വകുപ്പ് സ്വീകരിച്ച നടപടി ഹൈക്കോടതി അംഗീകരിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നികുതി കുടിശ്ശിക വരുത്തിയ ബാർ ഹോട്ടലുകൾക്ക് ബെവ്കോ-യിൽ നിന്നും മദ്യം നൽകുന്നത് നിർത്തി വെക്കുമെന്ന് വകുപ്പ് മന്ത്രി നിയമസഭയിൽ ഉറപ്പ് നൽകിയിട്ടും കേരള ഹൈക്കോടതി വിധി ഉണ്ടായിട്ടും ബെവ്കോ എം.ഡി. പ്രസ്തുത നിലപാടിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് നികുതി വകുപ്പിന് കത്ത് അയച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ കുടിശ്ശികക്കാരായ ബാറുടമകൾക്ക് മദ്യം നൽകുന്നതിനായി ബെവ്കോ എം.ഡി. സ്വീകരിച്ച നിലപാടിൽ വിശദീകരണം ചോദിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കാട്ടാക്കട ജില്ലാ ട്രഷറി

2513 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട ജില്ലാ ട്രഷറി പുതുക്കിപ്പണിയുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ?

## ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ

2514 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ട്രഷറി വകുപ്പിൽ അനുവദനീയമായ എത്ര ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; നിലവിൽ കൊല്ലം ജില്ലയിൽ എത്ര ഒഴിവുകളാണ് ഈ തസ്തികയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലോ, കരാർ അടിസ്ഥാനത്തിലോ, വർക്കിംഗ് അറേഞ്ച്മെൻറിലോ ആരെങ്കിലും ജോലി നോക്കുന്നുണ്ടോയെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

## തദ്ദേശ സ്ഥാപനങ്ങൾ ട്രഷറിയിൽ നിക്ഷേപിച്ച തുക

2515 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പ്രത്യേക നിർദേശ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്ര തുക ട്രഷറികളിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തുകയിൽ നിന്ന് തദ്ദേശ സ്ഥാപനങ്ങൾ സമർപ്പിച്ച ബില്ലുകളുടെ ഇനത്തിൽ എത്ര തുകയാണ് തിരിച്ചു നൽകിയതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത തുക 2024-25 വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നല്ലാതെ പ്രത്യേക വിഹിതമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കെ.എസ്.എഫ്.ഇ.-യിലെ ജനറൽ ട്രാൻസ്ഫർ

2516 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ ആഭ്യന്തര പരിശോധനാ വിഭാഗം, പ്രത്യേക ഓഡിറ്റ് വിഭാഗം, വിജിലൻസ് എന്നീ വിഭാഗങ്ങളിലായി ആകെ എത്ര പേർ സേവനമനുഷ്ഠിക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിലായി മൂന്ന് വർഷത്തിൽ കൂടുതൽ തുടർച്ചയായി എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അനുവദനീയമായ കാലയളവിൽക്കൂടുതൽ പ്രസ്തുത ഉദ്യോഗസ്ഥരെ എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നിലനിർത്തിയിരിക്കുന്നതെന്നും വിശദമാക്കാമോ;

(സി) കെ.എസ്.എഫ്.ഇ.-യുടെ പൊതുസ്ഥലമാറ്റങ്ങളുടെ മാനദണ്ഡങ്ങൾ ഇവർക്ക് ബാധകമാകുന്ന തരത്തിൽ സ്ഥലമാറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കെ.എസ്.എഫ്.ഇ.-യിലെ വിരമിച്ച ജീവനക്കാരുടെ ഇ.പി.എഫ്. പെൻഷൻ</u>**

2517 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിലെ വിരമിച്ച ജീവനക്കാർക്ക് 04.11.2022-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശമ്പളത്തിന് ആനുപാതികമായി ഉയർന്ന ഇ.പി.എഫ്. പെൻഷൻ നിശ്ചയിക്കുന്നതിനായി അവരുടെ വേതനം /ശമ്പള വിവരങ്ങൾ ഇ.പി.എഫ്.ഒ. നിർദേശിച്ചിരുന്ന സമയപരിധിക്കുള്ളിൽ തന്നെ ഇ.പി.എഫ്. സൈറ്റിലേക്ക് അയച്ച് കൊടുത്തിട്ടുണ്ടോ;

(ബി) 2016-21 കാലയളവിനുള്ളിൽ വിരമിച്ച കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് 2012-17 കാലത്ത് നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിന് ആനുപാതികമായ ശമ്പള വർദ്ധനവ് അടിസ്ഥാനമാക്കിയുള്ള യഥാർത്ഥ ശമ്പള വിവരങ്ങൾ ഇ.പി.എഫ്. നിഷ്കർഷിട്ടുള്ള രീതിയിൽ അയച്ചുകൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് അർഹമായ ഉയർന്ന ഇ.പി.എഫ്. പെൻഷൻ നിഷേധിക്കപ്പെടാൻ ഇടയാകുന്ന തരത്തിൽ ജീവനക്കാരുടെ യഥാർത്ഥ ശമ്പള വിവരങ്ങൾ (ശമ്പള പരിഷ്കരണം അടക്കം) ഇ.പി.എഫ്.ഒ.-യ്ക്ക് കൈമാറുന്നതിൽ കെ.എസ്.എഫ്.ഇ. യുടെ ഭാഗത്ത് നിന്നും വീഴ്ച്ച സംഭവിച്ചത് സംബന്ധിച്ച് സർക്കാരിനോ കെ.എസ്.എഫ്.ഇ. യ്ക്കോ പരാതി ലഭിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിരമിച്ച ജീവനക്കാരുടെ പുതുക്കിയ ശമ്പള വിവരത്തിന് അനുബന്ധമായി വകുപ്പ് പതിനാല് പ്രകാരമുള്ള പലിശയും വകുപ്പ് ഏഴ് (ക്യൂ) പ്രകാരമുള്ള നഷ്ടപരിഹാര തുകയും അടയ്ക്കാൻ വേണ്ട സമ്മതം ഇ.പി.എഫ്.ഒ.-യെ കെ.എസ്.എഫ്.ഇ. ഔദ്യോഗികമായി അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മെഡിസെപ് പദ്ധതി</u>**

2518 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി എല്ലാ സ്പെഷ്യലിസ്റ്റ് ആശുപത്രികളിലും ലഭിക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിലെ പരമാവധി ആനുകൂല്യ പരിധി വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ;

(സി) അടിയന്തര സാഹചര്യത്തിൽ മെഡിസെപിന്റെ പരിധിയിൽ വരാത്ത ആശുപത്രിയിൽ നിന്നും ചികിത്സ തേടിയാൽ ആയതിനു ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനു സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അത് പരിഗണിക്കുമോ; വിശദമാക്കുമോ?

**മെഡിസെപ്പ് -ചികിത്സാ ചെലവുകൾ നൽകുന്നതിലെ മാനദണ്ഡങ്ങൾ**

2519 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിൽ ചികിത്സാ ചെലവുകൾ നൽകുന്നതിൽ എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ചികിത്സാ ചെലവുകൾ ആശുപത്രികൾക്ക് ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നുണ്ടോ; ഇക്കാരണത്താൽ ചില ആശുപത്രികൾ പദ്ധതിയിൽനിന്ന് പിൻവാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**നോട്ടറി പദവി**

2520 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നോട്ടറി പദവി ലഭിക്കുന്നതിനായി ഒഴിവുകൾ നിലവിൽ ഉണ്ടോ;

(ബി) നിലവിൽ പ്രസ്തുത ജില്ലയിൽ സർക്കാർ അംഗീകരിച്ച എത്ര നോട്ടറി അഭിഭാഷകർ ഉണ്ട്;

(സി) 2016-ന് ശേഷം എത്ര അഭിഭാഷകർക്ക് നോട്ടറി അംഗീകാരം വയനാട് ജില്ലയിൽ നൽകിയിട്ടുണ്ട്?

**കാസർകോട് ജില്ലയിലെ കോടതികൾ**

2521 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ നിലവിൽ ഏതൊക്കെ താലൂക്കുകളിലാണ് കോടതികൾ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ജില്ലയിൽ 2011 നു ശേഷം നിലവിൽ വന്ന വെള്ളരിക്കുണ്ട്, മഞ്ചേശ്വരം താലൂക്കുകളിൽ കോടതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

**കോടതി ഫീസുകളിൽ വർദ്ധനവ്**

2522 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട ഏതെല്ലാം ഫീസുകളാണ് വർദ്ധിപ്പിച്ചത്;

(ബി) ഓരോ ഇനത്തിലും വന്നിട്ടുള്ള വർദ്ധനവുകളും വർദ്ധനവിന് മുൻപ് ഉണ്ടായിരുന്ന നിരക്കുകളും എത്ര വീതമാണെന്ന് അറിയിക്കുമോ;

(സി) ബഡ്ജറ്റ് മുഖേന അല്ലാതെ ഈ വർഷം ഏതെങ്കിലും ഫീസുകളിലോ സ്റ്റാമ്പ് ഡ്യൂട്ടികളിലോ മറ്റിനങ്ങളിലോ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ വർദ്ധന ഉണ്ടായ ഇനങ്ങളുടെയും വർദ്ധനവിന്റെയും വർദ്ധനവിനു മുൻപ് ഉണ്ടായിരുന്ന നിരക്കുകളുടെയും വിശദാംശങ്ങൾ ലഭ്യമാകുമോ;

(ഇ) നീതി ന്യായ വ്യവസ്ഥയെ കൂടുതൽ ഭയപ്പാടോടെ സമീപിക്കേണ്ട അവസ്ഥയിലേക്ക് ഈ ഫീസ് വർദ്ധനവ് എത്തിക്കാൻ ഇടയാക്കും എന്ന അഭിപ്രായം പരിശോധിക്കുകയുണ്ടായോ;

(എഫ്) ഫീസ് വർദ്ധനകൾ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള സ്ത്രീകൾ നീതി തേടി മുന്നോട്ടു വരുന്നതിന് തടസ്സമാകുമെന്ന് കരുതുന്നുണ്ടോ;

(ജി) എങ്കിൽ കോടതി ഫീസുകളിൽ വരുത്തിയിട്ടുള്ള വർദ്ധനവ് പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ?

## അഡ്വക്കേറ്റ് വെൽഫയർ ഫണ്ട്

2523 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വക്കേറ്റ് വെൽഫയർ ഫണ്ടിനായി നിലവിൽ അനുവദിച്ച തുകയായ 10 ലക്ഷം രൂപയിൽ വർധന വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ വർധിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) വെൽഫയർ ഫണ്ട് ബോർഡിൽ നിലവിൽ എത്ര രൂപ നിക്ഷേപമാണുള്ളതന്ന് അറിയിക്കാമോ?

## ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

2524 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കിയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്നു വർഷങ്ങളിലെ വിശദമായ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ടവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## മലബാർ സിമെന്റ്സ് ലിമിറ്റഡിന്റെ നവീകരണം

2525 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമെന്റ്സ് ലിമിറ്റഡിന്റെ നിലവിലെ ഉല്പാദനവും വിപണനവും ഉൽപ്പാദനശേഷിക്ക് ആനുപാതികമായി വർദ്ധിപ്പിച്ച് പ്രവർത്തനം വിപുലപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ</u>**

2526 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മേയ് മാസം പ്രാബല്യത്തിൽ സംസ്ഥാനത്ത് ഉണ്ടായിരുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ എണ്ണം എത്രയായിരുന്നുവെന്ന് പേരുവിവരം സഹിതം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര പൊതുമേഖലാസ്ഥാപനങ്ങൾ ഉണ്ടെന്ന് പേരുവിവരം സഹിതം ജില്ല തിരിച്ചു വ്യക്തമാക്കാമോ;

(സി) 2021 മേയ് മാസത്തിനു ശേഷം പുതിയതായി ആരംഭിച്ചതും പൂട്ടിയതുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം പേരുവിവരം സഹിതം ജില്ല തിരിച്ചു വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും സ്ഥാപനം പൂട്ടിയിട്ടുണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്നും പുതിയതായി ആരംഭിച്ച സ്ഥാപനത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചും സ്ഥാപനം തിരിച്ചും വ്യക്തമാക്കാമോ; ഈ നിയമനം താൽക്കാലികമാണോ സ്ഥിരമാണോ എന്ന് വ്യക്തമാക്കാമോ;

(എഫ്) കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ എത്ര ജീവനക്കാരെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് പിരിച്ചു വിട്ടിട്ടുണ്ടെന്ന് സ്ഥാപനവും ജില്ലയും തിരിച്ചു വ്യക്തമാക്കാമോ; പിരിച്ചു വിടാനുള്ള കാരണം വിശദമാക്കുമോ?

**<u>എടരിക്കോട് കെൽ യൂണിറ്റിലെ തൊഴിലാളികളുടെ ലോങ്ങ് ടേം എഗ്രിമെന്റ്</u>**

2527 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എടരിക്കോട് കെൽ യൂണിറ്റിലെ തൊഴിലാളികളുടെ ലോങ്ങ് ടേം എഗ്രിമെന്റ് പുതുക്കി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയം കെൽ-ലെ മൊത്തത്തിലുള്ള പ്രശ്നമാണോ അതോ എടരിക്കോട് യൂണിറ്റിൽ മാത്രമുള്ള പ്രശ്നമാണോ എന്ന് വിശദമാക്കാമോ;

(സി) ഈ പ്രശ്നം എന്നത്തേക്ക് പരിഹരിക്കാനാകും എന്ന് വിശദമാക്കാമോ?

**<u>പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനം</u>**

2528 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ-സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനത്തിനും മൂല്യവർദ്ധിത ഉല്പന്ന നിർമ്മിതിക്കും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനായി കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയാണ്; ഇതിൽ ചെലവഴിച്ച തുക എത്രയാണെന്ന് സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ആവശ്യത്തിലേക്കായി ഓരോ സ്ഥാപനവും സ്വന്തം നിലയിൽ എത്ര തുക ചെലവഴിച്ചുവെന്നും ഓരോ സ്ഥാപനത്തിനും ഇതുമൂലമുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

2529 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ നിലവിൽ ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നും ഏത് വർഷം മുതലാണ് ലാഭകരമായതെന്ന് വ്യക്തമാക്കുമോ?

## ട്രാക്കോ കേബിൾ കമ്പനിയുടെ പുനരുദ്ധാരണം

2530 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ട്രാക്കോ കേബിൾ കമ്പനിയുടെ പുനരുദ്ധാരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ കമ്പനി നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ലാഭകരമായി പ്രവർത്തിക്കുന്ന പിണറായി യൂണിറ്റിലേക്കും തിരുവല്ല യൂണിറ്റിലേക്കും തൊഴിലാളികളെ പുനക്രമീകരണം നടത്തുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുമോ;

(ഡി) മാനേജ്മെന്റ് സ്റ്റാഫിനും തൊഴിലാളികൾക്കും ശമ്പളയിനത്തിൽ എത്ര കുടിശ്ശികയുണ്ടെന്നും പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്ക് നൽകാനുള്ള ആനുകൂല്യങ്ങൾ എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

## എടരിക്കോട് കെൽ യൂണിറ്റിലെ തൊഴിലാളി ക്ഷേമം

2531 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എടരിക്കോട് കെൽ യൂണിറ്റിൽ തൊഴിലാളികൾക്ക് പ്രിവിലേജ് ലീവ് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിന്റെ ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ പകർപ്പ്

സഹിതം വിശദമാക്കാമോ ?

## ട്രാക്കോ കേബിൾ നേരിടുന്ന പ്രതിസന്ധി

2532 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ട്രാക്കോ കേബിൾ നേരിടുന്ന പ്രതിസന്ധി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ശമ്പളം നൽകുന്ന കാര്യത്തിൽ നിലവിൽ പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ പ്രതിസന്ധി പരിഹരിച്ച് ശമ്പളം എന്നത്തേക്ക് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയാണ് പ്രതിസന്ധിക്ക് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രവർത്തന മൂലധനം ആവശ്യപ്പെട്ട് കമ്പനി സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തിന് പ്രവർത്തന മൂലധനം നൽകുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ?

## പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം

2533 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; നിയമനങ്ങളിൽ പി.എസ്.സി. പിന്തുടരുന്ന നടപടിക്രമങ്ങൾ തന്നെയാണോ ബോർഡ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ബോർഡ് നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതെല്ലാം സ്ഥാപനങ്ങളിലെ ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) ബോർഡ് ചെയർമാനും അംഗങ്ങൾക്കും അനുവദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും ഓരോ മാസവും പ്രസ്തുത ഓരോ ഇനത്തിലും നാളിതുവരെ ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കുമോ?

## മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി

2534 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മീറ്റ് ദി ഇൻവെസ്റ്റർ എന്ന പരിപാടി സംഘടിപ്പിച്ചിരുന്നോ; ജില്ലാടിസ്ഥാനത്തിലാണോ പ്രസ്തുത പരിപാടി സംഘടിപ്പിച്ചിരുന്നത് എന്നറിയിക്കാമോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ പരിപാടി സംഘടിപ്പിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) മീറ്റ് ദ ഇൻവെസ്റ്റേഴ്സ് പരിപാടി മുഖേന എത്ര തുകയുടെ നിക്ഷേപ വാഗ്ദാനമാണ് ലഭിച്ചത്; നിക്ഷേപ വാഗ്ദാനത്തിന്റെ തുടർ നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; വാഗ്ദാനം ചെയ്തതിൽ എത്ര തുക ഏതെല്ലാം മേഖലകളിൽ ഇൻവെസ്റ്റ് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(സി) വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനും പദ്ധതിയുടെ പുരോഗതി നിരീക്ഷിച്ചുകൊണ്ട് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി

2535 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി. മുഖേന നടത്തുന്ന മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര വ്യവസായ സംരംഭങ്ങളാണ് നിലവിൽ വന്നിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) എത്ര പേർക്ക് പദ്ധതിയിലൂടെ തൊഴിൽ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## മിഷൻ 1000 പദ്ധതി

2536 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 1000 പദ്ധതിയിൽ എത്ര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ

2537 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വടക്കാഞ്ചേരി മണ്ഡലത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി മണ്ഡലത്തിൽ എത്ര വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചെന്ന് വ്യക്തമാക്കുമോ;

(സി) സംരംഭക വർഷമായി പ്രഖ്യാപിച്ച 2023-24-ൽ മണ്ഡലത്തിൽ എത്ര സംരംഭം തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്; ലക്ഷ്യം കൈവരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങൾ

2538 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാനായിട്ടുണ്ടെന്നും അതുവഴി എത്ര പേർക്ക് പുതുതായി തൊഴിൽ ലഭ്യമാക്കാനായിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് ബാങ്കുകൾ മുഖാന്തിരം ഇതുവരെ നൽകിയ വായ്പയുടെ വിവരങ്ങൾ അറിയിക്കാമോ?

<u>**നാദാപുരം മണ്ഡലത്തിലെ സംരംഭക വർഷം പദ്ധതി**</u>

2539 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ നാദാപുരം മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എത്ര പദ്ധതികൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ മുഖേന എത്ര രൂപയുടെ നിക്ഷേപവും തൊഴിലവസരവും ഇതിനകം സൃഷ്ടിക്കാൻ സാധിച്ചുവെന്ന് ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ?

<u>**മട്ടന്നൂർ മണ്ഡലത്തിലെ കിൻഫ്രാ വ്യവസായ പാർക്ക്**</u>

2540 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ കിൻഫ്രാ വ്യവസായ പാർക്കിന്റെ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ?

<u>**മൗണ്ട് പാർക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**</u>

2541 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മൗണ്ട് പാർക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡിൻെറ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് നൽകുവാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും അതിനായുള്ള നടപടിക്രമങ്ങൾ സംബന്ധിച്ചും വ്യക്തമാക്കാമോ?

<u>**ക്യാമ്പസ് ഇൻഡസ്ട്രിയിൽ പാർക്ക് പദ്ധതി**</u>

2542 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാമ്പസ് ഇൻഡസ്ട്രിയിൽ പാർക്ക് പദ്ധതിയിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണം ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ മിനി ഐ.ടി. പാർക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കുന്നതിനുള്ള തുക റീ-ഇമ്പേഴ്സ്മെന്റ് ആയിട്ടാണ് അനുവദിക്കുന്നത് എന്നതിനാൽ സർക്കാർ ഉടമസ്ഥതയിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപങ്ങളിൽ ഈ പദ്ധതിയ്ക്കായിയുള്ള അടിസ്ഥാന സൗകര്യവികസനത്തിന്റെ തുക എപ്രകാരമാണ് കണ്ടെത്തുന്നത് എന്ന് വ്യക്തമാക്കുമോ?

## <u>കെ-സ്വിഫ്റ്റ് പദ്ധതി</u>

2543 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകർക്കായുള്ള കെ-സ്വിഫ്റ്റ് പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

## <u>വ്യവസായ സൗഹൃദ പദ്ധതി</u>

2544 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വ്യവസായ സൗഹൃദ സൂചിക നിശ്ചയിക്കുന്നതിന് ആധാരമാക്കിയിരിക്കുന്നത് അശാസ്ത്രീയമായ മാനദണ്ഡങ്ങളാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ അശാസ്ത്രീയ മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാനത്തിന് അർഹമായ സ്ഥാനം ലഭിക്കാതെ പോയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) വ്യവസായ സൗഹൃദ പദ്ധതി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ പുതുക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## <u>വ്യവസായ സംരംഭകത്വം പദ്ധതി</u>

2545 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ സംരംഭകത്വം പദ്ധതിയിൻകീഴിൽ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

## സംസ്ഥാനത്ത് ആരംഭിച്ച പുതിയ വ്യവസായങ്ങൾ

2546 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരംഭിച്ച വ്യവസായങ്ങളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വ്യവസായങ്ങൾ ആരംഭിച്ചതിലൂടെ സംസ്ഥാനത്ത് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഏകജാലക സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## പാലക്കാട് ജില്ലയിലെ സംരംഭക വർഷം 2.0 പദ്ധതി

2547 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സംരംഭക വർഷം 2.0 പദ്ധതിപ്രകാരം നാളിതുവരെ എത്ര സംരംഭങ്ങളാണ് തുടങ്ങിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ജില്ലയിൽ പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ടെന്നും എത്ര തൊഴിലവസരങ്ങൾ ഇതിലൂടെ സൃഷ്ടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## വിദ്യാർത്ഥികളെ വ്യവസായ സജ്ജരാക്കുവാനുള്ള പദ്ധതികൾ

2548 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളെ വ്യവസായ സജ്ജരും തൊഴിൽ ദാതാക്കളാക്കാൻ പ്രാപ്തിയുള്ളവരുമാക്കുക എന്നും ലക്ഷ്യത്തോടെ വ്യവസായ വകുപ്പ് പുതിയതായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

## സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭക സംസ്കാരം വളർത്തൽ

2549 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അതിലൂടെ യുവാക്കൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) യുവാക്കളുടെ സ്റ്റാർട്ടപ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാർട്ടപ് സൗഹൃദ അന്തരീക്ഷം രൂപപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തങ്ങളുടെ ഉൽപ്പന്നം /സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപവരെ നൽകുന്ന സ്കെയിൽ അപ്പ് സപ്പോർട്ട് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി വികസിപ്പിച്ചെടുക്കുന്ന നൂതന ആശയങ്ങളുടെ വാണിജ്യപരമായ ഉല്പാദനം , സംരംഭങ്ങൾ തുടങ്ങിയവ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വ്യവസായ പാർക്കുകളിൽ വിദ്യാർഥികൾക്ക് പഠനത്തിനൊപ്പം തൊഴിലിനും അവസരമൊരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എം. ജി. സർവകലാശാലയിൽ നിന്ന് ഇത്തരത്തിൽ നിർദേശം വ്യവസായ വകുപ്പിന് വന്നിട്ടുണ്ടോ?

## ഏനാദിമംഗലം കിൻഫ്രാ പാർക്ക്

2550 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ ഏനാദിമംഗലം കിൻഫ്രാ പാർക്കിൽ എത്ര ഭൂമി നിലവിലുണ്ട്; ഏതൊക്കെയാണവ എന്നറിയിക്കാമോ;

(ബി) പ്രസ്തുത പാർക്കിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും പുതിയ സ്ഥാപനങ്ങൾ പരിഗണനയിൽ ഉണ്ടോയെന്നും അറിയിക്കാമോ?

## അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിന് നടപടി

2551 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിന് സഹായകരമായ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) ദേശീയ അന്തർദേശീയ രംഗങ്ങളിലെ ഉപഭോക്താക്കൾക്ക് സംസ്ഥാനത്തെ ചെറുകിട വ്യവസായ ഉല്പാദകരുമായി ബന്ധപ്പെടാൻ സൗകര്യമൊരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെ വിപണനത്തിനായി വാണിജ്യ മിഷൻ പദ്ധതി പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## നാളികേര മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങൾ

2552 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നാളികേര മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ജില്ലയിലെ അംഗീകൃത നാളികേര മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സ്വകാര്യ/സർക്കാർ വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

## ആറ്റിങ്ങലിലെ എം.എസ്.എം.ഇ കേന്ദ്രത്തിന്റെ പ്രവർത്തനം

2553 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മൂന്ന്മുക്കിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ കേന്ദ്രത്തിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്നും പുതുതായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; വിശദമാക്കാമോ?

**ഒരു കുടുംബം ഒരു സംരംഭം പദ്ധതി വഴി ലഭിച്ച സഹായങ്ങൾ**

2554 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഒരു കുടുംബം ഒരു സംരംഭം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര സംരംഭകർക്ക് സഹായം ലഭിച്ചിട്ടുണ്ട് എന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര സംരംഭകർക്ക് സഹായം ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

**എം.എസ്.എം.ഇ.**

2555 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ എത്ര എം.എസ്.എം.ഇ.-കൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിലൂടെ എത്ര രൂപയുടെ നിക്ഷേപമാണ് ഉണ്ടായിട്ടുള്ളതെന്നും എത്ര പേർക്ക് തൊഴിൽ നൽകാൻ സാധിച്ചുവെന്നും വ്യക്തമാക്കാമോ?

**കരകൗശല വികസന കോർപ്പേറഷനിൽ നിന്നും സൗജന്യമായി നൽകിയ സമ്മാനങ്ങൾ**

2556 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല വികസന കോർപ്പേറഷനിൽ നിന്നും 01.08.2016 മുതൽ 30.04.2024 വരെയുള്ള കാലയളവിൽ ഓരോ വർഷവും എത്ര തുകയുടെ സമ്മാനങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ കരകൗശല വികസന കോർപ്പേറഷനിൽ നിന്നും വിൽപ്പന വിലയിൽ 250 രൂപയിൽ കൂടിയ സമ്മാനങ്ങൾ ആർക്കൊക്കെയാണ് നൽകിയതെന്നും ഓരോരുത്തർക്കും ഓരോ വർഷവും എത്ര തുകയുടെ സമ്മാനങ്ങളാണ് നൽകിയതെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(സി) കരകൗശല വികസന കോർപ്പേറഷന്റെ പ്രധാന വിൽപ്പനശാലയായ എസ്.എം.എസ്.എം. ഇൻസ്റ്റിട്യൂട്ടിൽ നിന്നും 01.08.2016 മുതൽ 30.04.2024

വരെയുള്ള കാലയളവിൽ ഓരോ വർഷവും എത്ര തുകയുടെ സമ്മാനങ്ങൾ, പാരിതോഷികങ്ങൾ എന്നിവ നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ, എസ്.എം.എസ്.എം. ഇൻസ്റ്റിട്യൂട്ടിൽ നിന്നും, വിൽപ്പന വിലയിൽ 250 രൂപയിൽ കൂടിയ സമ്മാനങ്ങൾ ഓരോ വർഷവും ആർക്കൊക്കെയാണ് നൽകിയതെന്നും ഓരോരുത്തർക്കും എത്ര തുകയുടെ സമ്മാനങ്ങളാണ് നൽകിയതെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ഇ) കരകൗശല വികസന കോർപ്പേറഷന്റെ മറ്റ് വിൽപ്പനശാലകളിൽ നിന്നും 01.08.2016 മുതൽ 30.04.2024 വരയുള്ള കാലയളവിൽ ഓരോ വർഷവും, എത്ര തുകയുടെ സമ്മാനങ്ങൾ/പാരിതോഷികങ്ങൾ എന്നിവ ഓരോ വിൽപ്പനശാലയിൽ നിന്നും നൽകിയെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത കാലയളവിൽ, ഓരോ വിൽപ്പനശാലയിൽ നിന്നും വിൽപ്പന വിലയിൽ 250 രൂപയിൽ കൂടിയ സമ്മാനങ്ങൾ ഓരോ വർഷവും ആർക്കൊക്കെയാണ് നൽകിയതെന്നും ഓരോരുത്തർക്കും എത്ര തുകയുടെ സമ്മാനങ്ങളാണ് നൽകിയതെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

## കൈപ്പമംഗലം മണ്ഡലത്തിലെ കുടിൽ വ്യവസായങ്ങൾ

2557 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ നിലവിൽ ഏഴ് പഞ്ചായത്തിലും കൂടി രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര കുടിൽ വ്യവസായങ്ങൾ ഉണ്ട്; ഈ കുടിൽ വ്യവസായങ്ങളെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ബി) സ്വയം തൊഴിൽ സംരംഭകത്വത്തിനായുള്ള സാമ്പത്തിക സഹായത്തിനായി ഏതെല്ലാം ഏജൻസികൾ നിലവിൽ സഹായിക്കുന്നുണ്ട്; വിശദമാക്കുമോ;

(സി) പുതുതായി പ്രഖ്യാപിച്ച ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതിയിൽ മണ്ഡലത്തിലെ എം.ഇ.എസ്. അസ്മാബി കോളേജിനെ കൂടി ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

## കേരളത്തിലെ ബാംബൂ വ്യവസായ സംരക്ഷണം

2558 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. എ. രാജ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാംബു വ്യവസായത്തെ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമായി ഈ സർക്കാർ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിവരിക്കാമോ;

(ബി) ഈ മേഖലയിൽ നിന്ന് തൊഴിലാളികൾ നിർമ്മാണ മേഖലയിലേയ്ക്ക് കുടിയേറുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്)-ന് കീഴിൽ കേരള സ്റ്റേറ്റ് ബാംബൂ മിഷൻ രൂപം കൊണ്ടതിനുശേഷം ഈ മേഖലയുടെ ഉന്നമനത്തിനായി നടത്തിയ ഇടപെടലുകൾ വിവരിക്കാമോ;

(ഡി) ബാംബൂ വ്യവസായത്തിൽ ആധുനിക ഉപകരണങ്ങളും യന്ത്രങ്ങളും ഉപയോഗിക്കുന്നതിൽ പരിശീലനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ബാംബൂ വ്യവസായത്തിനാവശ്യമായ മുള വ്യാവസായികമായി ഉല്പാദിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## ഓങ്കോളജി പാർക്ക്

2559 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓങ്കോളജി പാർക്കിനായി എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ?

## നാട്ടുകാണി അപ്പാരൽ പാർക്ക്

2560 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച നാട്ടുകാണി അപ്പാരൽ പാർക്കിന്റെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാമോ?

## ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക്

2561 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പിറവം മണ്ഡലത്തിൽ പുതിയതായി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക് പിറവത്ത് സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നിലവിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക് പിറവത്ത് ആരംഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ ചീമേനി വ്യവസായ പാർക്ക്

2562 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനി വ്യവസായ പാർക്ക് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ബജറ്റിൽ നാല് കോടി രൂപ അനുവദിക്കപ്പെട്ടിട്ടും നൂറ് ഏക്കർ ഭൂമി ലഭ്യമായിട്ടും പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

**മുണ്ടേരി വിത്തുകൃഷി തോട്ടത്തിൽ വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി**

2563 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്തു കൃഷി തോട്ടത്തിൽ വ്യവസായ പാർക്ക് ആരംഭിക്കാൻ പദ്ധതിയുണ്ടായിരുന്നോ എന്നറിയിക്കാമോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ സ്ഥല വിസ്തീർണ്ണമടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തോട്ടത്തിൽ ഏതുതരത്തിലുള്ള വ്യവസായ പാർക്കാണ് ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും ആയതിന് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളും തൽസ്ഥിതിയും വിശദമാക്കാമോ; ഇതിനാവശ്യമായ ഫണ്ട് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിച്ചിരുന്നതെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് നിലവിൽ നാളികേര വ്യവസായ പാർക്കുകൾ ഉള്ളതെന്നും ഓരോ പാർക്കിന്റെയും ഭൂമിയുടെ വിസ്തീർണ്ണം അടക്കമുള്ള വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഇവയിൽ ഏതെല്ലാം നാളികേര വ്യവസായ പാർക്കുകളാണ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ചതെന്നും അറിയിക്കാമോ;

(ഡി) മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്തുകൃഷി തോട്ടത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്ന പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

**ചാത്തന്നൂരിലെ കിൻഫ്ര വ്യവസായ പാർക്ക്**

2564 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, ചിറക്കര വില്ലേജുകളിലുൾപ്പെടുന്ന പ്രദേശങ്ങൾ ഏറ്റെടുത്ത് കിൻഫ്ര വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിലെ തണ്ണീർത്തടങ്ങളായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഒഴിവാക്കി വ്യവസായപാർക്ക് ആരംഭിക്കുന്നതിനും തണ്ണീർത്തട ഭൂമി പ്രയോജനപ്പെടുത്തി കാർഷികാധിഷ്ഠിത വികസനവും വിനോദ സഞ്ചാരവികസന പദ്ധതികൾക്കും രൂപം നൽകുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പ് സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിൽ ക്യാമ്പസ് ഇൻഡസ്ട്രിയിൽ പാർക്ക് പദ്ധതി**

2565 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിനെ ക്യാമ്പസ് ഇൻഡസ്ട്രിയിൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ബി) 25 ഏക്കർ ഭൂമിയുള്ള പ്രസ്തുത കോളേജിനെ ക്യാമ്പസ് ഇൻഡസ്ട്രിയിൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

2566 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വ്യവസായ നയങ്ങളുടെ ഭാഗമായി കുറ്റ്യാടി മണ്ഡലത്തിൽ ഉണ്ടായ പുരോഗതി എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) 2021 ജൂൺ മാസം മുതൽ ഇതുവരെയായി എത്ര പുതിയ സംരംഭങ്ങൾ കുറ്റ്യാടി മണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി എത്ര തൊഴിലവസരങ്ങൾ ഉണ്ടായി എന്നും അറിയിക്കാമോ;

(സി) സംരംഭകരെ സഹായിക്കാനായി മണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിൽ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെ എന്ന് ബന്ധപ്പെടേണ്ട മേൽവിലാസം / ഫോൺ നമ്പർ സഹിതം അറിയിക്കാമോ?

**എടരിക്കോട് ടെക്സ്റ്റൈൽസ്**

2567 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റൈൽസിൽ ലേ ഓഫ് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനം എന്ന് മുതൽ പൂർണ്ണസജ്ജമായി പ്രവർത്തനം ആരംഭിക്കാൻ സാധിക്കും എന്ന് വിശദമാക്കാമോ?

**കുന്നത്തുനാട് മണ്ഡലത്തിൽ സംരംഭക വർഷം പദ്ധതി**

2568 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ആരംഭിച്ച സംരംഭക വർഷം പദ്ധതിയുടെ എണ്ണം അറിയിക്കാമോ; പഞ്ചായത്ത് അടിസ്ഥാനത്തിൽ പദ്ധതികളുടെ വിശദാംശം

ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ മണ്ഡലത്തിൽ എത്ര തുകയുടെ നിക്ഷേപവും തൊഴിലവസരവും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

**മാവൂർ ഗ്വാളിയോർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കാനുള്ള നടപടി**

2569 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയോർ റയോൺസിന് എത്ര ഏക്കർ സ്ഥലമാണ് സർക്കാർ അക്വയർ ചെയ്ത് നൽകിയിട്ടുള്ളത്; ഇത് എന്താവശ്യത്തിനായാണ് ഏറ്റെടുത്ത് നൽകിയത്; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പ്രത്യേക ആവശ്യത്തിന് അക്വയർ ചെയ്ത ഭൂമി ഉപയോഗിക്കാത്തതിനാൽ ആയത് തിരിച്ച് ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**പുതുതായി ആരംഭിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ**

2570 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ സാമ്പത്തിക വർഷവും എത്ര വ്യവസായ സ്ഥാപനങ്ങളാണ് പുതുതായി ആരംഭിക്കുന്നത് എന്നത് സംബന്ധിച്ച് കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ; വ്യവസായ സൗഹൃദമാക്കുന്നതിന് കാലാകാലങ്ങളിൽ സ്വീകരിക്കുന്ന നയങ്ങൾ ഇവയ്ക്ക് അനുകൂലമാകുന്നുണ്ടോ; വ്യക്തമാക്കുമോ?

**നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

2571 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിൽ അത്യന്താപേക്ഷിതമായ കരിങ്കല്ല്, എം. സാൻഡ്, മെറ്റൽ എന്നിവയുടെ ഉല്പാദനം നിയന്ത്രിച്ചിരിക്കുന്നതുമൂലം സംസ്ഥാനത്ത് നിർമ്മാണ മേഖലയും വ്യവസായ മേഖലയും പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്ന് നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്നതുമൂലം സംസ്ഥാനത്തിന് ഭീമമായ വരുമാന നഷ്ടവും തൊഴിൽ നഷ്ടവും ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

**കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കാൻ നടപടി**

2572 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എ. കെ. എം. അഷ്‌റഫ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിമെന്റ്, സ്റ്റീൽ, കമ്പി, പി.വി.സി. തുടങ്ങിയ സാധനങ്ങളുടെ വിലക്കയറ്റം സംസ്ഥാനത്തെ കെട്ടിടനിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണരംഗത്തെ പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## വ്യവസായ വകുപ്പിന്റെ അധീനതയിൽ ഒഴിഞ്ഞുകിടക്കുന്ന ഭൂമി

2573 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ, സംരംഭകർക്ക് വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതിയ വ്യവസായങ്ങൾ തുടങ്ങാൻ അത്തരം ഭൂമികൾ ഉപയോഗിക്കാമോ?

## വ്യവസായ നയം

2574 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വ്യവസായ നയത്തിലൂടെ വ്യവസായ മേഖലയുടെ വികസനത്തിനായി പ്രഖ്യാപിച്ച പുതിയ പദ്ധതികളും നയങ്ങളും വിശദമാക്കാമോ;

(ബി) മേക്ക് ഇൻ കേരള സംരംഭത്തിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതികൾ

2575 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റ ഭാഗമായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) പുതിയ സംരംഭം ആരംഭിക്കുന്നതിന് വനിതാ സംരംഭകർക്ക് സർക്കാർ തലത്തിൽ ലഭ്യമാക്കുന്ന ധനസഹായങ്ങൾ ഏതൊക്കെയാണ്?

## ഒറ്റപ്പാലം മണ്ഡലത്തിലെ സംരംഭക വർഷം 2.0 പദ്ധതി

2576 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം 2.0 പ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംരംഭങ്ങൾ മുഖേന ലഭിച്ച നിക്ഷേപങ്ങളുടെയും തൊഴിലവസരങ്ങളുടെയും കണക്കുകൾ ലഭ്യമാക്കാമോ?

**കോംട്രസ്റ്റ് ഫാക്ടറിയിലെ തൊഴിലാളികളുടെ പുനരധിവാസം**

2577 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോംട്രസ്റ്റ് ഫാക്ടറിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഫാക്ടറിയിലെ തൊഴിലാളികളുടെ പുനരധിവാസത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**മലപ്പുറം ജില്ലയിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

2578 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മലപ്പുറം ജില്ലയിൽ വ്യവസായ വകുപ്പ് മുഖേന ആരംഭിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ജില്ലയിലെ ഓരോ മണ്ഡലത്തിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ജില്ലയിൽ വനിതകൾക്കായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**കാസർകോട് ജില്ലയിൽ വ്യവസായ വകുപ്പ് പദ്ധതികൾ**

2579 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് കാസർകോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

(സി) വ്യവസായ വകുപ്പ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

**കേരള സെറാമിക്സ് ലിമിറ്റഡ് കമ്പനിയിലെ ജീവനക്കാരുടെ ശമ്പളക്കരാർ**

2580 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സെറാമിക്സ് കമ്പനിയിലെ ജീവനക്കാരുടെ 2016 ഏപ്രിൽ മാസം മുതൽ 2021 മാർച്ച് മാസം അവസാനിക്കുന്ന ശമ്പളക്കരാർ 2021 ജനവരിയിൽ ഒപ്പിട്ടിട്ടും കരാറിന് അനുമതി നൽകുവാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ. പ്രസ്തുത

ശമ്പളക്കരാർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ ഡി.എ.യിലെ വർദ്ധനവ് മൂലം കൂടുതൽ ജീവനക്കാർക്കും ഇ.എസ്.ഐ. ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നത് കണക്കിലെടുത്ത് പരിധി ഉയർത്തി സൂപ്പർ സ്പെഷ്യാലിറ്റി ചികിൽസ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## പുതിയ വ്യവസായ സംരംഭങ്ങൾ

2581 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായ രണ്ടാം വർഷവും ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ ആകെ എത്ര പുതിയ സംരംഭങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളതെന്ന് ജില്ലയും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഇക്കാലയളവിൽ പ്രസ്തുത സംരംഭങ്ങൾ മുഖേന സൃഷ്ടിക്കപ്പെട്ട ആകെ തൊഴിലവസരങ്ങൾ എത്രയാണെന്ന് ജില്ലയും വർഷവും തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(ഡി) പ്രസ്തുത സംരംഭങ്ങളിൽ പ്രവർത്തനം ആരംഭിച്ച ശേഷം പ്രവർത്തനം അവസാനിപ്പിച്ച സംരംഭങ്ങൾ എത്രയെണ്ണമാണെന്നും ഇതിലൂടെ നഷ്ടമായ തൊഴിലവസരങ്ങൾ എത്രയാണെന്നും ജില്ലയും വർഷവും തിരിച്ച് അറിയിക്കാമോ;

(ഇ) ഇക്കഴിഞ്ഞ വർഷം ഏതൊക്കെ വിഭാഗങ്ങളിൽപെട്ട വ്യവസായങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്നും ഓരോ വിഭാഗത്തിലും എത്ര സംരംഭങ്ങൾ വീതമാണ് ആരംഭിച്ചിട്ടുണ്ടെന്നുമുള്ള ജില്ലതിരിച്ച കണക്ക് ലഭ്യമാക്കുമോ?

## വ്യവസായ സംഗമങ്ങൾ

2582 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 ലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വ്യവസായ വകുപ്പ് വ്യവസായ സംഗമങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെയെല്ലാം ചെലവ് സഹിതമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സംഗമങ്ങളിലൂടെ എത്ര തുകയുടെ നിക്ഷേപ വാഗ്ദാനങ്ങൾ ലഭിച്ചുവെന്നും അതിൽ എത്ര തുകയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡിലെ ആശ്രിതനിയമനം

2583 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡിലെ ജീവനക്കാരനായിരുന്ന വി.എൻ. ദാമോദരൻ സർവീസിലിരിക്കെ മരണപ്പെട്ടതിനെ തുടർന്ന് ആശ്രിതർക്ക്

ജോലി ലഭിക്കുന്നത് സംബന്ധിച്ച ടാക്സസ്-ജി2/25/2019-ടാക്സസ് നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) ആശ്രിതനിയമനം സംബന്ധിച്ച് ആശ്രിതർ സമർപ്പിച്ച അപേക്ഷയിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ നിലവിലെ തടസ്സം എന്താണെന്നും എന്നത്തേക്ക് നിയമനം നൽകാൻ സാധിക്കുമെന്നും അറിയിക്കാമോ?

**<u>സാങ്കേതിക പരിശീലനം നേടിയ വിദ്യാർത്ഥികൾക്ക് സംരംഭകത്വ പരിശീലനം</u>**

2584 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക പരിശീലനം നേടിയ വിദ്യാർത്ഥികൾക്ക് സംരംഭകത്വ പരിശീലനം നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തന്നെ സംരംഭകത്വ പരിശീലനം നൽകുന്നതിന് വ്യവസായ വകുപ്പിന്റെ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

**<u>ക്വാറിയുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം</u>**

2585 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ക്വാറിയുടെ എൽ.ഒ.ഐ (ലെറ്റർ ഓഫ് ഇന്റന്റ്) ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്ക് സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ തീർപ്പാക്കാതെ വർഷങ്ങളായി കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷകൾ സമയബന്ധിതമായി പൂർത്തീകരിച്ച് അപേക്ഷകർക്ക് മറുപടി നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിൽ വിവിധ സേവനങ്ങൾക്കായി സമർപ്പിച്ച എത്ര അപേക്ഷകൾ വർഷങ്ങളായി കെട്ടികിടപ്പുണ്ടെന്ന് വിശദമാക്കാമോ ?

**<u>മണ്ണ് എടുക്കുന്ന പ്രദേശങ്ങളിലെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടി</u>**

2586 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരിങ്കൽ /ചെങ്കൽ ഖനനം (പാറമട ) / മണ്ണ് എടുക്കൽ എന്നിവയ്ക്ക് അനുമതി നൽകുന്ന പ്രദേശങ്ങളിലെയും അയൽ പ്രദേശങ്ങളിലെയും വീടുകൾക്കും വസ്തുവകകൾക്കും ഭാവിയിൽ നാശനഷ്ടം ഉണ്ടാകാതിരിക്കാൻ സുരക്ഷ ഉറപ്പുവരുത്തുന്നതിന്, അനുമതി നൽകുന്ന ഘട്ടത്തിൽ തന്നെ എന്തെല്ലാം നിർദ്ദേശങ്ങളും നടപടികളുമാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ഖനന പ്രദേശത്തുള്ള വീടുകളും മറ്റ് വസ്തുക്കളും ഭാവിയിൽ കാലവർഷത്തിലോ മറ്റോ ഇടിഞ്ഞ് നാശനഷ്ടം സംഭവിച്ചാൽ ഖനനം നടത്തിയവരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കുന്നതിന് നിലവിൽ എന്തെങ്കിലും വ്യവസ്ഥകളുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഖനനം ചെയ്ത ഭാഗത്ത് വലിയ തോതിൽ വെള്ളം കെട്ടിനിൽക്കുന്നത് അപകടകരമായതിനാൽ ആയത് ഒഴിവാക്കുന്നതിന് ഖനനത്തിന് അനുമതി നൽകുന്ന ഘട്ടത്തിൽ തന്നെ വ്യവസ്ഥ ചെയ്യുന്നതിന് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

## വീട് നിർമ്മാണ ആവശ്യങ്ങൾക്ക് ചെങ്കല്ല് ഖനനം

2587 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മാണ ആവശ്യത്തിന് ചെങ്കല്ല് ഖനനം ചെയ്യുന്നതിന് ജില്ലാ ജിയോളജി ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ നിയമാനുസരണം അനുമതി നൽകാതെ പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൽ എന്ത് പരിഹാരനടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ 2021 മുതൽ 31.05.2024 വരെ കോഴിക്കോട് ജില്ലാ ജിയോളജി ഓഫീസിൽ വീട് നിർമ്മാണ ആവശ്യങ്ങൾക്ക് ചെങ്കല്ല് ഖനനം ചെയ്യുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ സ്വീകരിച്ച നടപടികളും വിശദീകരിക്കാമോ; എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ വീട് നിർമ്മാണാർത്ഥം ചെങ്കല്ല് ഖനനം ചെയ്യുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ;

(ഡി) വീട് നിർമ്മാണത്തിനുള്ള അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ട ജിയോളജി ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനപേര് എന്നിവ ലഭ്യമാക്കാമോ?

## സ്വകാര്യ ഭൂമിയിൽ മണ്ണ് നിക്ഷേപിക്കുന്നതിനും നീക്കം ചെയ്യുന്നതിനും വിലക്ക്

2588 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സ്വകാര്യ ഭൂമിയിൽ മണ്ണ് നിക്ഷേപിക്കുന്നതിനോ നീക്കം ചെയ്യുന്നതിനോ നിലവിൽ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്വകാര്യ ഭൂമിയിൽ മണ്ണ് നിക്ഷേപിക്കുന്നതിനോ, എടുത്തുമാറ്റുന്നതിനോ നൽകുന്ന അപേക്ഷകർക്ക് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകൾ സീനിയോരിറ്റി പ്രകാരമാണോ പരിഗണിക്കുന്നത്; ഇല്ലെങ്കിൽ അപേക്ഷകൾ സീനിയോരിറ്റി പ്രകാരം പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ ഓൺലൈൻ സേവനങ്ങൾ

2589 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മുഴുവൻ സേവനങ്ങൾക്കുള്ള അപേക്ഷകളും സമർപ്പിക്കേണ്ടത് ഓൺലൈൻ വഴി ആക്കുവാനും സീനിയോറിറ്റി പ്രകാരം അപേക്ഷകർക്ക് സേവനം ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കൈത്തറി മേഖലയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക</u>**

2590 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം കൈത്തറി വ്യവസായ മേഖലയ്ക്കുവേണ്ടി ബഡ്ജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; ഇതിൽ എത്ര തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ കടബാധ്യത തീർക്കുവാൻ കേന്ദ്ര ഗവൺമെന്റ് എത്ര കോടി രൂപ അനുവദിച്ചു; പ്രസ്തുത തുക ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൈത്തറി തൊഴിലാളി വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം പൂർണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

**<u>കൈത്തറി മേഖലയുടെ ആധുനികീകരണം</u>**

2591 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കൈത്തറി മേഖല നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിശോധനാ വിധേയമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കൈത്തറി തൊഴിലാളികളെ പ്രസ്തുത തൊഴിൽ മേഖലയിൽ നിലനിർത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) കൈത്തറി മേഖലയുടെ ആധുനികീകരണത്തിനായി വിഭാവനം ചെയ്ത പദ്ധതികൾ വിശദീകരിക്കാമോ;

(ഡി) കൈത്തറി വസ്തുങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും കയറ്റുമതിയ്ക്കുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>കൈത്തറി മേഖല ശക്തിപ്പെടുത്താൻ നടപടി</u>**

2592 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**ഖാദിബോർഡിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ**

2593 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വിട്ടുനൽകിയ സ്ഥലത്ത് ഖാദിബോർഡ് നടത്തിയിരുന്ന ചെറുകിട വ്യവസായസംരംഭങ്ങൾ കാലങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിനും, പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ ഖാദിബോർഡ് മുഖേന നടപ്പാക്കുമോ;

(സി) ഖാദിബോർഡിന്റെ ഉടമസ്ഥതയിൽ പ്രവർത്തനരഹിതമായ അവസ്ഥയിലുള്ള നൂറുകണക്കിന് സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ വ്യവസായ വകുപ്പ് ആവിഷ്കരിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി നടപ്പാക്കുമോ?

**പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിൽ സംരക്ഷണം**

2594 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിൽ സംരക്ഷണത്തിനായി 2021 മുതൽ ഈ സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഖാദി തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് കൂടിയ വേതനം നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമിലേക്ക് കേന്ദ്രസർക്കാർ വിഹിതമായി തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**കൈത്തറി ഗ്രാമം പദ്ധതി**

2595 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി ഗ്രാമം പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) തളിപ്പറമ്പ്, മൊറാഴ, മയ്യിൽ എന്നീ പ്രദേശങ്ങളിൽ കൈത്തറി ഗ്രാമം പദ്ധതി നടപ്പാക്കുന്നത് പരിഗണിക്കാമോ?

**കയർ മേഖലയിലെ വൈവിധ്യവൽക്കരണ പദ്ധതികളുടെ പുരോഗതി**

2596 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ വി ജോയി**

**ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ നടപ്പാക്കുന്ന വികസന-ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ മേഖലയിൽ നടപ്പാക്കിവരുന്ന വൈവിധ്യവൽക്കരണ പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ;

(സി) കയർ മേഖലയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്തുനിന്നുള്ള കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ വർദ്ധനവുണ്ടാകുന്നതിന് സഹായകമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കയർഫെഡ് സംഭരിച്ച ഉത്പന്നങ്ങൾക്കുള്ള വില

2597 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്ന് കയർഫെഡ് സംഭരിച്ച ഉൽപ്പന്നങ്ങൾക്കുള്ള വില നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ പ്രസ്തുത കുടിശ്ശിക സമയബന്ധിതമായി വിതരണം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## കയർ മേഖലയിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ

2598 **ശ്രീമതി യു പ്രതിഭ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖലയിൽ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ ഫലമായി കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കയറുല്പന്നങ്ങൾ രാജ്യാന്തര ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ വിപണനം നടത്തുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കയർ മേഖലയിൽ നടപ്പാക്കി വരുന്ന വൈവിധ്യവൽക്കരണ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള പ്രവൃത്തികൾ

2599 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തിരുവനന്തപുരം ജില്ലയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഇതിനായി ചെലവഴിച്ച തുകയെത്രയെന്ന് വിശദമാക്കാമോ?

## കയർ വികസന പദ്ധതി

2600 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2023 വരെയുള്ള വർഷങ്ങളിൽ നടപ്പിലാക്കിയ കയർ വികസന പദ്ധതികൾ വിശദമാക്കാമോ;

(ബി) കയർ ഉത്പന്നങ്ങളുടെ വിപണനത്തിനായി ഷോറൂമുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) കയർഭൂവസ്ത്ര വികസന പരിപാടി എന്തെന്ന് വിശദമാക്കാമോ;

(ഡി) കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്നതിന് 2021 മുതൽ 2023 വരെയുള്ള കാലയളവിൽ നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## തോട്ടണ്ടി സംഭരണം

2601 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടണ്ടി സംഭരണം ശക്തിപ്പെടുത്തി കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപക്സിന്റെയും ഫാക്ടറികളിലെ തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; തോട്ടണ്ടി സംഭരണത്തിനായി ഈ വർഷം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

2602 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

## സംസ്ഥാനത്തെ വൈദ്യുത പദ്ധതികൾ

2603 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നിർമ്മാണം പൂർത്തിയായി വരുന്ന വൈദ്യുത പദ്ധതികൾ ഏതെല്ലാമാണ്; ഇവയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വൈദ്യുതി പദ്ധതികൾ പൂർത്തിയാകുമ്പോൾ സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനത്തിൽ ഉണ്ടാകുന്ന വർധനവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## ആഭ്യന്തര വൈദ്യുതി ഉല്പാദനത്തിലെ കുറവ്

2604 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23, 2023-24 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉല്പാദനത്തിൽ ഗണ്യമായ കുറവുണ്ടാകാനുള്ള സാഹചര്യം വ്യക്തമാക്കാമോ;

(ബി) ആഭ്യന്തര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;?

**<u>മലപ്പുറം, കാസർകോട്, ഇടുക്കി ജില്ലകളിലെ വൈദ്യുതി ക്ഷാമം</u>**

2605 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിക്ഷാമം രൂക്ഷമായ മലപ്പുറം, കാസർഗോഡ് ഇടുക്കി ജില്ലകളിൽ പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത ജില്ലകളിൽ പുതിയ സബ് സ്റ്റേഷനുകൾ, ട്രാൻസ്ഫോമറുകൾ, വൈദ്യുത ലൈനുകളുടെ വിപുലീകരണം എന്നിവയ്ക്ക് തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ഭൂഗർഭ കേബിൾ വഴി വൈദ്യുതി വിതരണം</u>**

2606 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തടസ്സരഹിതമായി വൈദ്യുതി വിതരണം നടത്തുന്നതിനായി ഭൂഗർഭ കേബിൾ വഴി വൈദ്യുതി എത്തിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി നിലവിൽ എവിടെയെല്ലാമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും അത് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നും വിശദമാക്കുമോ?

**<u>നാദാപുരം മണ്ഡലത്തിൽ വൈദ്യുത ലൈൻ കേബിളാക്കുന്ന പദ്ധതി</u>**

2607 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിവിതരണ ലൈൻ കേബിളാക്കുന്ന പദ്ധതി പ്രകാരം നാദാപുരം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങളിലും സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കാൻ നടപടി

2608 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് പീക്ക് അവറുകളിൽ വർധിച്ച തോതിൽ വൈദ്യുതി ഉപയോഗിക്കുന്നത് മൂലമുള്ള ഓവർലോഡ് കാരണം ട്രാൻസ്ഫോമറുകളിൽ ഭൂരിഭാഗവും തകരാറിലാകുന്നതിനാൽ നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(സി) വൈപ്പിൻ മണ്ഡലത്തിലെ സെക്ഷനുകളിൽ നിന്നും ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി പ്രപ്പോസൽ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രപ്പോസലിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

## അധിക വൈദ്യുതി ഉല്പാദനത്തിനായുള്ള പദ്ധതികൾ

2609 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാറിക്കൊണ്ടിരിക്കുന്ന വികസന സാഹചര്യത്തെ നേരിടുന്നതിനും കൂടുതൽ വ്യവസായങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന അധിക വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## വൈദ്യുതി പ്രസരണ ശൃംഖലയുടെ നവീകരണം

2610 **ശ്രീ വി ശശി**
**ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ. വാഴൂർ സോമൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത മൂന്ന് പതിറ്റാണ്ട് കാലത്തെ വൈദ്യുതി ആവശ്യകത നിറവേറ്റാൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ വൈദ്യുതി പ്രസരണ മേഖലയിൽ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ പ്രസരണം സുഗമമാക്കുന്നതിനായി അത്യന്താധുനിക സംവിധാനങ്ങളോടെയുള്ള പ്രസരണ ശൃംഖല ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും ആദിവാസി സമൂഹങ്ങൾക്കും വെളിച്ചം എത്തിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

വിശദമാക്കുമോ;

(ഡി) സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായി വൈദ്യുതി വില കൂട്ടുന്ന വർത്തമാനകാല സാഹചര്യത്തിലും പാവപ്പെട്ടവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും നൽകുന്ന വൈദ്യുതി ഇളവുകൾ സംസ്ഥാനം നിലനിർത്തുന്നുണ്ടോ; വിശദമാക്കാമോ?

**<u>ഇടുക്കി രണ്ടാംഘട്ട വൈദ്യുത പദ്ധതി</u>**

2611 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി രണ്ടാംഘട്ട വൈദ്യുത പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പദ്ധതി മുഖേന എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ;

(സി) തൊടുപുഴ നിയോജകമണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**<u>തളിപ്പറമ്പ് മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ</u>**

2612 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ തളിപ്പറമ്പ് മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; അവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**<u>കെ.എസ്.ഇ.ബി.യിലെ സബ് എഞ്ചിനീയർ നിയമനം</u>**

2613 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ നിലവിൽ എത്ര സബ് എഞ്ചിനീയർമാരുടെ ഒഴിവുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.യിലെ സബ് എഞ്ചിനീയർമാരുടെ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

**<u>താഴേക്കോട് സബ് സ്റ്റേഷൻ പരിധിയിൽ വോൾട്ടേജ് ക്ഷാമം</u>**

2614 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴേക്കോട് സബ് സ്റ്റേഷൻ പരിധിയിൽ വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കരിങ്കല്ലത്താണി ടൗണിലെ വൈദ്യുതി മുടക്കവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിനായി ഡെഡിക്കേറ്റഡ് ഫീഡർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പന്തീരങ്കാവിൽ സബ്സ്റ്റേഷൻ നിർമ്മാണം

2615 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പന്തീരങ്കാവിൽ 110 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി എത്ര ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ബി) റവന്യൂ വകുപ്പ് ഭൂമിയുടെ വില നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ സ്ഥലം ഏറ്റെടുക്കാനുള്ള തുക റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ; വിശദമാക്കാമോ?

## വൈദ്യുതിയുടെ ഉല്പാദന ഉപഭോഗ അന്തരം

2616 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കഴിഞ്ഞ മൂന്ന് മാസത്തെ ശരാശരി വൈദ്യുതി ഉപഭോഗവും ഉല്പാദനവും എത്ര ആയിരുന്നുവെന്നും ഇവ തമ്മിലുള്ള അന്തരം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(ബി) ഉയർന്ന ഗുണമേന്മയുള്ള തടസ്സമില്ലാത്ത വൈദ്യുതി വിതരണം ലക്ഷ്യമാക്കി ഭാവിയിൽ ഉപയോഗിക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടേയും മറ്റ് ഉപകരണങ്ങളുടേയും സംഭരണം കെ.എസ്.ഇ.ബി. നടത്തിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ ഓരോന്നിന്റേയും സ്റ്റോക്ക് സംബന്ധിച്ച നിലവിലെ അവസ്ഥ വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ?

## ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ

2617 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകളാണ് ഉള്ളത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) സ്വകാര്യ സംരംഭകർക്ക് ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി ചാർജിംഗ് മെഷീന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സംരംഭകർ നിലവിൽ പദ്ധതിയുടെ ഭാഗമായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കെ.എസ്.ഇ.ബി. അടക്കമുള്ള സ്വകാര്യ കമ്പനികളുടെ ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകളിലെ നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

ഈ നിരക്ക് ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ കൂടിയ വൈദ്യുതി ബില്ല്</u>**

2618 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ചില കുടുംബങ്ങൾക്ക് ഉപയോഗിക്കുന്നതിലധികം തുകയുള്ള വൈദ്യുതി ബില്ല് ലഭിക്കുന്നതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) വളരെ സാധാരണക്കാരായ ഇവർ ഹൗസ് വയറിങ് നടത്തിയപ്പോൾ ഉണ്ടായിട്ടുള്ള ചില അപാകതകൾ നിമിത്തമാണ് ഇത്തരം അധിക ബില്ലാകുന്നതെന്ന കാര്യം ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വൈദ്യുതി ഉപയോഗവും അതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെയും കുറിച്ച് മണ്ഡലത്തിലെ തനത് വിദ്യാഭ്യാസ പദ്ധതിയായ അക്ഷരകൈരളിയുടെ ഉപവിഭാഗമായ സ്വരക്ഷയുമായി ചേർന്ന് വിദ്യാലയങ്ങളിൽ എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

**<u>അമ്പലപ്പുഴ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷന്റ് വിഭജനം</u>**

2619 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന വിവിധ തരത്തിലുള്ള ഗാർഹിക,വ്യാവസായിക ഉപഭോക്താക്കളുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത സെക്ഷന്റെ വിസ്തൃതി എത്രയാണ്; സെക്ഷന്റെ പരിധിയിൽ നിന്നും സേവനം നൽകി വരുന്ന പഞ്ചായത്തുകളുടെയും വാർഡുകളുടെയും എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഓരോവർഷവും പ്രസ്തുത ഇലക്ട്രിക്കൽ സെക്ഷന്റ പരിധിയിൽ വരുന്ന ഉപഭോക്താക്കളുടെ എണ്ണത്തിൽ വർധനവുണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; തന്മൂലം ജീവനക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും ഉപഭോക്താക്കൾക്ക് മികച്ച സേവനം നൽകുന്നതിനുമായി പ്രസ്തുത ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് തോട്ടപ്പള്ളി കേന്ദ്രമായി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>ചെറുകുന്നത്തെ കെ.എസ്.ഇ.ബി. ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാൻ നടപടി</u>**

2620 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ വർക്കല സെക്ഷനിലെ ചെറുകുന്നം പ്രദേശത്ത് കെ.എസ്.ഇ.ബി. സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് അനുയോജ്യമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുമോ;

(ബി) പ്രസ്തുത ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) നിലവിലെ ട്രാൻസ്ഫോർമറിന് സമീപത്തുള്ള വീട്ടുകാർക്ക് ട്രാൻസ്ഫോർമർ തടസ്സം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ പുരോഗതി

2621 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.യുടെ നിയന്ത്രണത്തിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വാമനപുരം മണ്ഡലത്തിൽ വിവിധ സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി. സ്ഥാപിച്ചിട്ടുള്ള ചാർജിംഗ് സ്റ്റേഷനുകളിൽ ഓരോന്നിലും നാളിതുവരെ എത്ര വാഹനങ്ങൾ ചാർജ് ചെയ്തിട്ടുണ്ടെന്നും ഓരോ ചാർജിംഗ് സ്റ്റേഷനിൽ നിന്നും ലഭിച്ച വരുമാനം എത്രയാണെന്നും വിശദമാക്കാമോ?

## കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

2622 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും അതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## ട്രാൻസ്ഫോർമർ ക്ഷാമം പരിഹരിക്കുന്നതിന് നടപടി

2623 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ ട്രാൻസ്ഫോർമറുകളുടെ ലഭ്യതക്കുറവുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ;

(ബി) ട്രാൻസ്ഫോർമർ ക്ഷാമം മൂലം പണമടച്ച സംരംഭകർക്ക് ട്രാൻസ്ഫോർമർ നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ;

(സി) വ്യവസായ സംരംഭങ്ങൾക്ക് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരമുള്ള വൈദ്യുതി ലഭ്യമാക്കാൻ സാധിക്കാതെ വരുന്നത് സംസ്ഥാനത്തെ വ്യാവസായിക വളർച്ചയ്ക്ക് തടസ്സമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പീക് അവറുകളിൽ ട്രാൻസ്ഫോർമറുകളുടെ ലഭ്യതക്കുറവ് മൂലം അതിന്റെ കപ്പാസിറ്റിയിൽ അധികം ലോഡ് ഉണ്ടാകുന്ന പ്രദേശങ്ങളിൽ വൈദ്യുതി വിതരണം സുഗമമല്ലാതാകുന്നതും തടസ്സപ്പെടുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ട്രാൻസ്ഫോർമർ ക്ഷാമം കാരണം പൊതു ട്രാൻസ്ഫോർമറുകളിൽ കപ്പാസിറ്റി കൂട്ടി കണക്ഷൻ നൽകുന്നത് സംരംഭകർക്ക് നഷ്ടം ഉണ്ടാക്കുമെന്ന പരാതി

പരിശോധിക്കുകയുണ്ടായോ;

(എഫ്) എങ്കിൽ ട്രാൻസ്ഫോർമർ ക്ഷാമം മൂലമുള്ള പരാതികൾ പരിഹരിക്കുന്നതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## സെക്യൂരിറ്റി ഡെപ്പോസിറ്റ്

2624 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളിൽ നിന്നും കെ.എസ്.ഇ.ബി. അധികമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ആവശ്യപ്പെടുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(ബി) അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയിന്മേലുള്ള പലിശ കണക്കാക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പദ്ധതികൾ

2625 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ ഒറ്റപ്പാലം മണ്ഡലത്തിൽ കെ.എസ്.ഇ.ബി. മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും അതിനായി ചെലവഴിച്ച തുക എത്രയൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കെ.എസ്.ഇ.ബി.യുടെ കീഴിൽ എത്ര സ്ഥലമാണ് ഉള്ളതെന്നും ഈ സ്ഥലങ്ങളിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവൃത്തിക്കുന്നതെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

## വൈദ്യുത വിതരണരംഗത്തെ മാറ്റങ്ങൾ

2626 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി വിതരണരംഗത്ത് നടപ്പിലാക്കി വരുന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇതു വഴി വൈദ്യുതി ലാഭിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വൈദ്യുതി വിതരണത്തിനിടെ സംഭവിക്കുന്ന അപകടങ്ങൾ നിയന്ത്രിക്കുവാൻ ഈ മാറ്റങ്ങളിലൂടെ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ

2627 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള വർധനവിന് ആനുപാതികമായി ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ ഒരുക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഗ്രീൻ ഹൗസ് വാതകങ്ങളുടെ അളവ് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാനത്ത് ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ സ്ഥാപിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ സ്ഥാപിക്കുമ്പോൾ ഈ മേഖലയിൽ ഉണ്ടാകുന്ന മറ്റ് പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ലക്ഷ്യത്തിലേയ്ക്കുള്ള ഒരു പുതിയ ചുവടുവയ്പ്പെന്ന നിലയിൽ കാർബൺ ക്രെഡിറ്റ് വിപണി എന്ന ആശയം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## വൈദ്യുതി മേഖലയ്ക്ക് ലഭിച്ച കേന്ദ്ര സഹായം

2628 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപ കാലത്ത് വൈദ്യുതി വകുപ്പിന് കേന്ദ്രത്തിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് നൽകാൻ കേന്ദ്രം സമ്മതിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര രൂപയുടെ ഫണ്ടാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഫണ്ട് ഏതൊക്കെ പ്രവൃത്തികൾക്കാണ് ചെലവഴിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ ഫണ്ട് പൂർണ്ണമായി ചെലവാക്കാൻ കഴിഞ്ഞാൽ വൈദ്യുതി മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

## വിച്ഛേദിച്ച ഗാർഹിക കണക്ഷനുകൾ പുനഃസ്ഥാപിച്ചതിന്റെ വിവരങ്ങൾ

2629 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബിൽ അടയ്ക്കാത്തതിനാൽ 2023 മാർച്ച് 1 മുതൽ നാളിതുവരെ വയനാട് ജില്ലയിൽ എത്ര ഗാർഹിക കണക്ഷനുകൾ വിച്ഛേദിച്ചിട്ടുണ്ട്;

(ബി) ഇപ്രകാരം വിച്ഛേദിച്ചതിൽ എത്ര കണക്ഷനുകൾ പുനഃസ്ഥാപിച്ച് നൽകിയിട്ടുണ്ട്;

(സി) കണക്ഷൻ വിച്ഛേദിക്കപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം വ്യക്തമാക്കാമോ;

(ഡി) കണക്ഷൻ പുനഃസ്ഥാപിക്കാത്ത പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം വ്യക്തമാക്കാമോ?

## അംഗൻജ്യോതി പദ്ധതി

2630 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻജ്യോതി പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെങ്കിലും അങ്കണവാടിയിൽ അംഗൻജ്യോതി പദ്ധതിയോ നെറ്റ് സീറോ പദ്ധതിയോ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ തദ്ദേശസ്ഥാപനമടക്കമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കുന്നതിന് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; അവയിലേതെങ്കിലും നിലമ്പൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## ഉഡുപ്പി-കരിന്തളം 400 കെ.വി. പദ്ധതി

2631 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഡുപ്പി-കരിന്തളം 400 കെ.വി. പദ്ധതിയുടെ ഭാഗമായി ഭൂമിയും കാർഷിക വിളകളും നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

## ജലവൈദ്യുത പദ്ധതികൾ

2632 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തിയാക്കിയ ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമാണെന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് ഇതിലൂടെ അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ?

## മലപ്പുറം മണ്ഡലത്തിൽ ദ്യുതി പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

2633 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്യുതി പദ്ധതി വിശദീകരിക്കാമോ; സംസ്ഥാനത്ത് ദ്യുതി പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മലപ്പുറം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾ എന്തെല്ലാമെന്നത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## ഫ്ലോട്ടിംഗ് സോളാർ പദ്ധതി

2634 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ

2635 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഇലക്ട്രിക് പോസ്റ്റുകളും അനുബന്ധ വസ്തുക്കളും ആവശ്യമായി വരുമ്പോൾ അവ സൗജന്യമായോ ഇളവുകളോടെയോ അനുവദിക്കുന്നതിന് കെ.എസ്.ഇ.ബി.യ്ക്ക് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ലൈഫ് പദ്ധതി പ്രകാരവും സന്നദ്ധ സംഘടനകളും മറ്റും മുഖേനെയും വീട് നിർമ്മിച്ച് നൽകുമ്പോൾ പ്രസ്തുത വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ എന്തെങ്കിലും ഇളവുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ

2636 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എത്ര ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ ഉണ്ടെന്നും അവ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) സ്വകാര്യ സംരംഭകർക്ക് ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ടോയെന്നും ആയത് പ്രകാരം എത്ര പേർ പ്രസ്തുത സംരംഭം ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## പേരാമ്പ്ര മണ്ഡലത്തിൽ ദ്യുതി പദ്ധതി

2637 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ദ്യുതി പദ്ധതി പ്രകാരം 2016 മുതൽ പൂർത്തിയാക്കിയ പ്രവൃത്തികൾ വിശദമാക്കാമോ; ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(ബി) മണ്ഡലത്തിലെ ചില പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

2638 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23, 2023-24 വർഷങ്ങളിൽ കുന്നത്തുനാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) 2024-25 വർഷത്തിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് മണ്ഡലത്തിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

**<u>കാർബൺ ന്യൂട്രാലിറ്റി കൈവരിക്കാൻ പദ്ധതി</u>**

2639 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദന മേഖലകളിൽ കാർബൺ ന്യൂട്രാലിറ്റിയെന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുന്നതിനും പാരമ്പര്യേതര ഊർജ്ജ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഊർജ്ജ ഉല്പാദനത്തിനൊപ്പം ഉപഭോക്താക്കൾക്ക് വരുമാനം കൂടി ലഭ്യമാകുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>നിർമ്മാണത്തിലുള്ള ജലവൈദ്യുത പദ്ധതികൾ</u>**

2640 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജലവൈദ്യുത പദ്ധതികളാണ് നിർമ്മാണത്തിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ആരംഭിച്ചത് എന്ന് മുതലാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>ചാത്തന്നൂർ പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിലെ ഗ്രാമ വെളിച്ചം പദ്ധതി</u>**

2641 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കി വരുന്ന ഗ്രാമവെളിച്ചം പദ്ധതി പ്രകാരം പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കെ.എസ്.ഇ.ബി. കുണ്ടറ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവഹണ ചുമതലയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഉടൻ നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

**<u>ഹൈടെൻഷൻ ലൈൻ മാറ്റി സ്ഥാപിക്കുന്ന നടപടി</u>**

2642 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിൽ കക്കാട് മുതൽ കാച്ചടി വരെയുള്ള പ്രദേശത്തെ ഹൈടെൻഷൻ ലൈൻ മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## <u>സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം</u>

2643 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷത്തിൽ ആകെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വർഷത്തിൽ ശരാശരി എത്ര മെഗാവാട്ടാണ് ആവശ്യമായി വരുന്നതെന്ന് വിശദമാക്കാമോ;

(സി) ഇത് ഏതൊക്കെ രീതിയിലാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഗാർഹിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് വൈദ്യുതി നൽകുന്നതെന്നും ഈ ഇനത്തിൽ നൽകിവരുന്ന വൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപ വീതമാണ് സർക്കാർ ചെലവഴിക്കുന്നതെന്നും വിശദമാക്കാമോ?

## <u>വിതരണ ശൃംഖലയിൽ ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കാൻ നടപടി</u>

2644 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ച വൈദ്യുത ഉപഭോഗം മൂലം കഴിഞ്ഞ വേനൽക്കാലത്ത് വിതരണ ശൃംഖലയ്ക്ക് താങ്ങാൻ കഴിയുന്നതിൽ കൂടുതൽ ലോഡ് വന്നതിന്റെ ഫലമായി വടക്കേ മലബാറിൽ വൈദ്യുതി വിതരണം തടസ്സപ്പെടുന്ന നില ഉണ്ടായത് കണക്കിലെടുത്ത് അടുത്ത വർഷം വിതരണ ശൃംഖല ശക്തിപ്പെടുത്താൻ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രാദേശികാടിസ്ഥാനത്തിൽ വിതരണ ശൃംഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ കണ്ടെത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

## <u>ജലവൈദ്യുതോല്പാദനം</u>

2645 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജലവൈദ്യുത പദ്ധതികൾ വൈദ്യുതി ഉല്പാദനം നടത്തുന്നുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിക്ക് എത്ര രൂപ ചെലവ് വരുമെന്ന് അറിയിക്കാമോ?

## വൈദ്യുതി കണക്ഷൻ ഫീസ് വർദ്ധനവ്

2646 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി വൈദ്യുതി കണക്ഷൻ എടുക്കുമ്പോഴുള്ള ഫീസുകളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഇനങ്ങൾക്കാണ് ഫീസ് വർദ്ധനവ് വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഫീസ് വർദ്ധനവ് എന്ന് മുതലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളതെന്നും ഓരോ ഇനത്തിലുമുണ്ടായ വർദ്ധനവും വർദ്ധനവ് വരുത്തുന്നതിന് മുൻപ് ഉണ്ടായിരുന്ന ഫീസ് എത്ര വീതമാണെന്നും അറിയിക്കാമോ;

(സി) ഉപയോഗിക്കുന്ന പോസ്റ്റുകളുടെ എണ്ണവും ലൈൻ വലിക്കുന്ന ദൂരവും കണക്കാക്കിയാണോ കണക്ഷൻ ചെലവ് നിശ്ചയിക്കുന്നത്; എങ്കിൽ മിനിമം കണക്ഷൻ ഫീസിന് പുറമെ വലിക്കേണ്ടിവരുന്ന ഓരോ മീറ്റർ ദൂരത്തിനും ഓരോ അധിക പോസ്റ്റിനും സ്റ്റേ ഉൾപ്പെടെയുള്ള മറ്റ് ഇനങ്ങൾക്കും ഈടാക്കുന്ന നിലവിലെ നിരക്കുകളും വർദ്ധനവിന് മുൻപുള്ള നിരക്കുകളും അറിയിക്കാമോ;

(ഡി) പോസ്റ്റിന്റെ എണ്ണവും ലൈനിന്റെ നീളവും കണക്കാക്കി ഫീസിടാക്കുന്നതിന് പകരം കിലോവാട്ട് അടിസ്ഥാനത്തിൽ ചെലവ് കണക്കാക്കണമെന്ന് ചട്ടങ്ങളിൽ പരാമർശിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## അനാഥാലയങ്ങൾക്ക് വൈദ്യുതി നിരക്കിൽ ഇളവ്

2647 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാഥാലയങ്ങൾക്ക് വൈദ്യുതി നിരക്കിൽ എന്തെങ്കിലും ഇളവുകൾ അനുവദിച്ചു നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ഏതെല്ലാം സ്ഥാപനങ്ങൾക്ക് നിലവിൽ വൈദ്യുതി നിരക്കിൽ ഇളവ് നൽകിവരുന്നുണ്ട്; വ്യക്തമാക്കാമോ;

(സി) വൈദ്യുതി നിരക്കിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; അതിൻമേലുള്ള നടപടി ക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്;

(ഡി) അനാഥാലയങ്ങൾക്ക് വൈദ്യുതി നിരക്ക് കുറച്ചു നൽകുന്ന കാര്യത്തിൽ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വിശദമാക്കാമോ?

## നെന്മാറ മണ്ഡലത്തിലെ സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതി

2648 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി പഞ്ചായത്തിൽ എം.എൽ.എയുടെ മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതിയുടെ പ്രവൃത്തി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വൈദ്യുതീകരണം

2649 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം പട്ടികവർഗ്ഗ സങ്കേതങ്ങളാണ് വൈദ്യുതീകരിച്ചിട്ടുള്ളത്; ജില്ലയിൽ വൈദ്യുതീകരിക്കാൻ ശേഷിക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള പദ്ധതികൾ

2650 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിനായി വകുപ്പിനുകീഴിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## വൈദ്യുതിയുടെ ശരാശരി ഉപയോഗം

2651 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതിയുടെ ഒരു മാസത്തെ ശരാശരി ഉപയോഗം എത്ര യൂണിറ്റാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ ഒരു മാസത്തെ ആഭ്യന്തര ഉല്പാദനം എത്ര യൂണിറ്റ് വൈദ്യുതിയാണെന്നും സംസ്ഥാനത്തിന്റെ ഉപയോഗത്തിനായി ഒരോ മാസവും പുറത്തു നിന്ന് വാങ്ങുന്നത് എത്ര യൂണിറ്റ് വൈദ്യുതിയാണെന്നും വിശദമാക്കാമോ?

## പുരപ്പുറ സോളാർ പദ്ധതി

2652 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതിയുടെ ഭാഗമായി എത്ര ഇടങ്ങളിൽ സോളാർ സ്ഥാപിച്ചുവെന്ന് അറിയിക്കാമോ;

(ബി) പുരപ്പുറ സോളാർ പദ്ധതിയിലൂടെ ഒരു മാസം ശരാശരി എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്നും അതിൽ എത്ര യൂണിറ്റ് കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

## സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി

2653 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എത്ര സർക്കാർ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്; കണക്കുകൾ നൽകാമോ;

(ബി) ഇവയിലൂടെ പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) എത്ര വീടുകളിലും വിദ്യാലയങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലുമാണ് സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കാൻ അപേക്ഷ ലഭിച്ചതെന്ന് വിശദമാക്കാമോ?

## ഓൺ ഗ്രിഡ് സോളാർ ഉപയോഗിക്കുന്നവർക്കുള്ള ഇൻസെന്റീവ്

2654 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹികമായി ഓൺ ഗ്രിഡ് സോളാർ ഉപയോഗിക്കുന്നവർക്ക് ഉപയോഗം കഴിഞ്ഞ് മിച്ചം വരുന്ന വൈദ്യുതിക്ക് നിലവിൽ നൽകുന്ന ഇൻസെൻറ്റീവ് എത്രയാണ് ; അത് നൽകുന്ന നിലവിലെ രീതി വിശദമാക്കാമോ;

(ബി) ഇപ്രകാരം തുക ലഭിക്കുന്നതിന് ഉപഭോക്താവ് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽ അപേക്ഷ നൽകേണ്ടതുണ്ടോ; കെ.എസ്.ഇ.ബി.കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്ക് ഉപഭോക്താവിന് അപേക്ഷ നൽകാതെ തന്നെ നൽകുന്ന രീതി അവലംബിക്കാമോയെന്ന് വ്യക്തമാക്കാമോ;

(സി) ഓൺ ഗ്രിഡ് സോളാർ സ്ഥാപിക്കുന്ന സമയത്ത് ഉപഭോക്താവിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങുന്നുണ്ടോ;എങ്കിൽ അത് തിരികെ നൽകാറുണ്ടോ; തിരികെ നൽകുന്നതിന്റെ നിബന്ധനകൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

## സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ നടപടി

2655 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ ഉപയോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി വിതരണം ചെയ്യുന്നതിനും വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനും കഴിയുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സൗരോർജ്ജ നിലയങ്ങളിലൂടെയുള്ള വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## പുരപ്പുറ സോളാർ പദ്ധതി

2656 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതി പ്രകാരം ഉല്പാദിപ്പിക്കുന്ന ഊർജ്ജത്തിന് 2024 ഏപ്രിൽ ഒന്ന് മുതൽ വൈദ്യുതി തീരുവ വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വർദ്ധനവ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പുനരുപയോഗിക്കുന്ന ഊർജസ്രോതസ്സുകളെ പിന്തുണയ്ക്കുന്നതിന്റെ ഭാഗമായി ഓൺ ഗ്രിഡ് ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി. നല്കുന്ന ഫിക്സഡ് ചാർജിന്റെ മാനദണ്ഡങ്ങൾ പുനർനിർണ്ണയിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

## പുരപ്പുറ സോളാർ പ്ലാന്റുകളിലൂടെ ഉല്പാദിപ്പിക്കുന്ന വൈദ്യുതി

2657 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പ്ലാന്റുകളിലൂടെ പ്രതിദിനം സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് ഓൺഗ്രിഡ്, ഓഫ്ഗ്രിഡ് എന്ന വിധത്തിൽ തരംതിരിച്ച് ലഭ്യമാക്കുമോ;

(ബി) പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നിലവിൽ ലഭ്യമാകുന്ന സബ്സിഡി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് കെ.എസ്.ഇ.ബി. യുടെ ഓൺഗ്രിഡ് പദ്ധതിയിൽ ചേർന്നിട്ടുള്ള ഗാർഹിക ഉപഭോക്താക്കൾ ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്കും ഉപയോഗിക്കുന്ന വൈദ്യുതിക്കുമുള്ള നിരക്കുകൾ വിശദമാക്കാമോ;

(ഡി) സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് സ്വന്തമായി വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നവർ നൽകേണ്ട വൈദ്യുതി തീരുവ സംബന്ധിച്ച വിവരങ്ങളും പ്രസ്തുത വൈദ്യുതി തീരുവ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ശിപാർശ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

## വിൻഡ് എനർജി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

2658 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വിൻഡ് എനർജി മുഖേന സംസ്ഥാനത്ത് എത്ര വൈദ്യുതി ഉല്പാദിപ്പിച്ചുവെന്ന് വിശദമാക്കുമോ;

(ബി) വിൻഡ് എനർജി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ജോലിസമയത്തെ അപകടം

2659 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും ജോലിസമയത്ത് അപകടം സംഭവിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി കൈക്കൊണ്ട നടപടികൾ പ്രകാരം അപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

## വൈദ്യുതി കുടിശിക ഈടാക്കാൻ നടപടി

2660 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷവും വൈദ്യുതി കുടിശികയിനത്തിൽ വൻ തുക അടയ്ക്കാനുള്ള സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഏതൊക്കെയാണെന്നും എത്ര തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിശിക ഈടാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കൊണ്ടോട്ടി മണ്ഡലത്തിലെ ഇലക്ട്രിസിറ്റി ഓഫീസുകൾ

2661 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽപ്പെട്ട കൊണ്ടോട്ടി, മുണ്ടക്കുളം, എടവണ്ണപ്പാറ, കാരാട്, പുളിക്കൽ എന്നീ ഇലക്ട്രിസിറ്റി ഓഫീസുകളുടെ കീഴിൽ എത്ര ഉപഭോക്താക്കളാണുള്ളതെന്ന് സെക്ഷൻ ഓഫീസ് തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ നിലവിൽ എത്ര ഉദ്യോഗസ്ഥർ ഉണ്ടെന്നും ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുവെന്നുമുള്ള വിശദാംശം സെക്ഷൻ തിരിച്ച് ലഭ്യമാക്കുമോ;

(സി) നിലവിലെ സെക്ഷൻ ഓഫീസുകൾ വിഭജിച്ചും ജീവനക്കാരുടെ ഒഴിവുള്ള തസ്തികകൾ നികത്തിയും ഉപഭോക്താക്കൾക്ക് ആവശ്യമായ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## പയ്യന്നൂർ മേഖലയിൽ പുതിയ കെ. എസ്. ഇ. ബി. സബ് സ്റ്റേഷൻ

2662 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മേഖലയിലെ കെ. എസ്. ഇ. ബി. സബ് സ്റ്റേഷനുകളുടെ ശേഷി പരമാവധിയിലെത്തിയിട്ടുള്ളതിനാൽ ഭാവിയിലെ ഉപയോഗം നികത്താൻ കഴിയുന്ന വിധത്തിൽ പുതിയ സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ 110 കെ.വി. സബ്സ്റ്റേഷൻ

2663 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ തിമിരി വില്ലേജിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; വിശദാംശം അറിയിക്കാമോ?

## പുതുക്കാട് വരന്തരപ്പിള്ളി സബ്സ്റ്റേഷൻ നിർമ്മാണം

2664 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിൽ സബ്സ്റ്റേഷൻ നിർമ്മാണത്തിന് കെ.എസ്.ഇ.ബി. നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**<u>മലക്കപ്പാറയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി</u>**

2665 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ മലക്കപ്പാറയിൽ വൈദ്യുതി വിതരണത്തിൽ തുടർച്ചയായി തടസ്സങ്ങൾ ഉണ്ടാകുന്നതും വോൾട്ടേജ് ക്ഷാമം നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) അതിരപ്പിള്ളിയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**<u>വാഴൂർ 110 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം</u>**

2666 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴൂർ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് കമ്മീഷൻ ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിന് അനുവദിച്ച തുക എത്രയെന്നും പദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുത്തതിന് ചെലവായ തുക എത്രയെന്നും അറിയിക്കാമോ;

(സി) ഈ സബ്സ്റ്റേഷന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്നും പ്രസ്തുത പ്രദേശങ്ങൾ ഇപ്പോൾ ഏതൊക്കെ സബ്സ്റ്റേഷനുകളുടെ പരിധിയിലാണ് സ്ഥിതി ചെയ്യുന്നതെന്നും അറിയിക്കാമോ?

**<u>വൈപ്പിൻ ചെറായി ഞാറയ്ക്കൽ 110 കെ.വി ഡി.സി. ലൈൻ</u>**

2667 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ചെറായി-ഞാറയ്ക്കൽ 110 കെ.വി. ഡി.സി. ലൈൻ (14.1 കീ.മി) നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും ഞാറയ്ക്കൽ 66 കെ.വി. സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി. ആയി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**<u>എങ്കക്കാട് ചാർജിംഗ് സ്റ്റേഷന്റെ പ്രവർത്തനം</u>**

2668 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ എങ്കക്കാട് 110 കെ.വി. സബ് സ്റ്റേഷന് സമീപമുള്ള ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ച് വളരെ നാളുകളായിട്ടും പ്രവർത്തനക്ഷമമല്ലാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം പൂർത്തീകരിച്ചിട്ടും പ്രസ്തുത ചാർജിംഗ് സ്റ്റേഷൻ പ്രവർത്തനക്ഷമമാകാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത ചാർജിംഗ് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ഡി) ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചെങ്കിലും പ്രവർത്തനക്ഷമമാകുവാൻ കാലതാമസമെടുക്കുന്നതിനാൽ പ്രസ്തുത സ്റ്റേഷനും അതിലെ മെഷിനറിയും അനുബന്ധ സംവിധാനങ്ങളും സ്ഥലവും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ഇ) പ്രസ്തുത ചാർജിങ് സ്റ്റേഷനോടനുബന്ധിച്ച് കഫെറ്റീരിയ പോലുള്ള പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ?

**<u>കടമ്പഴിപ്പുറത്ത് കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ</u>**

2669 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ കടമ്പഴിപ്പുറത്ത് സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം വിട്ടു നൽകുവാൻ കഴിയില്ലെന്നും പകരം പാട്ട വ്യവസ്ഥയിൽ സ്ഥലം ആവശ്യമെങ്കിൽ അതിനായി അപേക്ഷ സമർപ്പിക്കാമെന്നുമുള്ള ഇറിഗേഷൻ വകുപ്പിന്റെ അറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പാട്ട വ്യവസ്ഥയിൽ സ്ഥലം ലഭിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>കൊയിലാണ്ടി നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും വൈദ്യുതി ക്ഷാമം</u>**

2670 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് വിഭാവനം ചെയ്ത കൊയിലാണ്ടി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ?

**<u>മഞ്ചേശ്വരം പൈവളിഗെയിൽ 110 കെ.വി. സബ്സ്റ്റേഷൻ</u>**

2671 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളിഗെയിൽ പുതിയ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നത് പരിഗണനയിൽ ഉണ്ടോ; പ്രസ്തുത പദ്ധതിയുടെ ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കൊണ്ടുള്ള ഭൗതിക നേട്ടങ്ങൾ എന്താണെന്നും ആയത് എപ്പോൾ തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി.ഓഫീസുകളിലെ ജീവനക്കാരുടെ എണ്ണം

2672 **ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി.ഓഫീസുകളിലെ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിശദാംശം സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവ് നിലവിലുണ്ടെന്ന് സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കെ.എസ്.ഇ.ബി. യിലെ നിയമനങ്ങൾ

2673 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 -2024 വർഷവും 2024-25 ലെ ആദ്യ രണ്ട് മാസങ്ങളിലുമായി കെ.എസ്.ഇ.ബി. യിൽ നിന്ന് വിവിധ തസ്തികകളിലായി എത്ര ജീവനക്കാർ വിരമിച്ചുവെന്നും അതിൽ എത്ര ഒഴിവുകൾ നിയമനത്തിനായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തുവെന്നുമുള്ള കണക്കുകൾ നൽകാമോ;

(ബി) നിലവിലെ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.യിൽ എത്ര ജീവനക്കാരുടെ കുറവ് വന്നിട്ടുണ്ടെന്ന് അറിയിക്കാമോ; അതിലേക്ക് കരാർ നിയമനം നടത്തുന്നതിന് തീരുമാനമെടുക്കുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) 2023 -24 വർഷത്തിൽ വിവിധ തസ്തികകളിലായി പി.എസ്.സി, ആശ്രിത നിയമനം, സ്പോർട്സ് ക്വോട്ട, കരാർ വ്യവസ്ഥ എന്നിവ മുഖേന കെ.എസ്.ഇ.ബി.യിൽ നിയമനം ലഭിച്ച ജീവനക്കാരുടെ കണക്കുകൾ നൽകാമോ?

## എറിയാട് ഡിവിഷനിൽ ജീവനക്കാരുടെ അപര്യാപ്തത

2674 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിൽ എറിയാട് ഡിവിഷനിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ വിരമിച്ച ജീവനക്കാരെ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിനു പകരം യോഗ്യതയുള്ള പുതിയ ജീവനക്കാരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ?

## ആനത്തോട്, പമ്പ, മൂഴിയാർ, കക്കി അണക്കെട്ടുകളിൽ ടൂറിസം പദ്ധതി

2675 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള ആനത്തോട്, പമ്പ ,മൂഴിയാർ, കക്കി അണക്കെട്ടുകളിൽ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നത് ആലോചനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ?

## ഹൈഡൽ ടൂറിസം മേഖല

2676 **ശ്രീ മാത്യൂ ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈഡൽ ടൂറിസം മേഖലയുടെ വികസനത്തിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ചു വർഷത്തെ ഹൈഡൽ ടൂറിസം രംഗത്തെ പുരോഗതി വിശദമാക്കുമോ;

(സി) പ്രസ്തുത മേഖലയുടെ വികസനത്തിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## നഷ്ടപരിഹാരം അനുവദിക്കണമെന്നാവശ്യപ്പെട്ട് കോട്ടക്കൽ ശ്രീ അബ്ദുള്ള സമർപ്പിച്ച അപേക്ഷ

2677 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിച്ഛേദിക്കുന്നത് സംബന്ധിച്ച് യാതൊരു മുന്നറിയിപ്പും നൽകാതിരുന്നത് കാരണം ഊഷ്മാവിൽ വ്യതിയാനം ഉണ്ടായി പൗൾട്രി ഫാമിലെ വളർച്ചയെത്തിയ കോഴികൾ ചത്തതിനുള്ള നഷ്ടപരിഹാരം അനുവദിക്കണമെന്നാവശ്യപ്പെട്ട് കോട്ടക്കൽ ശ്രീ അബ്ദുള്ള, തുടിമ്മൽ, മേച്ചേരിപ്പറമ്പ്, ഇരിമ്പിളിയം, മലപ്പുറം എന്നയാൾ സമർപ്പിച്ച അപേക്ഷയിൻമേൽ കെ. എസ്. ഇ. ബി. സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## ഇലക്ട്രിക് പോസ്റ്റുകളിൽകൂടി സ്വകാര്യ കേബിളുകൾ വലിക്കുന്നതിനുള്ള നിബന്ധനകൾ

2678 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് പോസ്റ്റുകളിൽ കൂടി സ്വകാര്യ ടെലിവിഷൻ ചാനലുകൾക്കും മറ്റും കേബിൾ വലിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നിബന്ധനകളാണ് ഇതിനായി പാലിക്കേണ്ടത്;

(സി) അശാസ്ത്രീയമായി കേബിളുകൾ വലിക്കുന്നത് മൂലം അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## പുതുക്കാട് മണ്ഡലത്തിലെ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ

2679 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ ഇ-വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് വേണ്ടി എത്ര വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവർത്തന സജ്ജമായെന്നും അറിയിക്കാമോ;

(ബി) മുഴുവൻ ചാർജ്ജിംഗ് സ്റ്റേഷനുകളും പ്രവർത്തനക്ഷമമാക്കി ഉദ്ഘാടനം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ ഉണ്ടായ കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## സോളാർ വൈദ്യുത ഉല്പാദനത്തിലെ വർദ്ധനവ് സംബന്ധിച്ച്

2680 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ വൈദ്യുത ഉല്പാദനത്തിൽ വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷക്കാലമായി പ്രതിവർഷം എത്ര യൂണിറ്റ് വീതം വൈദ്യുതിയാണ് ഉല്പാദിപ്പിച്ചിരുന്നതെന്ന് വിശദമാക്കുമോ?

## സൗജന്യ സോളാർ നിലയം അനുവദിക്കുന്നതിന് നടപടി

2681 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക പമ്പുകൾ സൗരോർജ്ജത്താൽ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കർഷകരുടെ പമ്പ് സെറ്റുകൾ പ്രവർത്തിപ്പിക്കാൻ സൗജന്യ സോളാർ നിലയം അനുവദിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## സോളാർ ആന്റ് വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റ്

2682 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ ഊർജ്ജോല്പാദന പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ;

(ബി) സൗരോർജ്ജ പദ്ധതികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) സോളാർ ആന്റ് വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) വൈദ്യുതി ബോർഡ്, അനർട്ട് എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സൗരോർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ബൃഹദ് പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

## സോളാർ വൈദ്യുത പദ്ധതി

2683 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിലും സ്ഥാപനങ്ങളിലുമായി സർക്കാർ നടപ്പാക്കുന്ന സോളാർ വൈദ്യുത പദ്ധതി സംബന്ധിച്ച് നടക്കുന്ന തെറ്റായ പ്രചാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം പ്രചാരണങ്ങൾക്കെതിരായ ബോധവൽക്കരണ പരിപാടികൾ ആരംഭിക്കുമോ;

(ബി) സോളാർ വൈദ്യുത പദ്ധതിയ്ക്ക് നൽകുന്ന സബ്സിഡി യഥാസമയം അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## പുരപ്പുറസോളാർ പദ്ധതിയിലൂടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത്

2684 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതിയിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) പുരപ്പുറസോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിനും ഊർജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിൽ പ്രസ്തുത പദ്ധതി ഏതൊക്കെ സ്ഥാപനങ്ങളിലും വീടുകളിലുമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## അനർട്ടിലെ വിരമിക്കലും തുടർ നിയമനവും

2685 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിൽ നിന്നും 2024-ൽ എത്ര പേർ വിരമിച്ചിട്ടുണ്ടെന്നും വിരമിച്ചവരിൽ ആരെങ്കിലും ജോലിയിൽ തുടരുന്നുണ്ടോയെന്നും തുടരുന്നുണ്ടെങ്കിൽ ആയതിന്റെ കാരണം എന്തെന്നും വിശദമാക്കാമോ?

## പുരപ്പുറ സോളാർ വൈദ്യുതോൽപ്പാദന പദ്ധതി

2686 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതിയിൽ 2024-ൽ എത്ര ഗാർഹിക ഉല്പാദകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; അതിൽ എത്ര അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി കൂടുതൽ ആകർഷകമാക്കാനും വ്യാപിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കാസർകോട് ജില്ലയിലെ തുറമുഖം

2687 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ തുറമുഖം നിലവിലുണ്ടായിരുന്നോ; എങ്കിൽ പ്രസ്തുത തുറമുഖം എവിടെയായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം രാജ്യങ്ങളുമായുള്ള വ്യപാര ബന്ധത്തിന് ഈ തുറമുഖം ഉപയോഗപ്പെടുത്തിയിരുന്നുവെന്നും ഏതൊക്കെ രീതിയിലുള്ള കപ്പലുകൾ ഇവിടെ വന്നിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) ഈ തുറമുഖം പുന:രുജ്ജീവിപ്പിക്കാൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ?

## തീരക്കടൽ കപ്പൽ ഗതാഗതം

2688 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തീരക്കടൽ കപ്പൽ ഗതാഗതം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി സാധ്യത പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## വിഴിഞ്ഞം തുറമുഖ പദ്ധതി മൂലം തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

2689 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിമൂലം തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും തുറമുഖാനുബന്ധ തൊഴിൽ പരിശീലനം നല്ന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളെ തുടർന്ന് തൊഴിലും വരുമാനവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൈത്താങ്ങ് എന്ന

നിലയിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് വയബിലിറ്റി ഗ്യാപ് ഫണ്ട്

2690 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിന് വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാക്കുന്നതിനായി ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുന്നതിന് സഭായോഗം അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ വ്യവസ്ഥകൾ പ്രകാരമാണ് അനുമതി നൽകിയത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ട പൂർത്തീകരണത്തിന് കാലതാമസം ഉണ്ടായതിനാൽ ലഭിക്കേണ്ടിയിരുന്ന നഷ്ടപരിഹാരം ഒഴിവാക്കിക്കൊണ്ട് അഞ്ചുവർഷം കൂടി കരാർ ദീർഘിപ്പിച്ചു നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇപ്രകാരം കരാർ ദീർഘിപ്പിച്ച് നൽകിയതിലൂടെ നഷ്ടപരിഹാരയിനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

## വിഴിഞ്ഞം തുറമുഖത്തിന്റെ സുരക്ഷ

2691 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തെ അട്ടിമറിക്കുന്നതിന് വിദേശ സഹായത്തോടെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ ശ്രമിക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുറമുഖത്തിന് അന്താരാഷ്ട്ര തുറമുഖ പരിപാലനവുമായി ബന്ധപ്പെട്ട ഇന്റർനാഷണൽ ഷിപ്പ് ആൻഡ് പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി കോഡ് ലഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്കുള്ള റെയിൽവേ ലൈണ്

2692 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്കുള്ള റെയിൽവേ ലൈനിന്റെ നിർമ്മാണച്ചുമതല നൽകിയത് ഏത് ഏജൻസിക്കാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത നിർമ്മാണപദ്ധതിക്ക് അന്തിമാനുമതി നൽകിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ മൊത്തം അടങ്കൽ തുക കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണെന്ന് അറിയിക്കാമോ; നിർദ്ദിഷ്ട ഭൂഗർഭ റെയിൽവേ നിർമ്മാണമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പാരിസ്ഥിതിക പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉപരിതലത്തിൽ റെയിൽവേ ലൈൻ നിർമ്മിക്കുന്നതിനുള്ള അടങ്കൽ തുക എത്രയെന്ന് കണക്കാക്കിയിരുന്നോ; എ ങ്കിൽ എത്രയെന്നറിയിക്കുമോ; പ്രസ്തുത

റെയിൽവേ ലൈൻ നിർമ്മിക്കുന്നതിനുള്ള തീരുമാനം ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഭൂഗർഭ റെയിൽവേ ലൈൻ കടന്നുപോകുന്ന റൂട്ടിന്റെ ഉപരിതലത്തിൽ ബഫർ സോൺ ഉൾപ്പെടെയുള്ള നിക്ഷിപ്ത ഏരിയ ഉണ്ടാകുമോ; അത് ആ മേഖലയിലെ ഭൂമി ഉപയോഗത്തെ ബാധിക്കുമോ; എങ്കിൽ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുമോ; വിശദമാക്കുമോ;

(ഇ) പ്രസ്തുത റെയിൽവെ ടണൽ ഭൂഗർഭ ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുമെന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ?

**വിഴിഞ്ഞം തുറമുഖം ഒന്നാംഘട്ട കമ്മീഷനിംഗിനുള്ള പ്രവൃത്തികൾ**

2693 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം ഒന്നാംഘട്ട കമ്മീഷനിംഗിനുള്ള പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ടോ; തുറമുഖം ഒന്നാംഘട്ട പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ;

(ബി) നിർമ്മാണ കമ്പനിക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ?

**വിഴിഞ്ഞം തുറമുഖത്തിലെ തൊഴിൽ സാധ്യതകൾ**

2694 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം പ്രവർത്തനസജ്ജമാകുമ്പോഴുണ്ടാകുന്ന തൊഴിൽ സാധ്യതകൾ എന്തൊക്കെയാണെന്നും അവയിലേക്കുള്ള നിയമനങ്ങൾ സർക്കാർ നിയന്ത്രണത്തിലാണോ നടപ്പിലാക്കുന്നതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ജോലികളേയും അതിലേക്കുള്ള നിയമന നടപടികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**വിഴിഞ്ഞം തുറമുഖം- റെയിൽ കണക്ടിവിറ്റി അലൈൻമെന്റ് പദ്ധതി**

2695 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തേക്കുള്ള റെയിൽ കണക്ടിവിറ്റി അലൈൻമെന്റിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതിന്റെ സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസിയെ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അവർക്ക് എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

## പൊന്നാനി തുറമുഖനിർമ്മാണം

2696 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി തുറമുഖനിർമ്മാണത്തിനായി അനുവദിക്കപ്പെട്ട ഭൂമിയിൽ നിലവിൽ തുറമുഖത്തിനൊ മറ്റ് ആവശ്യങ്ങൾക്കൊ വേണ്ടി ഏതെങ്കിലും തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തുറമുഖം യാഥാർത്ഥ്യമാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) അതിനായി 2021-22, 2022-23, 2023-24 എന്നീ വർഷങ്ങളിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലയളവിൽ പൊന്നാനി തുറമുഖനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി (എം.പി.പി.സി.) 29/11/2011 ന് ഏർപ്പെട്ടിരുന്ന കരാർ റദ്ദ് ചെയ്തതിനുശേഷം പ്രസ്തുത തുറമുഖം യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്കായി എച്ച് .ഇ.ഡി. തയ്യാറാക്കുന്ന ഡി.പി.ആർ. ന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## അഴീക്കൽ പോർട്ടിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരങ്ങൾ

2697 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ പോർട്ടിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരങ്ങൾ അറിയിക്കാമോ; ആയത് വില്ലേജ്, ബ്ലോക്ക്, സർവ്വേ നമ്പർ, എന്നിവ തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ പോർട്ടിന്റെ ഓഫീസ് സംവിധാനങ്ങൾ അല്ലാതെയുള്ള കെട്ടിടങ്ങൾ ഉണ്ടോയെന്നുള്ള വിശദാംശം നൽകാമോ?

## ബോട്ട് മാസ്റ്റർ ലൈസൻസ്

2698 **ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പ് വഴി നിലവിൽ പുതുക്കി നൽകുന്ന ലൈസൻസുകൾ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(ബി) ജലഗതാഗത വകുപ്പിൽ മാത്രം ഉപയോഗിക്കുന്ന ബോട്ട് മാസ്റ്റർ ലൈസൻസ് നിലവിൽ നൽകുന്നതും പുതുക്കുന്നതും തുറമുഖ വകുപ്പാണോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇറിഗേഷൻ വകുപ്പ് മുഖേന നൽകിയിരുന്ന ബോട്ട് മാസ്റ്റർ ലൈസൻസ് തുറമുഖ വകുപ്പ് മുഖേന നൽകണമെന്ന് കെ.ഐ.വി. റൂളിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

## തുറമുഖ ഭൂമി ടൂറിസം പ്രോജക്ടുകൾക്ക് വിട്ടു നൽകാൻ നടപടി

2699 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിലുള്ള തുറമുഖ ഭൂമി ടൂറിസം പ്രോജക്ടുകൾക്കായി വിട്ടു നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലത്ത് എത്ര ഭൂമിയാണ് ഇതിനായി വിട്ടു നൽകാൻ തീരുമാനിച്ചിട്ടുള്ളതെന്നും നാളിതുവരെ എന്തൊക്കെ നടപടികൾ ഇതിനായി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പി. പി. പി. മാതൃകയിലാണോ പദ്ധതി നടപ്പാക്കുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; നാളിതുവരെ ഏതൊക്കെ ഏജൻസികൾ പദ്ധതികൾ ഏറ്റെടുക്കുവാൻ മുന്നോട്ടുവന്നിട്ടുണ്ട് ?

## കലാകാരൻമാർക്കായി സഹകരണ സംഘം

2700 **ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കലാകാരൻമാർക്കായി സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സഹകരണ സംഘത്തിൽ ഏതൊക്കെ മേഖലയിലെ കലാകാരൻമാരെയാണ് ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

## സഹകരണ മേഖലയിലെ ഓഡിറ്റ്

2701 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനായി നടപടികൾ സ്വീകരിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ;

(ബി) ഓഡിറ്റർമാരുടെ നിയമനം ഉൾപ്പെടെ ഓഡിറ്റിന്റെ രീതി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

## സഹകരണ സ്ഥാപനങ്ങളിൽ പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കൽ

2702 **ശ്രീ ഒ . ആർ. കേളു** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപം, തൊഴിൽ എന്നീ മേഖലകളിലേക്ക് പട്ടിക വർഗ്ഗക്കാരെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിൽ അവസരങ്ങളിൽ പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) വയനാട് ജില്ലയിലെ പട്ടികവർഗ്ഗക്കാർക്ക് സഹകരണ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ റിസ്ക് ഫണ്ട് അപേക്ഷകൾ

2703 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ നിന്നും എത്ര റിസ്ക് ഫണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും ഇവയിൽ എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ഇനി ധനസഹായം കിട്ടാനുള്ളവർ ആരെല്ലാമെന്നും ഇവരുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

## സർക്കിൾ സഹകരണ യൂണിയനുകളുടെ രൂപീകരണം

2704 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി നിലവിൽ വന്ന താലൂക്കുകളിൽ സർക്കിൾ സഹകരണ യൂണിയനുകൾ രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നുണ്ടോ; അതുമായി ബന്ധപ്പെട്ട് സംസ്ഥാന സഹകരണ യൂണിയന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## സഹകരണ മേഖലയിലെ ഉല്പന്നങ്ങളുടെ കയറ്റുമതി

2705 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ഉല്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ബിസിനസ് മീറ്റ് സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മീറ്റിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ വിശദമാക്കാമോ;

(ബി) സഹകരണ മേഖലയിലെ കാർഷിക ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് അഗ്രികൾച്ചറൽ ആന്റ് പ്രോസസ്ഡ് ഫുഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയുമായി സഹകരിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## മഞ്ചേശ്വരം താലൂക്കിലെ സഹകരണ സ്ഥാപനങ്ങൾ

2706 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിലെ സഹകരണ സ്ഥാപനങ്ങളുടെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ 2023- 24 വർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത താലൂക്കിൽ കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ തുടങ്ങിയ സഹകരണ സ്ഥാപനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

## ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ ആശ്രിത നിയമനം

2707 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേക്ക് ആശ്രിത നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെ അഗ്രി.-ഇ.ബി.3/12/2023 നമ്പർ ഫയലിൽ സഹകരണ വകുപ്പ് നൽകിയ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) 2019-ൽ ഉൾപ്പെടെ പ്രസ്തുത തസ്തികയിൽ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട ഫയലിൽ നൽകിയ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) അത് പ്രകാരം കൃഷി വകുപ്പിന്റെ അഗ്രി.-ഇ.ബി.3/12/2023 നമ്പർ ഫയലിൽ നൽകിയ അഭിപ്രായം പുനഃപരിശോധിക്കുന്നതിനും അപേക്ഷകന് ആശ്രിത നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

## സഹകരണ മേഖലയുടെ സുസ്ഥിര വികസനം സാധ്യമാക്കാൻ പദ്ധതി

2708 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) സഹകരണ മേഖലയിൽ സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിനും അനഭിലഷണീയ പ്രവണതകൾ ഇല്ലാതാക്കുന്നതിനുമായി രൂപം നൽകിയ നിയമ ഭേദഗതികൾ പ്രാബല്യത്തിലായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സമഗ്ര സഹകരണ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## സർഫാസി നിയമ പ്രകാരം സ്വീകരിച്ച നടപടികൾ

2709 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സർഫാസി ആക്ട് പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ആക്ട് പ്രകാരം ഏതൊക്കെ ബാങ്കുകൾ ജപ്തി നടപടികൾ നടത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകാമോ;

(സി) പ്രസ്തുത ആക്ട് പ്രകാരം ഇനി ജപ്തി നടപ്പിലാക്കാൻ പോകുന്ന ബാങ്കുകളുടെ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## <u>സഹകരണസ്ഥാപനങ്ങളിലെ അപ്രൈസർമാർ</u>

2710 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണപ്പണയവായ്പ അനുവദിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ അപ്രൈസർമാരുടെ തസ്തിക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയുടെ സേവനവേതന വ്യവസ്ഥകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) അപ്രൈസർ തസ്തിക സംബന്ധമായ പഠനങ്ങൾ നടത്തുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ?

## <u>സഹകരണ രജിസ്ട്രാർ ഓഫീസുകളിലെ ആർബിട്രേഷൻ കേസുകൾ</u>

2711 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമത്തിലെ വകുപ്പ് 69 പ്രകാരം സംസ്ഥാനത്ത് വിവിധ രജിസ്ട്രാർ ഓഫീസ് മുൻപാകെ സമർപ്പിക്കപ്പെട്ട ആർബിട്രേഷൻ കേസുകളുടെ ഫീസ് ഇനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ എത്ര രൂപ വരുമാനമായി ലഭിച്ചുവെന്ന് അറിയിക്കാമോ;

(ബി) സഹകരണ സംഘം അസി.രജിസ്ട്രാർ ആഫീസ് മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ള ആർബിട്രേഷൻ കേസുകളിൽ 70-ാം വകുപ്പ് പ്രകാരം മദ്ധ്യസ്ഥൻ തീർപ്പ് കൽപ്പിച്ചിട്ടുള്ള കേസുകളുടെ വിധി പകർപ്പുകൾ തയ്യാറാക്കുന്നതിനും അത് ബന്ധപ്പെട്ട കക്ഷികൾക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ;

(സി) ആർബിട്രേഷൻ കേസ് സംബന്ധമായ വിവരങ്ങൾ/നടപടികൾ കക്ഷികൾക്ക് ലഭ്യമാക്കുന്നതിന് ആധുനിക വിവര വിനിമയ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) സഹകരണ നിയമത്തിലെ 76-ാം വകുപ്പ് പ്രകാരമുള്ള വിധി നടത്തിപ്പ് അപേക്ഷാ ഫയലുകളിൽ എ & ഇ ഇൻസ്പെക്ടർ/സെയിൽ ഓഫീസർമാർ പ്രതിമാസം എത്ര ഫയലുകൾ തീർപ്പാക്കണമെന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ഉത്തരവുകൾ/സർക്കുലറുകൾ നിലവിലുണ്ടോ; ഫയലുകൾ തീർപ്പാക്കുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ടാർജെറ്റുകൾ നിശ്ചയിച്ചു നൽകിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) സഹകരണ ചട്ടങ്ങൾ 76,81 പ്രകാരമുള്ള ജംഗമവസ്തു ലേലം, സ്ഥാവരവസ്തു ലേലം എന്നീ നടപടികൾക്ക് ആവശ്യമായ നോട്ടീസും, ഫോറം 1,2,5,7,8,9 എന്നീ ഫോമുകളും പ്രസിദ്ധീകരിച്ച് പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) സഹകരണ നിയമ പ്രകാരമുള്ള വിധി നടത്തിപ്പ് നടപടിക്രമങ്ങൾ വിശദമാക്കാമോ?

## പ്രാഥമിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ

2712 **ഡോ. കെ. ടി. ജലീൽ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ എല്ലാവിധ ആധുനിക സാങ്കേതിക സേവനങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കുമെന്നും അതിലൂടെ സഹകരണ ബാങ്കുകളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബാങ്കായി ഉയർത്തുമെന്നുള്ള പ്രകടന പത്രികയിലെ പ്രഖ്യാപനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണ സ്ഥാപനങ്ങളിൽ സമയ നഷ്ടവും കാലതാമസവുമില്ലാതെ സേവനങ്ങൾ നൽകുന്ന തരത്തിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രാഥമിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാമാക്കുമോ?

## കോ-ഓപ്പറേറ്റീവ് കോളേജുകളുടെ പ്രവർത്തനം

2713 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാന്തര വിദ്യാഭ്യാസം നടത്തുന്ന എത്ര സഹകരണ കോളേജുകൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ ; ഇത്തരം കോളേജുകൾക്കായുള്ള പദ്ധതികളുടെയും നൽകിവരുന്ന സാമ്പത്തിക സഹായങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) യൂണിവേഴ്സിറ്റികളിൽ പ്രൈവറ്റ് റജിസ്ട്രേഷൻ കോഴ്സുകൾ ഭാഗികമായി നിർത്തിയതോടെ കോ-ഓപ്പറേറ്റീവ് കോളേജുകളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോപ്പറേറ്റീവ് കോളേജുകളെ സംരക്ഷിക്കാനും നിലനിർത്താനും എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

## സഹകരണ നിക്ഷേപ സമാഹരണം

2714 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സഹകരണ നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ചതെന്നും എത്ര കോടി രൂപയുടെ നിക്ഷേപം സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും ഏതൊക്കെ കാലയളവിലാണ് നിക്ഷേപ സമാഹരണം നടത്തിയതെന്നും ഓരോ കാലയളവിലും എത്ര കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാൻ സാധിച്ചുവെന്നുമുള്ള വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഊരാളുങ്കൽ സൊസൈറ്റി പോലെയുള്ള ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളെ മേൽപ്പറഞ്ഞ നിക്ഷേപ സമാഹരണത്തിന്റെ ഭാഗമാക്കിയിട്ടുണ്ടോ; എങ്കിൽ ഊരാളുങ്കൽ മുഖേന എത്ര കോടി രൂപയുടെ നിക്ഷേപം ഓരോ ഘട്ടത്തിലും സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇതിനായി സൊസൈറ്റിക്ക് പ്രത്യേക ഇളവുകൾ നൽകിയിട്ടുണ്ടോ; വിശദാംശം നല്കാമോ?

## നിക്ഷേപ സമാഹരണവും റിസ്ക് ഫണ്ട് വിതരണവും

2715 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ നിക്ഷേപ സമാഹരണത്തിലൂടെ ലക്ഷ്യം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് സമാഹരിക്കാൻ സാധിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ റിസ്ക് ഫണ്ട് വഴി എത്ര പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## സഹകരണ മേഖലയിൽ യുവജനങ്ങളെ ആകർഷിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ

2716 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനുമായി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി യുവജനസംഘങ്ങൾ രൂപീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിൽ യുവജന സംഘങ്ങൾ രൂപീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇത്തരത്തിൽ രൂപീകരിച്ചിട്ടുള്ള സംഘങ്ങൾ അവയുടെ രൂപീകരണ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## സഹകരണ സ്ഥാപനങ്ങളിലെ വായ്പാ കുടിശിക

2717 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയിൽ നിലവിലുള്ള വായ്പാകുടിശിക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) തിരിച്ചടവ് കുടിശിക വരുത്തിയവർക്ക് വേണ്ടി 2023-24 സാമ്പത്തിക വർഷത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എത്ര പ്രാവശ്യം നടത്തിയിരുന്നുവെന്നും അതിലൂടെ ലഭ്യമായ തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) വായ്പാ തിരിച്ചടവ് കുടിശിക വരുത്തിയവർക്ക് വേണ്ടി 2024-25 സാമ്പത്തിക വർഷത്തിൽ നടത്തിയതും നടത്താൻ ഉദ്ദേശിക്കുന്നതുമായ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ഡി) നിലവിൽ വായ്പ എടുത്തവരിൽ തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാത്തവർക്ക് തിരിച്ചടവ് കാലാവധി നീട്ടിക്കൊടുക്കുകയോ തുക എഴുതി തള്ളുകയോ മറ്റു ഇളവുകൾ നൽകുകയോ ചെയ്യുമോ; വ്യക്തമാക്കുമോ?

**<u>സഹകരണ മേഖലയിൽ രൂപീകൃതമായ യുവജന സഹകരണ സംഘങ്ങൾ</u>**

2718 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്ന ശേഷം എത്ര യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നുവെന്ന വിവരം അറിയിക്കാമോ; യുവജന സംഘങ്ങൾ അവയുടെ രൂപീകരണ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം സഹകരണ മേഖലയിൽ യുവജന സഹകരണ സംഘങ്ങൾ ഏതൊക്കെ മേഖലകളിലാണ് രൂപീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(സി) ഈ സർക്കാർ വന്നതിന് ശേഷം രൂപികൃതമായതും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്നതുമായ യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിശദമാക്കാമോ?

**<u>ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തിക</u>**

2719 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. 21.10.2021-ൽ പ്രസിദ്ധീകരിച്ച സഹകരണ വകുപ്പ് ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>സഹകരണ മേഖലയിലെ ആശുപത്രികൾ</u>**

2720 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ എത്ര ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണആശുപത്രികളുടെ 2022-23, 2023-24 സാമ്പത്തിക വർഷത്തെ അറ്റ ലാഭവും, അറ്റ നഷ്ടവും എത്രയാണെന്ന് ഒരോ ആശുപത്രിയുടെയും പേര് സഹിതം

തരം തിരിച്ചുള്ള വിവരങ്ങൾ നല്കാമോ;

(സി) ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരോ സഹകരണ ആശുപത്രിയും ഓഹരി ഉടമകൾക്ക് എത്ര ശതമാനം ലാഭ വിഹിതമാണ് നൽകിയതെന്നുള്ള വിവരം തരം തിരിച്ച് വ്യക്തമാക്കുമോ?

## സഹകരണസംഘങ്ങളുടെയും ബാങ്കുകളുടെയും പലിശ രഹിത വായ്പ പദ്ധതി

2721 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്കായി സഹകരണസംഘങ്ങളും ബാങ്കുകളും പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനുദ്ദേശിക്കുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നല്കിയതെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം തലത്തിലുള്ള സഹകരണസംഘങ്ങളും ബാങ്കുകളുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

## റിസ്ക് ഫണ്ട് ധനസഹായം

2722 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം സഹകരണ വകുപ്പ് എത്ര കോടി രൂപയാണ് സഹകരണ ബാങ്കുകളിലെ വായ്പകളിൽ റിസ്ക് ഫണ്ട് ഇനത്തിൽ ധനസഹായമായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ റിസ്ക് ഫണ്ട് അപേക്ഷകൾ

2723 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി അരുവിക്കര മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ബാങ്ക് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ആനുകൂല്യം അനുവദിച്ചത്, നിരസിച്ചത്, ഇനി തീർപ്പാക്കാനുള്ളത് എന്നിവയുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ നൽകാമോ?

## റിസ്ക് ഫണ്ട് വിതരണം

2724 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിസ്ക് ഫണ്ട് ബോർഡ് വഴി 2016 മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ റിസ്ക് ഫണ്ട് സഹായമാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്ര അപേക്ഷകൾ ഈ ഇനത്തിൽ തീർപ്പ് കൽപിക്കുവാൻ ശേഷിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

**<u>സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി</u>**

2725 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021-22, 2022-23, 2023-24 എന്നീ വർഷങ്ങളിൽ സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിശദാംശം നൽകാമോ?

**<u>സഹകാരി സാന്ത്വനം പദ്ധതി</u>**

2726 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകാരി സാന്ത്വനം പദ്ധതിയിലൂടെ ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

**<u>കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ റിസ്ക് ഫണ്ട് പദ്ധതി</u>**

2727 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന റിസ്ക് ഫണ്ട് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) നിർജ്ജീവാവസ്ഥയിലുള്ള സഹകരണ സംഘങ്ങളെ പുനരുദ്ധരിപ്പിക്കുന്നതിന് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>സഹകരണ മേഖലയുടെ വൈവിധ്യവത്കരണം</u>**

2728 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം സഹകരണ മേഖലയുടെ വൈവിധ്യവത്കരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) നവരത്നസംഘങ്ങൾ എന്ന നിലയിലേയ്ക്ക് വിവിധ മേഖലകളിലെ സഹകരണ സംഘങ്ങളെ പ്രവർത്തന മികവുള്ളതാക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സഹകരണമേഖലയുടെ കൺസോർഷ്യം രൂപീകരിച്ച് അതിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ കാർഷിക, വ്യാവസായിക, ഉൾനാടൻ മത്സ്യകൃഷി മേഖലകളിലെ ഉല്പന്നങ്ങളും അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളും

കേരളാ ബ്രാൻഡിംഗ് മുഖേന ലോകവിപണിയിലേക്ക് വ്യാപിപ്പിക്കാൻ കർമ്മപദ്ധതി ആവിഷ്കരിക്കാമോ?

## സഹകരണ ജീവനക്കാരുടെ ഇൻഷ്വറൻസ് പദ്ധതി

2729 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഇൻഷ്വറൻസ് മാതൃകയിൽ സഹകരണ ജീവനക്കാർക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് ഇൻഷ്വറൻസ് പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ശുചിത്വം സഹകരണം പദ്ധതിയും ജീ-ബിൻ സാങ്കേതികവിദ്യയും

2730 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന ശീലം മാറ്റുന്നതിനും പുതിയ മാലിന്യ നിർമ്മാർജ്ജന - ശുചിത്വ സംസ്കാരം രൂപപ്പെടുത്തുന്നതിനും സഹകരണ വകുപ്പ് കൂടുതൽ സജീവമായി ഇടപെടേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ശുചിത്വം സഹകരണം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കോട്ടയത്തെ ഇ-നാട് യുവജനസംഘം ജീ-ബിൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ജീ-ബിൻ സാങ്കേതികവിദ്യ ഉപയോഗിച്ച് ഉറവിട മാലിന്യ സംസ്കരണം നടത്താൻ സഹകരണ വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ എർപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ജീ-ബിന്നിലൂടെ ലഭിക്കുന്ന വളം ബ്രാൻഡ് ചെയ്ത് വിപണിയിലെത്തിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

## ഇടുക്കി ജില്ലയിലെ റിസ്ക് ഫണ്ട്

2731 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം റിസ്ക് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര എണ്ണം അനുവദിച്ചുവെന്നും എത്ര എണ്ണം നിരസിച്ചുവെന്നുമുള്ള വിശദാംശം മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ ആനുകൂല്യങ്ങളെപ്പറ്റി അറിവില്ലാത്തതിനാൽ അർഹരായവർക്ക് ഇത് പ്രയോജനപ്പെടുത്താൻ കഴിയാതെ പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അർഹരായവർക്കെല്ലാം പദ്ധതി പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**സഹകരണ നിക്ഷേപ യജ്ഞം**

2732 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം സഹകരണ നിക്ഷേപ യജ്ഞത്തിലൂടെ സഹകരണ ബാങ്കുകൾ സമാഹരിച്ച നിക്ഷേപം സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ ചില സഹകരണ ബാങ്കുകളുടെ അനാസ്ഥമൂലം ജനങ്ങളെ സഹകരണ മേഖലയ്ക്ക് എതിരാക്കുന്നതിനു ചില കേന്ദ്രങ്ങൾ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) സഹകരണ ബാങ്കുകളിലെ നിക്ഷേപം യഥാസമയം തിരിച്ച് നൽകുന്നതിന് ഉതകുന്നതരത്തിൽ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**സഹകരണ മേഖലയിൽ വിനോദ സഞ്ചാരത്തിന്റെ സാധ്യതകൾ**

2733 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ വിനോദസഞ്ചാരത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി സർക്കാർ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ വിശദാംശം നൽകാമോ;

(സി) ഇത്തരം സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ;

(ഡി) വിനോദസഞ്ചാര മേഖലയിലെ തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി സഹകരണമേഖലയിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**സഹകരണ പെൻഷൻ ബോർഡിന്റെ നിക്ഷേപം**

2734 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻ ബോർഡിന്റെ നിക്ഷേപം കേരളാ ബാങ്കിൽ നിന്നും ട്രഷറിയിലേക്ക് മാറ്റാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പെൻഷൻ ബോർഡിന്റെ നിക്ഷേപം ട്രഷറിയിലേക്ക് മാറ്റിയാൽ കേരള ബാങ്കിനും പെൻഷൻ ബോർഡിനും എത്ര കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) അഡ്മിനിസ്ട്രേഷൻ ചാർജ്ജ് ഇനത്തിൽ കേരള ബാങ്കിൽ നിന്നും പെൻഷൻ ബോർഡിലേക്ക് എത്ര കോടി രൂപയാണ് അടയ്ക്കാനുള്ളതെന്നും പ്രസ്തുത തുക എന്നത്തേക്ക് അടയ്ക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ഡി) സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് ഭരണ സമിതിയിൽ പെൻഷൻകാരുടെ പ്രതിനിധിയെ ഉൾപ്പെടുത്തുകയും പ്രതിപക്ഷ ട്രേഡ് യൂണിയനുകളിൽപ്പെട്ട പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ പ്രതിനിധിയെ ഉൾപ്പെടുത്താതിരിക്കുകയും ചെയ്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

## സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പദ്ധതി

2735 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്ക് ജീവനക്കാർക്ക് പെൻഷൻ പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) എല്ലാ ജീവനക്കാർക്കും ഒരേ പെൻഷൻ പദ്ധതിയാണോ നിലവിലുള്ളത്; വിശദാംശം നൽകുമോ;

(സി) ഏത് പെൻഷൻ സ്കീമിൽ ചേരണമെന്ന വിഷയത്തിൽ ബാങ്കിന് സ്വന്തമായി തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുമോ; വിശദാംശം നൽകുമോ;

(ഡി) ജീവനക്കാരിൽ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിഭാഗങ്ങളുണ്ടോ; എങ്കിൽ അവരെക്കൂടി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## കേരള ബാങ്കിലെ കാർഷിക വായ്പ

2736 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം സ്വർണം പണയം വച്ച് കേരള ബാങ്കിൽ നിന്നും കാർഷിക വായ്പ എടുത്തവർക്ക് അർഹമായ സബ്സിഡി തുക ലഭിച്ചിട്ടില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സബ്സിഡി തുക നൽകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

## സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് നടത്തിയ നിയമനങ്ങൾ

2737 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം -

സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് വഴി എത്ര നിയമനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ ബാങ്കുകളുടെ നിയമനങ്ങൾ പി.എസ്.സി. യ്ക്ക് വിട്ടുനൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## റബ്കോ സ്വീകരിച്ച നിക്ഷേപം

2738 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ ബാങ്കുകളിൽ നിന്ന് റബ്കോ സ്വീകരിച്ചിട്ടുള്ള നിക്ഷേപം എത്രയാണ്; പ്രസ്തുത നിക്ഷേപങ്ങൾക്ക് റബ്കോ കൃത്യമായി പലിശ നൽകാറുണ്ടോ; വിശദമാക്കുമോ;

(ബി) റബ്കോയ്ക്ക് നിലവിലുള്ള കടബാധ്യത എത്രയാണെന്നും പ്രസ്തുത ബാധ്യത കുറയ്ക്കാൻ സർക്കാർ എത്ര രൂപ നൽകിയെന്നും വ്യക്തമാക്കുമോ;

(സി) റബ്കോ നഷ്ടത്തിൽ വരാനുള്ള കാരണങ്ങളെക്കുറിച്ച് എന്തെങ്കിലും പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റബ്കോയ്ക്ക് ബിസിനസ് ഇതര ചെലവുകൾക്കായി തുക അനുവദിയ്ക്കുവാൻ അനുമതി നൽകിയത് ആരാണ്; വിശദമാക്കുമോ;

(ഡി) റബ്കോ കരുവന്നൂർ ബാങ്കിന് മുതലും പലിശയും ചേർത്ത് എത്ര രൂപയുടെ നിക്ഷേപം തിരികെ നൽകാനുണ്ടെന്ന് അറിയിക്കാമോ ?

## പുതിയ യുവജന സഹകരണ സംഘങ്ങൾ

2739 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പിലാക്കിയ യുവജന സഹകരണ സംഘങ്ങൾ എന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ എത്ര യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത യുവജന സഹകരണ സംഘങ്ങളിൽ എത്രയെണ്ണം നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കാമോ;

(സി) പുതിയ യുവജന സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകുമോ?

## കോങ്ങാട് മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ

2740 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു എന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## സഹകരണ സംഘം ജീവനക്കാർക്ക് ക്ഷാമബത്ത

2741 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘം ജീവനക്കാർക്ക് ക്ഷാമബത്ത നൽകുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; സർക്കാർ അനുമതി ലഭിക്കാത്തതിനാൽ ജീവനക്കാർക്ക് ക്ഷാമബത്ത ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജീവനക്കാർക്ക് ക്ഷാമബത്ത വിതരണം ചെയ്യേണ്ടത് അതത് സഹകരണ സംഘങ്ങളായിരുന്നിട്ടും ഇതിനായി സർക്കാർ അനുമതി നൽകാത്തതിന്റെ കാരണം അറിയിക്കാമോ; ഇക്കാര്യത്തിൽ നയപരമോ നിയമപരമോ ആയ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കാമോ;

(സി) സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്തതിനാൽ സഹകരണ സംഘം ജീവനക്കാർക്ക് കേന്ദ്രം പ്രഖ്യാപിക്കുന്ന മുറയ്ക്ക് തന്നെ ക്ഷാമബത്ത അനുവദിക്കുന്നത് പരിഗണിക്കാമോ; വ്യക്തമാക്കാമോ;

(ഡി) സഹകരണ ജീവനക്കാർക്ക് ക്ഷാമബത്ത നൽകേണ്ടി വരുന്നതോടെ സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത തകരുന്ന സാഹചര്യമുണ്ടോ; വിശദമാക്കാമോ?

## പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസ്സസ്സിംഗ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

2742 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ഇപ്രകാരം 2021, 2022, 2023 വർഷങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ?

## വാമനപുരം മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം

2743 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിലെ വിവിധ സഹകരണ സംഘങ്ങളിൽ നിന്ന് റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് എത്ര രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും സഹകരണ സംഘം തിരിച്ചുള്ള വിവരങ്ങൾ നൽകാമോ?

## പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നെല്ല് സംഭരണത്തിന് നൽകുന്ന സഹായം

2744 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിക്കുന്നതിന് സഹകരണ വകുപ്പ് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ സംഭരിക്കുന്ന നെല്ല് ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് സംഘങ്ങളുടെ കൂട്ടായ്മ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## യുവജന സംരഭക സഹകരണ സംഘാംഗങ്ങളുടെ പ്രായപരിധി

2745 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച യുവജന സംരംഭക സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ പ്രായപരിധി ഉൾപ്പടെ അംഗത്വം സംബന്ധിച്ച പൊതു നിബന്ധനകൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സംഘങ്ങളിൽ അംഗങ്ങളായ സംരംഭകരുടെ പ്രായപരിധി കഴിയുമ്പോൾ അവരെ സി ക്ലാസ് മെമ്പർമാരായി നിലനിർത്തുന്നതിനുള്ള നിയമ ഭേദഗതി പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ

2746 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിൽ ആലത്തൂർ മണ്ഡലത്തിൽ നിലവിൽ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ മണ്ഡലത്തിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ചു പോയ സംഘങ്ങൾ എത്രയെണ്ണമുണ്ടെന്നും അവ ഏതെല്ലാമാണെന്നും അവ ഏതൊക്കെ വിഭാഗത്തിൽപ്പെടുന്നുവെന്നും അവയുടെ ആസ്തി, ബാദ്ധ്യതകൾ എത്രയാണെന്നുമുള്ള വിശദാംശം നൽകാമോ;

(സി) ഈ സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യുന്നതിനോ മറ്റ് സംഘങ്ങൾ മുഖേന ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

## പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ ഏകീകൃത സോഫ്റ്റ് വെയറിന്റെ എസ്റ്റിമേറ്റ്

2747 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു പദ്ധതി ടെൻഡർ ചെയ്യുന്നതിന് മുൻപ് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന് സർക്കാരിന്റെ നടപടിക്രമങ്ങളിൽ നിഷ്കർഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടിക്രമങ്ങൾ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണോ നടത്തിയതെന്ന് വിശദമാക്കുമോ?

**റിസ്ക് ഫണ്ടിന് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

2748 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ടിന് അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങൾ അറിയിക്കാമോ;

(ബി) റിസ്ക് ഫണ്ട് അനുവദിക്കുന്ന സാഹചര്യങ്ങൾ വിശദമാക്കാമോ;

(സി) ലോൺ എടുക്കുന്ന സമയത്ത് റിസ്ക് ഫണ്ട് ഇനത്തിൽ ഈടാക്കുന്ന തുക വർധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) റിസ്ക് ഫണ്ട് അനുവദിക്കാത്തതും നഷ്ടപ്പെടുന്നതുമായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

**പുതുക്കാട് ടൗൺ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ പരിശോധന**

2749 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് ടൗൺ കോഓപ്പറേറ്റീവ് സൊസൈറ്റിയിൽ (ടി.ഡി.ആർ. 1036) സഹകരണ വകുപ്പ് പരിശോധന നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പരിശോധനയിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയനിലെ നഷ്ടം**

2750 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയനിൽ സീനിയർ ആഡിറ്റർ സുനിൽ കുമാർ വി. യും അസിസ്റ്റൻ്റ് ഡയറക്ടർ / കൺകറൻ്റ് ആഡിറ്റർ റസൂൽ ഖാൻ ഐ. യും ചേർന്ന് 2024 ജനവരി ഒന്നിന് സമർപ്പിച്ച 1969 ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 64 (10) പ്രകാരമുള്ള അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ടിൽ മേഖല യൂണിയന് 93,40,970/- രൂപ നഷ്ടമുണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ ?

**സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ**

2751 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെയും മറ്റ് ഏജൻസികളുടെയും അന്വേഷണത്തിൽ നിക്ഷേപ തട്ടിപ്പുകൾ, മറ്റു സാമ്പത്തിക ക്രമക്കേടുകൾ തുടങ്ങിയവ കണ്ടെത്തിയ സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) തുക നിക്ഷേപിച്ചവർക്ക് അത് പിൻവലിക്കാനാവാത്ത സാഹചര്യം നിലനിൽക്കുന്ന സഹകരണ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ, തുക പിൻവലിക്കാൻ സാധിക്കാതിരിക്കൽ, നിക്ഷേപ തട്ടിപ്പുകൾ എന്നിവ സംബന്ധിച്ച് സർക്കാറിന് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത പരാതികളിൽ തീർപ്പാക്കിയവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ഇ) ഇത്തരം സാമ്പത്തിക ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## കൺസ്യൂമർ ഫെഡ് വഴിയുള്ള വിൽപന

2752 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡ് 2023-24 വർഷത്തിൽ വിപണി ഇടപെടലുകളിലൂടെ എത്ര കോടി രൂപയുടെ വിൽപ്പന നടത്തിയിട്ടുണ്ടെന്നും ഇതിൽ അരിയുടെയും പലവ്യഞ്ജനങ്ങളുടെയും വിൽപന എത്ര ശതമാനമാണെന്നും അറിയിക്കാമോ?

## നീതി മെഡിക്കൽ സ്റ്റോറുകൾ

2753 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബുദ ബാധിതർക്കും ഡയാലിസിസ് ചെയ്യുന്നവർക്കും നീതി മെഡിക്കൽ സ്റ്റോറുകൾ വഴി കുറഞ്ഞ നിരക്കിൽ മരുന്നുകൾ വിതരണം ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കേപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ

2754 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുരോഗതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ വർഷം കേപ്പിന്റെ കോളേജുകളിൽ വിവിധ കോഴ്സുകളിലായി സംസ്ഥാനത്താകമാനം എത്ര സീറ്റുകൾ വീതം ഒഴിഞ്ഞുകിടന്നുവെന്ന് അറിയിക്കാമോ;

(സി) അഡ്മിഷൻ നടപടികൾ കൂടുതൽ സുതാര്യവും സമയബന്ധിതവുമായി പുനഃക്രമീകരിച്ചാൽ മുഴുവൻ സീറ്റുകളിലും അഡ്മിഷൻ നടത്താൻ

സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) കാലഹരണപ്പെട്ട കോഴ്സുകൾ നിർത്തലാക്കി കാലിക പ്രസക്തമായ കോഴ്സുകൾ ആരംഭിക്കുന്നതിനും കൂടുതൽ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
16-06-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].